‘ആവർത്തിക്കുന്ന സംസാരേ ചാവുന്നേവൻജനിച്ചിടാ
ഏവൻ കുലമുയർത്തിടുമവനത്രേ ജനിച്ചവൻ’


Kshatra Sandesam
Quarterly News Magazine of
Kshatriya Kshema Sabha
January - March 2010
Me 1185 Dhanu - Khumbham
Volume 10 Issue 1

ക്ഷാത്രസന്ദേശം
ക്ഷത്രിയ ക്ഷേമ സഭയുടെ
ത്രൈമാസ വാർത്താപത്രിക
ജനുവരി - മാർച്ച് 2010
1185 ധനു - കുംഭം
വാല്യം 10, ലക്കം 1


## വിഷയവിവരം


| | |
|---|---|
| പത്രാധിപക്കുറിപ്പ് | 1 |
| വായനക്കാരുടെ കത്തുകൾ | 2 |
| കൊടുങ്ങല്ലൂർ രാജവംശം | 3 |
| **വിദ്വാന്മാരും വിദുഷികളും** | |
| Indian Philosophy and the Holistic Perception of Reality in Science | 5 |
| **Dr. K.P. Rajappan** | |
| പനിനീർപ്പൂവിനോട് | 6 |
| **അരുന്ധതി** | |
| കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കാരാഗൃഹവാസത്തിനിടയാക്കിയ സാഹചര്യങ്ങൾ | 7 |
| **ഡോ. ബി.ആർ.ആർ. വർമ്മ** | |
| ദേവി | 9 |
| **ഡോ. കെ.സി.എം. രാജ** | |
| വേണാട് (തിരുവിതാംകൂർ രാജവംശം) | 11 |
| **ഡോ. ആർ.പി. രാജാ** | |
| Angkor wat and the Suryavarmans of Cambodia - Part II | 13 |
| **Dr. Lakshmi Raghunandan** | |
| ലഘുപാചകം | 15 |
| മുൻനാടുവാഴികൾക്ക് നീതി നിഷേധിക്കരുത് | 16 |
| **ദാമോദരസിംഹർ കെ.എൻ. കർത്താ** | |
| സർക്കാറിന്റെ മേലങ്കിയിൽ ഇപ്പോഴും രാജമുദ്ര | 18 |
| **ആത്മജവർമ്മ തമ്പുരാൻ** | |
| അമ്മ വരുവോളം | 19 |
| **ലളിത കെ. വർമ്മ** | |
| ശക്താനാം ഭൂഷണം ക്ഷമാ | 20 |
| **ചന്ദ്രാവലി തമ്പുരാൻ** | |
| പാരം പരാർത്ഥം | 23 |
| അകത്തളങ്ങളേ ആശ്വസിയ്ക്കൂ | 24 |
| **മാലിനി രവിവർമ്മ** | |
| സമസ്യ | 25 |
| എന്റെ ഗ്രാമം | 26 |
| **കെ. ഹരികൃഷ്ണവർമ്മ** | |
| ആഗമനം | 28 |
| **ഹൈമവതിവർമ്മ** | |
| പുസ്തകജാലകം | 30 |
| മൂഷികരാജവംശത്തിന്റെ ഉൽപ്പത്തി | 31 |
| **നളിനിരവിവർമ്മ** | |
| വളരുന്ന പ്രതിഭകൾ | 32 |
| ബാലവേദി | 33 |
| വാർത്തകൾ - വിശേഷങ്ങൾ | 34 |
| വൈവാഹികം | 45 |


പത്രാധിപക്കുറിപ്പ്

# യുവതലമുറയുടെ പങ്ക് നിർണ്ണായകം

സഭയുടെ സമീപകാല പ്രവർത്തനങ്ങളിൽ ആശാവഹമായ ചില പുരോഗതികൾ കൈവരിക്കാൻ കഴിഞ്ഞത് സ്വാഗതാർഹമാണ് ഒപ്പം അഭിനന്ദനീയവും. വെള്ളാരപ്പള്ളിയും കണ്ണൂരും കേന്ദ്രീകരിച്ച് ഓരോ പുതിയ യൂണിറ്റുകൾ രൂപീകൃതമായതും ഒരു ചിരകാലാഭിലാഷമായിരുന്ന ചാരിറ്റബിൾ ട്രസ്റ്റ് (റിയാക്ട്) നിലവിൽ വന്നതും ഇവിടെ പ്രത്യേകം പരാമർശമർഹിക്കുന്നു. ഈ നേട്ടത്തിന് പ്രേരകമായത് നമ്മുടെ യുവതീ യുവാക്കളിൽപ്പെട്ട പലരുടെയും കൂട്ടായ ശ്രമമാണെന്നത് ഏറെ പ്രശംസനീയം തന്നെ. മലബാർ മേഖലയിലും അതുപോലെതന്നെ തെക്കൻ കേരളത്തിലും കൂടുതൽ പ്രാദേശിക സഭകൾ രൂപീകരിക്കേണ്ടതുണ്ട്. സമീപഭാവിയിൽ അഞ്ചോ ആറോ പുതിയ യൂണിറ്റുകൾ രൂപീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. ചെറുപ്പക്കാർ പ്രവർത്തനരംഗത്ത് സജീവമായാൽ ഇത് നിഷ്പ്രയാസം സാധിക്കും എന്നതിൽ സംശയമില്ല.

സ്കോളർഷിപ്പ് ഗുണഭോക്താക്കളെ ഏകോപിപ്പിച്ചു കൊണ്ടും അവരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടും ലക്ഷ്യം കൈവരിക്കാനുള്ള ശ്രമങ്ങൾ നടത്തിയേ തീരൂ. തിരുവിതാംകൂർ രാജകുടുംബത്തിന്റെ സഹായത്തോടെ കഴിഞ്ഞ പന്ത്രണ്ട് വർഷങ്ങളിലായി അൻപതോളം സമുദായാംഗങ്ങൾ ഇതിന്റെ ഗുണഭോക്താക്കളായിരിക്കുന്നു. ഏകദേശം പതിന്നാല് ലക്ഷം രൂപാ ഈ ഇനത്തിൽ നൽക്കഴിഞ്ഞിട്ടുമുണ്ട്. ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിക്കൊണ്ട് പഠിച്ച് വിജയികളായി ഉദ്യോഗം ലഭിച്ച യുവതീയുവാക്കളുടെ സഹകരണം ലഭ്യമാക്കാൻ അവരുടെ രക്ഷകർത്താക്കളും സഭാനേതൃത്വവും മുൻകൈ എടുക്കേണ്ടതുണ്ട്.


പത്രാധിപ സമിതി
എം. രവിവർമ്മ രാജാ
*മുഖ്യപത്രാധിപർ*
ഡോ. എഴുമറ്റൂർ രാജരാജവർമ്മ
ദിനേശ്
ജി രാമവർമ്മ
ടി.എൻ. ആദിത്യവർമ്മ തമ്പാൻ
ആർ. കിഷോർ കുമാർ വർമ്മ

ഓഫീസ് നിർവഹണം : എ. ഉദയവർമ്മ, ആർ. രാജരാജവർമ്മ, വത്സലാരവിവർമ്മ
മുഖചിത്രം : കണ്ണന്റെ കമനീയരൂപം കണികണ്ടുണരാൻ.

## വായനക്കാരുടെ കത്തുകൾ



അനന്തപുരം കൊട്ടാരത്തിലെ ഊട്ടുപുരയോടുചേർന്നുള്ള കിണറിന്റെ മുകളിൽ പതിച്ചിട്ടുള്ള കരിങ്കല്ലിൽ, ഗൃഹപ്രവേശത്തെക്കുറിച്ച് ഒരു ശ്ലോകം കൊത്തിവച്ചിരിക്കുന്നു. അത് തേഞ്ഞുമാഞ്ഞുപോകാറായപ്പോൾ പകർത്തി വെയ്ക്കുകയുണ്ടായി. ആ ശ്ലോകം താഴെചേർക്കുന്നു.

*കോളംബേ ശാസ്ത്ര വേദാംബരഹിമഗുമിതേ*
*വത്സരേതൗലിമാസേ*
*തിഥ്യംശേസൂര്യവാരേപശുകരണലസൽ*
*ശുക്ല സപ്തവ്യുപേതേ*
*വിശ്വക്ഷേƒനന്തപുര്യാം അഭിനവരചിത*
*ശ്രീ മഹാരാജധാന്യാം*
*കന്യാരാശൗ സ പർപ്പക്ഷിതി പതിരകരോൽ*
*ഹന്തപൂർവ്വപ്രവേശം (ആദ്യപ്രവേശനം)*

ഇതുപ്രകാരം 1046 തുലാമാംസ 15–ാം തീയതി (AD 1870 ഒക്ടോബർ 2) യാണ് ഗൃഹപ്രവേശം നടന്നത്.

കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ

### നവവത്സരാശംസ – വഞ്ചിപ്പാട്ട്

*രണ്ടായിരത്തൊമ്പതാമീവഞ്ചിയതി വേഗമോടെ*
*രണ്ടായിരപ്പത്തിലെത്താൻ കുതികൊള്ളുന്നു.*
*ഓളങ്ങളിൽ* വീണിടാതെ, ആഴത്തിങ്കൽപ്പതിക്കാതെ
വള്ളമിതിൽക്കരേറുക സഹോദരരെ
പരസ്പരകൂട്ടായ്മയായ് വഞ്ചിയിങ്കൽക്കരേറുക
ഒരുമിച്ചുതുഴയുക, ലക്ഷ്യത്തിലെത്താം
ക്ഷാത്രവൃത്തി സോദരരീ വഞ്ചിപ്പാട്ടു പാടിക്കൊണ്ട്
തീർത്തും നല്ല കാര്യം ചെയ്ക പുതുവർഷത്തിൽ

◆ ◆ ◆ ◆

### വിലയും വലയും

വില കൂടിക്കൂടി വന്നാൽ വലയും – വല
യിതപ്പെടാതിരിക്കാനെന്തു വഴി
വലയം തീർത്താൽ മതിയോ?
ഇങ്ങിനെ പോയാൽ വല കൂടി
വലഞ്ഞ് വലയറ്റു പോകും, വിലയറ്റു പോകും
(പത്രാധിപർ സൂചിപ്പിച്ച വിലക്കയറ്റത്തെക്കുറിച്ച് ചിന്തിച്ചപ്പോൾ)

കുട്ടിയനിയൻ രാജ

## മഹാറാണി സേതുപാർവ്വതീഭായി സ്മാരക വിദ്യാഭ്യാസ സ്കോളർഷിപ്പ്

ക്ഷത്രിയക്ഷേമസഭയുടെ 2009-2010 അദ്ധ്യയന വർഷത്തേയ്ക്കുള്ള മഹാറാണി സേതുപാർവ്വതീഭായി വിദ്യാഭ്യാസ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. എൻജിനീയറിംഗ്/മെഡിസിൻ വിഷയങ്ങളിൽ ഓരോന്നും ബി.എ., ബി.എസ്.സി, ബി.കോം ഡിഗ്രിക്ക് ഒരെണ്ണവും, ഫൈൻ ആർട്സിൽ (സംഗീതം, നൃത്തം, ചിത്രരചന) ഒരെണ്ണത്തിനുമായി നാലു സ്കോളർഷിപ്പുകളാണ് നൽകുക. അപേക്ഷകൾ ക്ഷത്രിയക്ഷേമസഭയുടെ പ്രാദേശിക സഭകൾ മുഖേന സ്പോൺസർ ചെയ്യുന്നവ ആയിരിക്കണം. ഒന്നാംവർഷ ഡിഗ്രി കോഴ്സിന് പ്രവേശനം ലഭിച്ചവരുടെ അപേക്ഷകളാണ് പരിഗണിക്കുക. പ്ലസ്ടു, എൻട്രൻസ് പരീക്ഷകളിൽ ലഭിച്ച മാർക്കും രക്ഷകർത്താക്കളുടെ സാമ്പത്തിക നിലവാരവും സ്കോളർഷിപ്പിനുള്ള അർഹത നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങളായിരിക്കും. നിശ്ചിതഫാറങ്ങൾ ക്ഷത്രിയക്ഷേമസഭയുടെ പ്രാദേശിക യൂണിറ്റുകൾ വഴിയും, സെക്രട്ടറി, ക്ഷത്രിയക്ഷേമസഭ, സുന്ദരവിലാസം കൊട്ടാരം, കോട്ടയ്ക്കകം, തിരുവനന്തപുരം-23 എന്ന വിലാസത്തിലും ലഭിക്കും. സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, പ്രവേശനം ലഭിച്ചതിനുള്ള രേഖകൾ എന്നിവ സഹിതം അപേക്ഷകൾ ഏപ്രിൽ 30ന് മുമ്പ് മേൽപ്പറഞ്ഞ വിലാസത്തിൽ ലഭിച്ചിരിക്കണം.

## ക്ഷാത്രസന്ദേശം പുതുക്കിയ പരസ്യനിരക്കുകൾ

| | |
|---|---|
| പുറം കവർ (കളർ) | Rs. 2000/- |
| അകം കവർ (Front) | Rs. 1500/- |
| അകം കവർ (Back) | Rs. 1500/- |
| Full Page (B/w) | Rs. 1000/- |
| Half Page (B/w) | Rs. 500/- |
| വൈവാഹികം (Box ഒന്നിന്) | Rs.300/- |

ഏപ്രിൽ ലക്കം മുതൽ പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വരും.

കേരളത്തിലെ രാജവംശങ്ങൾ

# കൊടുങ്ങല്ലൂർ രാജവംശം
## (ഏഴാം ഭാഗം)
# വിദ്വാന്മാരും വിദുഷികളും

**കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ**

കഴിഞ്ഞ ലക്കം തുടർച്ച

**II.** കുഞ്ഞിക്കുട്ടി തമ്പുരാട്ടി മകൻ ഗോദവർമ്മ തമ്പുരാൻ കൊല്ലവർഷം 1036 മിഥുനം 19ന് ജനിച്ചു. കൊ.വ. 1108 ധനു മാസത്തിൽ മൂപ്പു സിദ്ധിച്ച് വലിയ തമ്പുരാനായി. 1109 കുംഭമാസം 15ന് (A.D. 1934 ഫെബ്രുവരി 27) മരിച്ചു. അച്ഛൻ ഇളങ്കുറിശ്ശി നാരായണൻ നമ്പൂതിരി. മുൻപറഞ്ഞ കുഞ്ഞുണ്ണി തമ്പുരാന്റെ മകളാണ് ഇദ്ദേഹത്തിന്റെ ഭാര്യ.

ഭട്ടൻതമ്പുരാൻ എന്ന പേരിലാണ് ഇദ്ദേഹം അറിയപ്പെട്ടിരുന്നത്. ഇദ്ദേഹം ഒരു നല്ല സംസ്കൃത പണ്ഡിതനായിരുന്നു. സ്വാമി വിവേകാനന്ദൻ കൊടുങ്ങല്ലൂർ സന്ദർശിച്ചപ്പോൾ ഇദ്ദേഹം കൊച്ചുണ്ണി തമ്പുരാനോടൊപ്പം സ്വാമിജിയുമായി സംസ്കൃതത്തിൽ സംഭാഷണം നടത്തുകയുണ്ടായി. (Life of Vivekananda Page 326) തർക്കശാസ്ത്രം, സ്മൃതി മുതലായവയിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന പാണ്ഡിത്യത്തെ പരിഗണിച്ച്, ബ്രിട്ടീഷു ഗവർമെന്റ്, ഇദ്ദേഹത്തിന് 'മഹാമഹോപാദ്ധ്യായ' ബിരുദം നൽകി. പണ്ഡിതസദസ്സുകളിൽ, സംവാദം നടത്തി പാണ്ഡിത്യം തെളിക്കുന്നവർക്കുള്ള ബഹുമതിയായ 'ഭട്ടസ്ഥാനം ലഭിച്ചതിനെത്തുടർന്ന്, ഇദ്ദേഹം 'ഭട്ടൻ' തമ്പുരാൻ എന്നറിയപ്പെടാനിടയായി.

സാമൂതിരിപ്പാടിന്റെ നേതൃത്വത്തിൽ, കോഴിക്കോട് തളി ക്ഷേത്രത്തിൽ വെച്ച് നടത്തിയിരുന്ന 'ഭട്ടസ്ഥാന'ത്തെക്കുറിച്ച് അറിഞ്ഞിട്ടുള്ള ഒരു വിവരം കുറിക്കുന്നു.

ഒരിക്കൽ പണ്ഡിതസദസ്സ് കൂടിയിരുന്ന അവസരത്തിൽ 'പലായദ്ധ്വം പലായദ്ധ്വം രേരേ ദുഷ്കവികുഞ്ജരാ: വേദാന്തവനസഞ്ചാരീ ആയാത്യുദ്ദണ്ഡകേസരീ' എന്നുൽഘോഷിച്ചുകൊണ്ട്, ഉദ്ദണ്ഡശാസ്ത്രികൾ സദസ്സിലെത്തി. സംവാദത്തിനൊരുങ്ങിവന്ന ഹ്രസ്വകായനായ 'കാക്കശ്ശേരി' നമ്പൂതിരിയെക്കണ്ട് 'ആകാരോഹ്രസ്വ:' എന്ന ദ്ദേഹം പരിഹസിച്ചു. 'ആകാരോ ദീർഘ:' എന്നു നമ്പൂതിരി പ്രതിവദിച്ചു. തുടർന്നുണ്ടായ സംവാദത്തിൽ കാക്കശ്ശേരി നമ്പൂതിരി 'ഭട്ടസ്ഥാ നം' നേടി, ഭട്ടതിരി എന്നറിയാനിടയായി. 'ഭട്ടതിരി' 'പട്ടേരി' യായതു പോലെ 'ഭട്ടസ്ഥാനം' 'പട്ടത്താന'മായിത്തീർന്നു.

ഭട്ടൻതമ്പുരാൻ കാവ്യ–നാടകാലങ്കാരാദികൾ പഠിച്ചുതുടങ്ങിയത് ശക്രൻ ഗോദവർമ്മ തമ്പുരാന്റെ കീഴിലാണ്. അദ്ദേഹത്തിന്റെ മരണശേഷം, അനുജൻ കുഞ്ഞുണ്ണിതമ്പുരാന്റെ കീഴിലായി പഠനം. കുംഭകോണം കൃഷ്ണശാസ്ത്രികളുടെ കീഴിലാണ് വ്യാകരണം പഠിച്ചത്. വലിയ കൊച്ചുണ്ണി തമ്പുരാന്റെ കീഴിൽ തർക്കം പഠിച്ചു. ചൊറോട്ടൂരു–മുണ്ടനാട്ട് ശങ്കരനാരായണൻ നമ്പൂതിരിയുടെ ശിക്ഷണത്തിൽ 'ന്യായശാസ്ത്രം' (സ്മൃതി) പഠിച്ചു.

ഇദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ പ്രമുഖർ ആറ്റൂർകൃഷ്ണപിഷാരടി, താർക്കികതിലകൻ മാന്തിട്ടകുഞ്ചു നമ്പൂതിരി (വിദ്വാൻ മാന്തിട്ട)എന്നിവരാണ്.

ചാക്യാർകൂത്തിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന ഭ്രമം വ്യക്തമാക്കുന്ന ഒരു സംഭവം:

മാണി കുടുംബത്തിലെ മാധവചാക്യാർ ഒരു ദിവസം കൊടുങ്ങല്ലൂർ ഭഗവതിയെ ദർശിച്ചശേഷം, പുത്തൻകോവിലകത്തെ പുത്തൻ ബംഗ്ലാവിലെത്തി. ആ സമയം ഭട്ടൻതമ്പുരാൻ, ശിഷ്യനായ മാന്തിട്ട നമ്പൂതിരിയുമായി ചതുരംഗം കളിയിലേർപ്പെട്ടിരിക്കുകയായിരുന്നു. ആഗതനെ കണ്ടപ്പോൾ ആരാണെന്ന് തമ്പുരാൻ തിരക്കി. മാണി കുടുംബത്തിലെ ഒരംഗമാണെന്നാഗതൻ പറഞ്ഞു. പരമേശ്വരചാക്യാരുടെ ആരാണെന്ന തമ്പുരാന്റെ അടുത്ത ചോദ്യത്തിന്, മരുമകൻ മാധവനാണെന്ന് ചാക്യാർ പറഞ്ഞു. ചാക്യാർക്ക് ആഹാരം നല്കിയശേഷം, 'ചാക്യാർ വന്നാൽ കൂത്തു പറയുക പതിവാണ്' എന്നു തമ്പുരാൻ പറഞ്ഞു. ഒരാഴ്ച കഴിഞ്ഞ് ഒരുങ്ങി വന്നോളൂ, വേദി ഒരുക്കാമെന്ന ദ്ദേഹം ചാക്യാരെ അറിയിച്ചു.

ഒരാഴ്ച കഴിഞ്ഞപ്പോൾ മാധവ ചാക്യാർ, പരിവാരസമേതം കൂത്തു പറയാനെത്തി. കോവില

കത്തിനടുത്തുള്ള ശൃംഗപുരം ശിവക്ഷേത്രത്തിന്റെ മതിൽക്കകത്തൊരുക്കിയ വേദിയിൽ കൂത്തു പറഞ്ഞു തുടങ്ങി. ഉച്ചയ്ക്ക് രണ്ടു മണി മുതൽ 5 മണി വരെയായിരുന്നു കൂത്ത്. 'ഭഗവൽദൂതി'ലെ രണ്ടാമത്തെ ശ്ലോകം ചൊല്ലി അർത്ഥം പറഞ്ഞുതുടങ്ങി. 'പ്രസന്നേഹരേയുക്തംയൽ' 'ക്രുദ്ധേ ധനഞ്ജയേയുക്തം യൽ' എന്നതിനു സാധാരണയായി ചാക്യാന്മാർ അർത്ഥം പറയുന്നതിനു പുറമെ, 'ശിവൻ പ്രസാദിക്കുകയും, അഗ്നി കോപിക്കുകയും ചെയ്താൽ എന്താണ് സംഭവിക്കുക എന്നൊരർത്ഥം കൂടി മാധവചാക്യാർ പറഞ്ഞു. 'ധനഞ്ജയ ശബ്ദത്തിന് അർജ്ജുനനെന്നും, അഗ്നിയെന്നും, ഒരേസയമം അർത്ഥം പറഞ്ഞു ഫലിപ്പിച്ച മാധവന്റെ ഔചിത്യം കേമമായി' എന്നഭിപ്രായപ്പെട്ടുകൊണ്ട് തമ്പുരാൻ തന്റെ വിരലിൽക്കിടന്നിരുന്ന മോതിരം ഊരി ചാക്യാർക്ക് സമ്മാനിച്ചു.

കാത്തോള്ളിൽ കാർത്തികേയമേനോൻ പറഞ്ഞ ഒരു സംഭവത്തിൽ നിന്നും തമ്പുരാൻ ഒരു തികഞ്ഞ യാഥാസ്ഥിതിക മനസ്ഥിതിക്കാരനാണെന്ന് വ്യക്തമാകും.

ഭട്ടൻതമ്പുരാന്റെ അനന്തിരവന്മാരായ, കുഞ്ഞിരാമവർമ്മ, കൊച്ചുണ്ണി, കുഞ്ഞുണ്ണി എന്നീ തമ്പുരാക്കന്മാർ, കോളേജിൽ ചേർന്ന അവസരത്തിൽ കുടുമ മുറിക്കുകയുണ്ടായി. അതിനാൽ ഭട്ടൻ തമ്പുരാൻ അവർക്ക് ഭ്രഷ്ട് കല്പിക്കുകയും അവരോട് ഉരിയാടാതെയാവുകയും ചെയ്തു. ഭട്ടൻ തമ്പുരാൻ പകൽ കഴിച്ചിരുന്നത് പുത്തൻ ബംഗ്ലാവിലെ താഴത്തെ വടക്കെമുറിയിലായിരുന്നു. ഈ മുറിയുടെ നേരെ മുകളിലായിരുന്നു, അനന്തിരവന്മാർ താമസിച്ചിരുന്നത്. അവർ അവിടെ തുള്ളിചാടി ബഹളമുണ്ടാക്കി. തമ്പുരാന്റെ ഉച്ച ഉറക്കത്തിന് തടസ്സമുണ്ടാക്കുമായിരുന്നു. സഹികെട്ടപ്പോൾ ഭട്ടൻ തമ്പുരാൻ, പഴയ ബംഗ്ലാവിൽ താമസിച്ചിരുന്ന ചെറിയ കൊച്ചുണ്ണി തമ്പുരാന്റെയടുത്ത് നിവേദനവുമായി ചെന്നു. വിവരങ്ങൾ ചോദിച്ചറിഞ്ഞ കൊച്ചുണ്ണി തമ്പുരാൻ 'താൻ ഇവർക്ക് പഠിക്കുവാൻ ചിലവിനു കൊടുക്കുന്നുണ്ടോ' എന്നു ചോദിച്ചു. ഇല്ല എന്ന് ഭട്ടൻ തമ്പുരാൻ മറുപടി പറഞ്ഞു. അക്കാലത്ത് കോവിലകാംഗങ്ങളുടെ വിദ്യാഭ്യാസച്ചെലവ് കൊച്ചി സർക്കാരാണ് വഹിച്ചിരുന്നത്. 'തന്റെ മകൻ ശങ്കരന്റെ വിദ്യാഭ്യാസച്ചിലവ് വഹിക്കുന്നത് താനല്ലേ' എന്ന കൊച്ചുണ്ണി തമ്പുരാന്റെ ചോദ്യത്തിന്, അതെയെന്ന് ഭട്ടൻ തമ്പുരാൻ മറുപടി പറഞ്ഞു. 'കുടുമ മുറിച്ച ശങ്കരനെ താൻ ഭ്രഷ്ടനാക്കിയില്ലല്ലോ; അതുകൊണ്ട് ഇവരെ ഭ്രഷ്ടരാക്കാൻ തനിക്കധികാരമില്ല' എന്ന കൊച്ചുണ്ണി തമ്പുരാൻ വിധിച്ചു.

കോളേജിൽ പഠിക്കാൻ പോകുമ്പോൾ, അദ്ധ്യാപകരേയും സഹപാഠികളേയും പോലെ ചിലതെല്ലാം ചെയ്യേണ്ടിവരുമെന്നും, അതിൽ പരിഭവിച്ചിട്ടു കാര്യമില്ലെന്നും കൊച്ചുണ്ണി തമ്പുരാൻ ഭട്ടൻ തമ്പുരാനെ പറഞ്ഞുബോധ്യപ്പെടുത്തി. കൂട്ടത്തിൽ, കുട്ടികളെ വിളിച്ച്, അമ്മാമന്റെ മനഃസ്ഥിതി മനസ്സിലാക്കി പെരുമാറേണ്ടതുണ്ടെന്ന് അവരോടു പറഞ്ഞു പ്രശ്നം പരിഹരിച്ചു.

ഈ തമ്പുരാൻ സംസ്കൃതത്തിൽ മാത്രമേ കൃതികൾ രചിച്ചിട്ടുള്ളു. (1) സംസ്കൃത പ്രമാണ വാദവ്യാഖ്യാനം (2) സ്മാർത്ത പ്രായശ്ചിത്ത വ്യാഖ്യാനം (3) ഉപകാര പ്രവേശിക (4) ഭാഗവത പ്രഥമ ശ്ലോകവ്യാഖ്യാനം (5) ന്യായരത്നാവലി വ്യാഖ്യാനം (6) ശക്തിതത്വ പ്രകാശിക (7) ഉൽപത്തി വേദകാരികാ എന്നിവയാണാകൃതികൾ.

*(തുടരും)*


# ഒന്നാം ശ്രാദ്ധദിനം



**സി. ആർ. രാഘവവർമ്മ**

**(രഘു)**

**വങ്ങാട്ടുമഠം**

**കരിവെള്ളൂർ**

**സ്നേഹാർദ്രമായ**

**ഓർമകൾക്ക് മുന്നിൽ**

**ആദരാഞ്ജലികളോടെ**

**ഭാര്യ, മക്കൾ, മരുമക്കൾ,**

**പേരമക്കൾ**




*ശേഷം പേജ് 6–ൽ*

(ശാസ്ത്രലേഖന പരമ്പര- XVI)

# Indian Philosophy and the Holistic perception of Reality in Science

Dr. K.P. Rajappan

एकं सद् विप्रा बहुधा वदन्ति ।

RgVeda 1.164-46. 'The One Being the wise call by many names.'

At the turn of the last century, physics entered into a new world, the invisible silent world of atoms, atomic nuclei and elementary particles. During this period a new theory had been serving the physicists faithfully. This new theory known as Quantum mechanics had to create new concepts for the world of ultra small, bizarre concepts beyond the scope of pictorial images.

This branch of science originated when its foundations were laid in 1924 by Louis de Broglie, who discovered the corpuscular wave nature of microphysical bodies. The subject-matter of quantum mechanics took a final shape when it was comprehensively outlined from 1925 to 1927 by other scientists, among them, Schrodinger and Heisenberg. The essence of it is the under standing of the corpuscular - wave dualism the uncertainty principle, etc. something that is directly connected with the elaboration of the concept of the quantum of action. We find, therefore, that the subject-matter of quantum mechanics, as compared with that of classical physics, is a deeper level of matter, with processes going beyond the framework of the uniformities discovered by classical physics. Indeed, in contrast to the latter, the behaviour of the individual particle in quantum mechanics has always a statistical (probability) character. Accord ingly, concepts of classical physics, like trajectory of motion, causality etc., require a different interpretation.

As quantum mechanics penetrates deeper into its subject matter, making use of the discoveries of Dirac (Dirac's equation expressing the nature of high velocities and taking account of the requirements of the theory of relativity), Schrodinger (Schrodinger's equation bearing on relatively low velocities), and so on, it has made considerable advances in fairly short period, having succeeded in explaining the wide range of processes, which was insistently required by classical physics, chemistry, biology and other sciences. It explained, for instance the nature of radioactivity and the structure of the atom.

In addition, quantum mechanics boldly lifted one veil after another over its subject-matter, helping to elaborate a number of philosophical problems of ideological and methodological importance, such as the relation ship between the subject and the object, potentiality and reality determinism and indeterminism, chance and necessity, physical 'observability' and mathematical formalism, physical knowledge etc.

The idea that the atom is the indivisible building block of nature was proposed some four hundred years before Christ, but until the late 1800s it remained just an idea when Physicists developed the technology to observe the effects of atomic phenomena, thereby 'providing' that atoms exist. They argued that the theoretical existence of atoms was the best explanation of experimental data that anyone could invent at the time. They also proved that the atoms are not indivisible but themselves are made of smaller particles, such as electrons, protons and neutrons. These new particles were labelled 'elementary particles' (microparticles) because physicists believed that at last

they really discovered the ultimate building blocks of the universe. We face a similar situation whenever we ask of something 'what is it made of'? The answer is always something to which we can apply the same question.

For example, suppose we ask of a match stick, what is it made of? The answer, of course, is 'wood'. We then ask what is wood made of ? If we examine closely we can say that wood is made of fibres, but what the fibres are made of is another question; and so on.

Physicists have pursued tenaciously this endless series of questions. Their findings are startling. If we take the example of wood, fibres, we find that, they are actually patterns of cells. When we magnify them they appear as patterns of molecules which when magnified, turn out to be atoms and lastly we see that atoms are patterns of sub-atomic particles. In short, 'matter' is actually a series of 'patterns out of focus'. Thus our ultimate search for the stuff with which the universe is made of, ends with the marvellous discovery that there is not any. ●

# പനിനീർപ്പൂവിനോട്



## അരുന്ധതി

*എങ്ങിനെ വർണ്ണിക്കേണ്ടു നിൻമുഗ്ധസൗന്ദര്യത്തെ*
*എങ്ങിനെ സുകരേണ്ടുനിന്നിലെയമൃതിനേ*
*നിനക്കു സൗരഭ്യവും വർണ്ണഭംഗിയും തന്ന*
*സ്രഷ്ടാവിൻ കരങ്ങളേസാദരം പ്രണമിപ്പൂ*
*എന്നാത്മ പ്രഹർഷത്തേക്കുറിക്കാൻ ശ്രമിക്കവേ*
*എന്നുള്ളം നിറയുന്നു നിന്നുടെ സുഗന്ധത്താൽ*
*കേവലമൊരു കൊച്ചുപൂവിനാകുമോ മർത്ത്യ*
*മാനസം മയക്കുവാൻ കവിത വിരിയിക്കാൻ*
*ഇന്നലെവരേയും നീ കൂമ്പില മൊട്ടായിരുന്നി–*
*ന്നുനിൻ സൗന്ദര്യവും വർണ്ണരാജിയും കാൺകെ*
*എന്മനം കൊതിക്കുന്നു നിന്നെയൊന്നാശ്ലേഷിക്കാൻ*
*എൻ കൈകൾ തരിക്കുന്നു നിന്നെയൊന്നിറുക്കുവാൻ*
*അമ്മതന്നങ്കേ കിടന്നമ്മിഞ്ഞനുകരുന്ന*
*കുഞ്ഞിന്റെയിളംചുണ്ടിൽ വിരിയും സ്മിതം പോലെ*
*അർക്കരശ്മികൾ മെല്ലെത്തഴുകുന്നേരം നീയും*
*പുഞ്ചിരിവിടർത്തി നിന്നാടുന്നിതിളംകാറ്റിൽ*
*ചെമ്പകം, കുറുമൊഴി, പിച്ചകമിവയ്ക്കെല്ലാം*
*മുമ്പിലായ് സുഗന്ധത്താൽ വിലസി വിളങ്ങീടും*
*'ഉദ്യാനറാണി'യാകും പനിനീർപ്പൂവിന്റെയീ*
*ഹൃദ്യമാം പരിമളം പടർന്നൂ കുളിർകാറ്റിൽ*

*കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ...*

കൊണ്ടുള്ള ഒരു ജീവിതമാണ് അവർ നയിച്ചത്.

റാണിയുടെ ദയനീയമായ സ്ഥിതിയേയും കേരളവർമ്മയുടെ യാതനാമയമായ കഷ്ടാനുഭവങ്ങളേയും കുറിച്ച് അറിഞ്ഞ് വിശാഖം തിരുനാൾ അത്യന്തം ദുഃഖിച്ചു. എന്നാൽ യാതൊരു പ്രതിവിധിയും കണ്ടെത്താൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. തന്നെ യുവരാജപദവിയിൽ നിന്നു നിഷ്ക്കാസനം ചെയ്യാൻ കൂടി മാർഗ്ഗം ആലോചിച്ചുകൊണ്ടിരിക്കുന്ന ജ്യേഷ്ഠന്റെ അടുക്കൽ ഭാഗിനേയിക്കുംഅവരുടെ ഭർത്താവിനും വേണ്ടി എന്തെങ്കിലും നിവേദനം ചെയ്യുന്നതിന്റെ വിഫലതയെക്കുറിച്ച് അദ്ദേഹത്തിന് യാതൊരു സംശയവുമില്ലായിരുന്നു. വിശേഷിച്ചും മുൻ നിവേദനങ്ങൾ ഒന്നും ശ്രദ്ധിക്കപ്പെടാതിരുന്ന നിലക്ക്. എങ്കിലും ചുരുക്കം സന്ദർഭങ്ങളിൽ സൗകര്യം ലഭിച്ചപ്പോഴെല്ലാം സ്വബന്ധുക്കൾ മുഖാന്തിരം റാണിയെ സാന്ത്വനപ്പെടുത്താൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കാതിരുന്നില്ല. ഈശ്വരകൃപയാൽ ശോഭനമായ ഒരു ഭാവി അവരെ അനുഗ്രഹിക്കാതിരിക്കയില്ലെന്ന് അദ്ദേഹം ഉറപ്പു പറഞ്ഞു.

(തുടരും)

# കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കാരാഗൃഹവാസത്തിനിടയാക്കിയ സാഹചര്യങ്ങൾ

(തുടർച്ച...)

സമ്പാ: ഡോ.ബി.ആർ.ആർ. വർമ്മ

# ശ്രീ വിശാഖ പ്രസാദാൽ

തിരുവനന്തപുരത്ത് വള്ളക്കടവിൽ സജ്ജമാക്കപ്പെട്ടിരുന്ന പതിനെട്ടു തണ്ടു വച്ച സർക്കാർ യാത്രാ വഞ്ചിയിലേക്കാണ് ബന്ധനസ്ഥനായ കേരളവർമ്മ ആനയിക്കപ്പെട്ടത്. രണ്ടു പോലീസ് ഉദ്യോഗസ്ഥന്മാരും ഏതാനും കോൺസ്റ്റബിൾമാരും കൂടി ആ വഞ്ചിയിൽ ഉണ്ടായിരുന്നു. കുറ്റവാളിയുടേയെന്ന പോലെ കേരളവർമ്മയുടെ കൈകൾ അപ്പോഴും വിലങ്ങു കൊണ്ട് ബദ്ധങ്ങളായിരുന്നു. കായലുകളിലൂടെ വഞ്ചിയിലൂള്ള യാത്രയ്ക്കിടയ്ക്ക് കുറ്റവാളി വെള്ളത്തിൽ ചാടി ആത്മഹത്യയ്ക്കു മുതിരാതെ സൂക്ഷിച്ചു കൊള്ളണമെന്ന് ചുമതലപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാർക്ക് രഹസ്യമായ നിർദ്ദേശമുണ്ടായിരുന്നതായും പറയപ്പെടുന്നു. ആലപ്പുഴയ്ക്കാണ് യാത്രയെന്ന് അവ്യക്തമായ ഒരു സൂചന മാത്രമേ പോലീസുദ്യോഗസ്ഥന്മാരിൽ നിന്നു കേരളവർമ്മയ്ക്ക് ലഭിച്ചിരുന്നുള്ളു. വലിയ കോയിത്തമ്പുരാനെന്ന നിലയിൽ രാജകീയമായ സകല സജ്ജീകരണങ്ങളോടും കൂടി പള്ളിബോട്ടുകളിൽ പ്രേയസിയായ മഹാറാണിയോടൊന്നിച്ച് വർക്കല, അമ്പലപ്പുഴ, വൈക്കം മുതലായ ക്ഷേത്രങ്ങൾ സന്ദർശിക്കാനും മറ്റു ചിലപ്പോൾ തനിയെ ഹരിപ്പാട്ട് സ്വന്തം കൊട്ടാരത്തിലേക്കും എത്രയോ പ്രാവശ്യം അദ്ദേഹം യാത്ര ചെയ്തിട്ടുണ്ട്. വഴിയിലുള്ള സർക്കാർത്താവളങ്ങളിൽ നിശ്ചിതസമയങ്ങളിൽ എത്തുമ്പോൾ എത്ര ആദരോപചാരപൂർവ്വമായ സ്വീകരണമാണ് അപ്പോഴൊക്കെ സിൽബന്ധികളിൽ നിന്ന് ഉണ്ടായിട്ടുള്ളത്! ഇന്നത്തെ അവസ്ഥയോ? ഇടയ്ക്കു ചുരുക്കം ചില സ്ഥലങ്ങളിലല്ലാതെ മറ്റെങ്ങും വിശ്രമമില്ലാതെ ശീഘ്രഗതിയിലുള്ള വഞ്ചിയാത്രക്കിടക്ക് ശ്രദ്ധിക്കപ്പെടാതേയും ശ്രദ്ധിച്ചവരിൽ നിന്നെല്ലാം നിർഭാഗ്യനായ ഒരു ബന്ധനസ്ഥനെന്ന അനുകമ്പയ്ക്കു മാത്രം പാത്രമായും ആലപ്പുഴവരെയുണ്ടായ ആ വഞ്ചിയാത്ര തന്റെ ജീവിതത്തിലെ ഏറ്റവും സങ്കടകരമായ ഒരനുഭവമായിരുന്നെന്ന് അദ്ദേഹം പിൽക്കാലത്തു ചിലരോട് പറഞ്ഞിട്ടുള്ളതായി കേട്ടിട്ടുണ്ട്. പിറ്റേദിവസം പ്രഭാതത്തോടുകൂടി മാത്രമേ ഏകദേശം നൂറു മൈൽ അകലെയുള്ള ആലപ്പുഴ കൊട്ടാരത്തിന്റെ കടവിൽ വഞ്ചി അടുത്തുള്ളു.

**ആലപ്പുഴ ജില്ലയിൽ**

ആലപ്പുഴ കൊട്ടാരം (ഇപ്പോഴത്തെ ആശുപത്രി) രാജാ കേശവദാസൻ പണിയിച്ചതും വേലുത്തമ്പി ദളവ പരിഷ്ക്കരിച്ചതുമായ ഒരു പഴയ മാളികയാണ്. മഹാരാജാക്കന്മാരും ബന്ധുക്കളും വടക്കൻ താലൂക്കുകൾ സന്ദർശിക്കുമ്പോൾ താമസിക്കാറുള്ള സന്ദർഭങ്ങളൊഴികെ മറ്റു സമയങ്ങളിൽ ഒഴിഞ്ഞു കിടന്നുവന്ന ആ കെട്ടിടം ഇപ്പോൾ കേരളവർമ്മയുടെ കാരാഗൃഹമായി രൂപാന്തപ്പെടുത്തിയിരിക്കുകയാണ്. കല്പന പ്രകാരം കർശനമായ ബന്തവസ്സിനുള്ള സകല സജ്ജീകരണങ്ങളും അവിടെ കാലേ കൂട്ടി ചെയ്തു കഴിഞ്ഞിരുന്നു. ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ തടവുകാരന്റെ വരവ് പ്രതീക്ഷിച്ചു നിൽക്കുകയായിരുന്നു.

ഏകാന്തമായ ഒരു ജയിൽ ജീവിതമായിരുന്നു വലിയ കോയിത്തമ്പുരാന് അവിടെ വിധിക്കപ്പെട്ടിരുന്നത്. സെൻട്രൽ ജയിലിലെ ഒരു സാധാരണ ക്രിമിനൽ തടവുകാരന്റെ അനുഭവങ്ങളിൽ നിന്ന് യാതൊരുവിധത്തിലും വ്യത്യസ്തമായിരുന്നില്ല അവിടത്തെ അനുഭവങ്ങളെന്നു വേണം 'ക്ഷമാപണസഹസ്ര'ത്തിൽ അദ്ദേഹം തന്നെ നൽകിയിട്ടുള്ള വിവരണങ്ങളിൽ നിന്നു മനസ്സിലാക്കാൻ. നിർദ്ദയരും ദാക്ഷിണ്യരഹിതരുമായ അധികാരികളുടെ അഭിമാന ഭഞ്ജകമായ പെരുമാറ്റങ്ങൾ അസഹ്യം തന്നെയായിരുന്നു. അതോടൊപ്പം ദയനീയമായിരുന്നു തടവുകാരന്റെ ആഹാരത്തിന് അനുവദിക്കപ്പെട്ടിരുന്ന സാധനങ്ങൾ അധികാരികൾ തന്നെ അപഹരിച്ചിട്ട് അദ്ദേഹത്തെ ഉപവാസശരണനാക്കിയെന്നത്. രാജാവിനോട് അദ്ദേഹം സങ്കടപ്പെട്ടിരിക്കുന്നന്നതു നോക്കുക:

*"അനുദിനമശനാർത്ഥമിഷ്ടദാനം*
*നിഖിലമഭൂദ് ഭവതാ നിയുക്തമേവ*
*യദി പുനരധികാരിഭിഃ സ്വകക്ഷിം-*
*ഭരിഭിരിദം ന കൃതം ക ഏഷ ദോഷഃ"*
*"മമ കഥമഭവദ് ബതോപവാസ-*
*വ്രതശരണീകരണൈകതാനതായൈ"*

അസഹ്യമായ മനോവേദനയും മാനഹാനിയും സ്വജനവിയോഗവും നിമിത്തം കേരളവർമമയുടെ ജീവിതത്തിലെ ഏറ്റവും ദയനീയമായ ഒരു ദശയായിരുന്നു അക്കാലം. അന്നു മുപ്പതു വയസ്സായിരുന്ന ആ പ്രതിഭാശാലി, വായിക്കുന്നതിന് പുസ്തകമോ എഴുതുന്നതിന് കടലാസോ കൂടാതെ, ഒരു പക്ഷേ വൈരനിര്യാതനബുദ്ധിയായ മഹാരാജാവിന്റെ അറിവോടുകൂടിത്തന്നെ, നിർദ്ദയരായ ജയിൽ അധികാരികളുടെ മനഃപൂർവ്വമായ പീഡനങ്ങൾക്ക് വിധേയനായി, കഴിച്ചു കൂട്ടേണ്ടി വന്നു. ജീവിതനൈരാശ്യത്തിന്റെ അടിത്തട്ടു വരെ അന്ന് അദ്ദേഹം കണ്ടെത്തിയിരിക്കണം. എങ്കിലും അസാധാരണമായ ക്ലേശസഹിഷ്ണുതയോടെ ആ ഘട്ടം അദ്ദേഹം തരണം ചെയ്തു.

**രാജധാനിയിലെ പ്രതികരണങ്ങൾ**

ഈ അവസരത്തിൽ രാജധാനിയിലെ പ്രതികരണങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയേണ്ടതുണ്ട്. അത്ഭുതപരതന്ത്രരായിട്ടാണ് പൊതുജനങ്ങൾ ഈ വാർത്ത കേട്ടത്. വലിയ കോയിത്തമ്പുരാന്റെ പദവിയിലുള്ള ഒരു വ്യക്തിയെ, വിശേഷിച്ചും കേരളവർമ്മയെപ്പോലെ, വ്യക്തിപ്രഭാവമുള്ള ഒരു അസാധാരണപുരുഷനെ, റാണിയുടെ സന്നിധിയിൽ വച്ച് അറസ്റ്റ് ചെയ്ത് അജ്ഞാതസ്ഥലത്തേക്കുകൊണ്ടുപോയെന്ന വാർത്ത ആദ്യം ആർക്കും വിശ്വസിക്കാൻ കഴിഞ്ഞില്ല. പ്രാണപ്രിയനെ രക്ഷിക്കാൻ റാണി ചെയ്ത സാഹസികമായ യത്നത്തെക്കുറിച്ചു കേട്ട ജനങ്ങളുടെ ഭാവനയിൽ അതൊരു പുരാണകഥയുടെ പരിവേഷമണിഞ്ഞിരുന്നു. എങ്കിലും രാജദ്രോഹക്കുറ്റത്തിനാണ് കേരളവർമ്മ ശിക്ഷിക്കപ്പെട്ടതെന്നു വന്നപ്പോൾ ആർക്കും യാതൊരു വിധ അനുകമ്പയും അക്കാലത്ത് പ്രദർശിപ്പിക്കാൻ കഴിഞ്ഞില്ല.

ആയില്യം തിരുനാൾ മഹാരാജാവിന്റെ കോപം അത്രയും കൊണ്ടും അടങ്ങിയില്ല. കേരളവർമ്മയെ ബന്ധനസ്ഥനാക്കിയതിൽ അദ്ദേഹത്തിന് ദൂരവ്യാപകങ്ങളായ ഉദ്ദേശങ്ങളാണുണ്ടായിരുന്നത്. വലിയ കോയിത്തമ്പുരാൻ എന്ന സ്ഥാനത്തുനിന്നു തന്നെ അദ്ദേഹത്തെ നിഷ്ക്കാസനം ചെയ്യണമെന്നതായിരുന്നു പ്രധാന ലക്ഷ്യം. അതിന് റാണിയുടെ സമ്മതം കൂടി വേണ്ടിയിരുന്നുവെന്നുള്ള പ്രതിബന്ധമേ അദ്ദേഹം മുന്നിൽ കണ്ടുള്ളു. തന്ത്രശാലിയായ അദ്ദേഹം അടുത്ത ചില ബന്ധുക്കൾ മുഖേന കേരളവർമ്മയുടെ ശിക്ഷ ജീവപര്യന്തമാണെന്നും, അതുകൊണ്ട് അദ്ദേഹവുമായുള്ള ദാമ്പത്യജീവിതം മേലാൽ പ്രതീക്ഷിക്കേണ്ടതില്ലെന്നും റാണിയെ അറിയിച്ചു. യോഗ്യനായ ഒരു വരന്റെ പേര് നിർദ്ദേശിക്കപ്പെടുകയും ആ പേരുകാരൻ തിരുവനന്തപുരത്തേക്ക് ആനയിക്കപ്പെടുകയും ചെയ്തുവത്രേ. കേരളവർമ്മയുമായുള്ള പുനസ്സമാഗമം സാദ്ധ്യമല്ലെന്നു വന്നാൽ യൗവനയുക്തയായ റാണി മറ്റൊരു വരനെ സ്വീകരിക്കാതിരിക്കുകയില്ലെന്നായിരുന്നു മഹാരാജാവിന്റെ പ്രതീക്ഷ. എന്നാൽ റാണിയുടെ നിലപാട് മറിച്ചായിരുന്നു. രണ്ടാം വിവാഹം ആലോചിക്കുവാൻ താൻ അപ്പോൾ വിധവയായിക്കഴിഞ്ഞില്ലെന്ന് അവർ മറുപടി പറഞ്ഞയച്ചു. ആ മഹാരാജാവിന്റെ കോപാഗ്നി ഇതോടെ പൂർവ്വാധികം കത്തിജ്ജ്വലിച്ചു. റാണിക്ക് രാജകുടുംബത്തിൽ ദത്തവകാശം മാത്രമേയുള്ളുവെന്നും അനുസരണയില്ലെങ്കിൽ ദത്ത് റദ്ദ് ചെയ്ത് അവരെ തിരിയെ സ്വകുടുംബമായ മാവേലിക്കര കൊട്ടാരത്തിലേക്ക് അയയ്ക്കുമെന്നും അദ്ദേഹം ഭീഷണിപ്പെടുത്തി. റാണി അതും വകവച്ചില്ല. ദത്തവകാശം റദ്ദ് ചെയ്യത്തക്ക വിധം യാതൊരു തെററും തന്നിൽ നിന്നുണ്ടായിട്ടില്ലെന്നും മാർത്താണ്ഡവർമ്മ മുതൽ ആയില്യം തിരുനാൾ വരെ തിരുവിതാംകൂർ വാണ മഹാരാജാക്കന്മാരെല്ലാവരും ദത്തെടുക്കപ്പെട്ട റാണിമാരുടെ സന്താനങ്ങളായിരുന്ന സ്ഥിതിക്ക് ദത്തവകാശം നിഷ്പ്രയാസം തൂത്തെറിയാവുന്ന ഒന്നെല്ലെന്നും അവർ ദൗത്യവാഹകന്മാരോട് മറുപടി പറഞ്ഞു. റാണിയുടെ മേൽ പ്രത്യക്ഷമായ യാതൊരു കുറ്റവും ഇല്ലാതിരിക്കെ, ബ്രിട്ടീഷധികാരികളുടെ അനുവാദത്തോടുകൂടി മാത്രം അസ്ഥിരപ്പെടുത്താവുന്ന ദത്തവകാശത്തെ സംബന്ധിച്ച് നടപടിയൊന്നും എടുക്കാൻ മഹാരാജാവ് ധൈര്യപ്പെട്ടില്ല. എങ്കിലും ആറ്റിങ്ങൽ മൂത്ത റാണിയുടെ വക അനേകായിരം രൂപ മുതലെടുപ്പുള്ള വിസ്തൃതമായ ഇടവക വസ്തുക്കളുടെ ആദായങ്ങൾ ശരിയായി കിട്ടാതിരിക്കത്തക്ക നിരോധനങ്ങൾ പ്രയോഗിച്ച് റാണിയെ നിസ്സഹായമായ ഒരു നിലയിൽ എത്തിച്ചു. പക്ഷേ അതെല്ലാം അസാധാരണമായ തിതിക്ഷയോടെ അവർ സഹിച്ചു. ആദായങ്ങളുടെ മേലുണ്ടായ നിരോധനങ്ങൾ നിമിത്തം അവർ വളരെ വിഷമിച്ചു. മിക്കവാറും ഈശ്വരാരാധനയിലും, ഭർത്താവിന്റെ രക്ഷയ്ക്കു വേണ്ടിയുള്ള വ്രതങ്ങളിലും പ്രാർത്ഥനകളിലും വ്യാപൃതയായി ഒരു തപസ്വിനിയെപ്പോലെ അവർ കാലഘട്ടം കഴിച്ചു കൂട്ടി. ഉള്ളൂർ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിലും ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലും കൊട്ടാരത്തിനടുത്തുള്ള ദേവീക്ഷേത്രത്തിലും അവർ നിത്യവും ആരാധനകളും വഴിപാടുകളും നടത്തി വന്നു. ശേഷിച്ച സമയം ഒട്ടുമിക്കവാറും സഹജമായ സംഗീതാഭിരുചിയ്ക്കും, സാഹിത്യവാസനയ്ക്കും, ചിത്രമെഴുത്ത്, തയ്യൽ മുതലായവയ്ക്കും ഉഴിഞ്ഞുവച്ചു

*(തുടർച്ച പേജ് 6–ൽ)*

ബംഗാളി കഥ

# ദേവി



## പ്രഭാത് കുമാർ മുഖൊപാദ്ധ്യായ

**വിവർത്തനം : ഡോ. കെ.സി. എം. രാജ)**

**('ബംഗാളി കി സർവ്വശ്രേഷ്ഠക്ഹാനിയാ" എന്ന ഗ്രന്ഥത്തോടു കടപ്പാട്)**

കഥാകൃത്തിനെക്കുറിച്ച് : ക്രി.വ. 1873ൽ ഭരദ്വാൻ ജില്ലയിലെ ധാത്രി ഗ്രാമത്തിലാണ് പ്രഭാത് കുമാർ മുഖൊപാദ്ധ്യായ ജനിച്ചത്. പിതാവിന്റെ പേര് ജയഗോപാൽ മുഖൊപാദ്ധ്യായ എന്നായിരുന്നു. 1895ൽ ബി.എ. ബിരുദമെടുത്തശേഷം, കുറച്ചുകാലം ടെലിഗ്രാഫ് വകുപ്പിൽ ജോലി നോക്കി. 1930ൽ ബാരിസ്റ്റർ പരീക്ഷ ജയിച്ചു. ആദ്യം രംഗ്പ്പൂരിലും പിന്നീടു ഗയയിലും വക്കീലായി സേവനമനുഷ്ഠിച്ചു. കൽക്കത്താ സർവ്വകലാശാലയിലെ നിയമപഠന വിഭാഗത്തിൽ അദ്ധ്യാപകനായും പ്രഭാത്കുമാർ മുഖൊപാദ്ധ്യായ ജോലി ചെയ്തിട്ടുണ്ട്

'മാനസി', 'മർമ്മവാണി' എന്നീ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപസ്ഥാനവും അദ്ദേഹം ഏറ്റെടുത്തിട്ടുണ്ട്. പ്രഭാത് കുമാർ മുഖൊപാദ്ധ്യായയുടെ രചനകളിൽ 'ഷോഡശി', 'സിന്ദൂർ', 'നവകഥ', 'നവീൻ സന്യാസി', 'ദേശിബിലാത്തി', 'ഗല്പവീഥി', രത്നദ്വീപ്', 'ജാമാതാ ബാബു' എന്നിവ ഏറെ പ്രകീർത്തിയ്ക്കപ്പെട്ടവയാണ്. 1932-ൽ പ്രഭാത് കുമാർ മുഖൊപാദ്ധ്യായ അന്തരിച്ചു. ബംഗാളിലെ മുൻകാല സാഹിത്യകാരന്മാരിൽ പ്രഭാത്കുമാർ മുഖൊപാദ്ധ്യായ അഗ്രഗണ്യനായി ഇന്നും ആദരിയ്ക്കപ്പെടുന്നു. മഹാകവി രവീന്ദ്രനാഥ ടാഗോറിൽ നിന്നാണത്രെ 'ദേവി' എന്ന കഥയ്ക്കുള്ള ആശയം പ്രഭാത്കുമാറിന്നു ലഭിച്ചത്.

ഏതാണ്ട് നൂറിലധികം വർഷം പഴക്കമുണ്ട് ഈ കഥയ്ക്ക്! പുഷ്യമാസത്തിലെ, ആ നീണ്ട രാത്രി ഒരിയ്ക്കലും അവസാനിയ്ക്കാത്തതുപോലെ! ഉമാപ്രസാദ് ഞെട്ടിയുണർന്ന് തൊട്ടരുകിൽ കിടന്നുറങ്ങിയിരുന്ന പത്നിയെ തപ്പിനോക്കി. കിടയ്ക്ക മുഴുവൻ കൈ ഓടിച്ചു. പതിനാറു വയസ്സു മാത്രം പ്രായമുള്ള അവൾ മുറിയുടെ ഒരു മൂലയിൽ കിടന്നുറങ്ങുന്നുണ്ടായിരുന്നു. ഉമാപ്രസാദ് എഴുന്നേറ്റു ചെന്ന് അവളെ പുതപ്പിച്ചശേഷം, തണുത്ത കാറ്റ് ഉള്ളിൽ കയറുന്നതു തടയുവാനായി മുറിയിലെ ജനാലയും മറ്റു പഴുതുകളും അടച്ചു. ഉമാപ്രസാദിനു വയസ്സു ഇരുപതായി. അടുത്ത കാലത്താണ് സംസ്കൃതം പഠിയ്ക്കുന്നത് അവസാനിപ്പിച്ച്, പാർസി ഭാഷ പഠിയ്ക്കാൻ ആരംഭിച്ചത്. അയാളുടെ അമ്മ ഇപ്പോൾ ജീവിച്ചിരിപ്പില്ല! പിതാവ് കാളികിങ്കരൻ വലിയൊരു പണ്ഡിതനും കടുത്ത കാളീ ഉപാസകനുമാണ്. നാട്ടുകാർക്കെല്ലാം അയാളോടു നല്ല സ്നേഹവും അതിലധികം ആദരവുമായിരുന്നു. അവർക്കെല്ലാം കാണപ്പെട്ട ദൈവമായിരുന്നു കാളികിങ്കരൻ.

വിവാഹശേഷം തളിർത്തു മൊട്ടിട്ട പ്രണയത്തിന്റെ ഊഷ്മളതയും സംതൃപ്തിയും ഉമാപ്രസാദ് അനുഭവിച്ചാസ്വദിയ്ക്കാൻ ആരംഭിച്ചിട്ടേയുള്ളു. കല്യാണം കഴിഞ്ഞ് അഞ്ചു വർഷമായെങ്കിലും, ഭാര്യയുമായുള്ള അയാളുടെ സമാഗമം ആരംഭിച്ചത് ഈയിടെ മാത്രമാണ്. ദയാമയി എന്നാണ് ഉമാപ്രസാദിന്റെ പത്നിയുടെ പേര്.

അയാൾ ഭാര്യയുടെ കവിളിൽ ഒന്നു തലോടി. തൊട്ടപ്പോൾ നല്ല കുളുർമ അനുഭവപ്പെട്ടു. ഉമാപ്രസാദ് ആ കവിളിൽ ഒന്നു ചുംബിച്ചു. ദയാമയിയുടെ ശ്വാസോച്ഛ്വാസത്തിനു നേരിയൊരു മാറ്റം സംഭവിച്ചു. ഭാര്യ ഉണർന്നിട്ടുണ്ടെന്നു മനസ്സിലാക്കിയ അയാൾ പതിഞ്ഞ ശബ്ദത്തിൽ വിളിച്ചു 'ദയാ!"

'ഞ്ഹും... എന്താ?"

'നീ ഉണർന്നു കിടക്കുകയായിരുന്നോ?"

'അല്ല! ഞാൻ ഉറങ്ങുകയായിരുന്നു." അവൾ പറഞ്ഞു.

ഉമാപ്രസാദ് അവളെ സ്നേഹത്തോടെ കെട്ടിപ്പിടിച്ചുകൊണ്ടു ചോദിച്ചു.

'എങ്കിൽ നീ എങ്ങിനെ മറുപടി പറഞ്ഞു?"

'ഞാൻ ഇതുവരെ ഉറങ്ങുകയായിരുന്നു. ഇപ്പോൾ ഉണർന്നതേയുള്ളു."

'എന്തേ പെട്ടെന്നുണർന്നത്?"

'എന്റെ കവിളിൽ നിങ്ങൾ ചുംബിച്ചതുകൊണ്ട്! ഇതു കേൾക്കാനായി ഇത്ര വളച്ചുകെട്ടി ചോദിയ്ക്കേണ്ടിയിരുന്നോ?" ദയാമയി പറഞ്ഞവസാനിപ്പിച്ചു.

രാത്രിയുടെ അവസാനത്തെ യാമം ഇനിയും ബാക്കിയാണ്. അവർ അല്പനേരം കൂടി സംസാരം തുടർന്നു. അതിന്നിടയിൽ ഉമാപ്രസാദ് പറഞ്ഞു. 'ഞാൻ ഇവിടം വിട്ട് എവിടെയെങ്കിലും ജോലിയ്ക്ക് പോയാലോ എന്നാലോചിയ്ക്കുകയാണ്."

'ഒരു പണക്കാരന്റെ മകനായ നിങ്ങൾക്കെന്തിനാ ഒരു ജോലി? അതു കാരണം ഇപ്പോ വല്ല വിഷമവുമുണ്ടോ?" ദയാമയി ചോദിച്ചു.

'വിഷമമില്ലാതെന്താ?"

'എന്തു വിഷമം? കേൾക്കട്ടെ!"

"നിനക്കതു പറഞ്ഞാൽ മനസ്സിലാവില്ല! അല്ലെങ്കിൽ, എനിക്ക് ഇത്രത്തോളം വിഷമം തോന്നുമായിരുന്നില്ല!"

ഭർത്താവു പറയുന്നതിന്റെ പൊരുൾ ദയാമയിയ്ക്ക് എത്ര ചിന്തിച്ചിട്ടും പിടി കിട്ടിയില്ല. ഒടുവിൽ, അവൾ ഒരു തമാശ പോലെ ചോദിച്ചു. 'എന്താ, നിങ്ങൾക്കെന്നെ ഇഷ്ടപ്പെട്ടില്ലെന്നുണ്ടോ? അതാണൊ ഈയൊരു വിഷമത്തിനു കാരണം?'' ഈയൊരു ചോദ്യം ഭർത്താവിനെ അല്പമൊന്നു നൊമ്പരപ്പെടുത്തുമെന്ന് ദയാമയിയ്ക്കു അറിയാമായിരുന്നു. ആ ചോദ്യം കേട്ട് ഉമാപ്രസാദ് ഭാര്യയുടെ മുഖം കോരിയെടുത്ത് പലതവണ ചുംബിച്ചു.

'നിന്നെ ഓർത്തിട്ടാണ് എന്റെ വിഷമം മുഴുവനും! ഒരു ദിവസം തികച്ചും നമുക്കു മാത്രമായി കിട്ടുന്നില്ല. രാത്രി മാത്രമുള്ള നമ്മുടെ ഈ സമാഗമം എനിയ്ക്കൊട്ടും സംതൃപ്തി തരുന്നില്ല. പുറമെയെവിടെയെങ്കിലും വല്ല ജോലിയും കിട്ടിയാൽ ഇവിടം വിട്ടുപോകാമായിരുന്നു. എങ്കിൽ മുഴുവൻ സമയവും എനിക്ക് നിന്നെ കിട്ടുമല്ലോ!" "നിങ്ങൾ ഇവിടെ വിട്ടുപോയാലും, എന്നെ ഇവർ വിട്ടയയ്ക്കുമെന്ന് തോന്നുന്നില്ല."

"അതിന്ന് ഇവിടെ നിന്നല്ല ഞാൻ നിന്നെ കൊണ്ടുപോവുക! ആദ്യം നിന്നെ നിന്റെ വീട്ടിൽ കൊണ്ടുവിടും. പിന്നീട് അവിടെ നിന്നു ഞാൻ നിന്നെ കൊണ്ടുപോകും." ഉമാപ്രസാദ് ഭാര്യയെ സമാധാനിപ്പിച്ചു.

ഇതുകേട്ട് ദയാമയി പുഞ്ചിരിച്ച് ചോദിച്ചു "ഇതൊക്കെ നടക്കുമോ? എത്ര കാലം നമുക്കു അങ്ങിനെ ജീവിയ്ക്കാൻ കഴിയും?"

''കുറെക്കാലം നമുക്ക് അങ്ങനെ ജീവിയ്ക്കണം!" ഉമാപ്രസാദ് മോഹം പറഞ്ഞു.

ദയാമയിയുടെ ചുണ്ടിൽ പുഞ്ചിരി വിരിഞ്ഞു. പെട്ടെന്ന് എന്തോ ഓർത്തിട്ട് അവൾ പറഞ്ഞു.

"പക്ഷെ, കുട്ടനെ പിരിഞ്ഞു നമുക്ക് അങ്ങിനെ എത്രനാൾ കഴിയാനൊക്കും!"

ഉമാപ്രസാദ് മുഖം അവളുടെ കവിളിൽ ചേർത്തുവെച്ചുകൊണ്ടു പറഞ്ഞു. "അപ്പോഴേക്കും നമുക്കു മറ്റൊരു കുട്ടനെ കിട്ടും!"

ദയാമയിയുടെ മുഖം ലജ്ജ കാരണം തുടുത്തു. എങ്കിലും മുറിയിൽ തിങ്ങിനിന്ന ഇരുട്ട് ആ ഒരു ഭാവപ്പകർച്ച മറച്ചുവെച്ചു.

ഉമാപ്രസാദിന്റെ ജ്യേഷ്ഠൻ താരാപ്രസാദിന്റെ ഏക സന്താനമാണ് ദയാമയിയുടെ 'കുട്ടൻ'. ഒരു കാലത്ത് ഉമാപ്രസാദായിരുന്നു ആ കുടുംബത്തിലെ അവസാനത്തെ ആൺതരി. അതിൽ പിന്നീട് കുറെക്കാലം ആ സ്ഥാനം ഒഴിഞ്ഞുകിടന്നു. കുട്ടൻ ജനിച്ചതോടെ അവനായി ആ വീട്ടിലെ പുതിയ ജ്യോതി. ആ കാരണം കൊണ്ടു തന്നെ കുട്ടന്റെ അമ്മ ഹരസുന്ദരി നിലംതൊടാതെയാണ് ആ വീട്ടിൽ കഴിഞ്ഞുവന്നത്.

ദയാമയി വീണ്ടും ഓർത്തുകൊണ്ടു പറഞ്ഞു, "കുട്ടനെ ഇന്നു ഇതുവരെ കണ്ടില്ലല്ലോ!'' പതിവായി രാത്രിയാകുമ്പോൾ കുട്ടൻ ചെറിയമ്മയുടെ അടുത്തേക്ക് ഓടിയെത്തും.

രാത്രി ഇനിയും ബാക്കിയുണ്ടല്ലോ. നില്ക്ക്, നമുക്ക് നോക്കാം. ഇതും പറഞ്ഞു ഉമാപ്രസാദ് പോയി ജനൽ തുറന്നു. പുറത്ത് തൊടിയിലെ മാവുകളുടെ മുകളിലായി ചന്ദ്രൻ മങ്ങി പ്രകാശിച്ചു നില്പുണ്ട്. ദയാമയി എഴുന്നേറ്റ് ഭർത്താവിന്റെ സമീപം ചെന്നു നിന്ന് പുറത്തേയ്ക്കു നോക്കിക്കൊണ്ടു ചോദിച്ചു.

"എവിടെ ഇനിയും അത്രയധികം രാത്രി?"

ഒരു തണുത്ത കാറ്റ് മുറിയിൽ ഓടിയെത്തി അവരുടെ ശരീരത്തിനു കുളിർമ്മ പകർന്നു. കണ്ടുമതിയാവാത്ത പോലെ അവർ പരസ്പരം നോക്കി!

''എന്തോ, മനസ്സിനു ഒരു സ്വസ്ഥത കിട്ടുന്നില്ല. കുട്ടനെ ഇനിയും കണ്ടില്ലല്ലോ!" ദയാമയി ആശങ്കയോടെ പറഞ്ഞു.

"അവൻ വരാതിരിയ്ക്കില്ല! എന്താണ് നിന്നെ അലട്ടുതെന്ന് ഇപ്പോൾ എനിക്കു മനസ്സിലായി."

''എന്താണ്?'' ദയാമയി ചോദിച്ചു.

''ഞാൻ ഇവിടം വിട്ടുപോകാൻ ഉദ്ദേശിയ്ക്കുന്നുണ്ടന്നു അറിഞ്ഞതുകൊണ്ടാണ് നിന്റെ ഈ വിഷമം!"

നീണ്ട ഒരു ശ്വാസോച്ഛ്വാസത്തിനുശേഷം ദയാമയി പറഞ്ഞു. "എന്താണെന്നറിയില്ല, എനിയ്ക്കു വല്ലാത്തൊരു വിഷമം! നമ്മൾ വേർപിരിയാൻ പോകയാണെന്ന ഒരു തോന്നൽ!" അവളുടെ ആ വാക്കുകളിൽ പരിഭ്രാന്തി നിഴലിച്ചിരുന്നു.

പുറത്തു നേരിയ നിലാവ് പരന്നിട്ടുണ്ട്. ഭാര്യയുടെ ആ വാക്കുകൾ ഉമാപ്രസാദിനെ ഏറെ ദുഃഖിപ്പിച്ചു. പിന്നീട് അധികമൊന്നും സംസാരിയ്ക്കാതെ ഇരുവരും അല്പനേരം അവിടെത്തന്നെ നിന്നു. ചന്ദ്രൻ ക്രമേണ താഴ്ന്നു താഴ്ന്ന് ഒടുവിൽ അപ്രത്യക്ഷമായി. അതോടെ, തൊടിയിലെ വൃക്ഷങ്ങൾ ഇരുട്ടിലാണ്ടു. ജനലടച്ച് ഇരുവരും തിരിച്ചുപോയി കിടന്നു.

(തുടരും)

# വേണാട്

## (തിരുവിതാംകൂർ) രാജവംശം – XLIV

ഡോ. ആർ. പി. രാജാ

**കൊ.**വ. 969 (എ.ഡി. 1794) മുതൽ, ഇളയ രാജാവായി വടക്കെ കൊട്ടാരത്തിൽ അവിട്ടം തിരുനാൾ ബാലരാമവർമ്മ ഒറ്റയ്ക്കായിരുന്നല്ലോ താമസം. മാവേലിക്കരയിൽ നിന്നും ചെങ്ങകോവിലകത്തുകാർ തിരുവനന്തപുരത്ത് വരുമ്പോൾ, അത്തം തിരുനാൾ ഭാഗീരഥിയുടെ പുത്രനായ വിശാഖം തിരുനാൾ കേരളവർമ്മയും കൂടെ വരുമായിരുന്നു. ക്രമേണ, ബാലരാമവർമ്മ യ്ക്ക്, കേരളവർമ്മയോട് ഒരിഷ്ടം തോന്നുവാൻ തുടങ്ങി. കൊ.വ.972 കാലത്ത്, കേര വർമ്മയ്ക്ക് ആറു വയസ്സു പ്രായമുള്ളപ്പോൾ മുതൽ, തന്റെ ഒരു കളിത്തോഴനായി കേരളവർമ്മയേയും ബാലരാമവർമ്മ തന്റെ കൂടെ വടക്കെ കൊട്ടാരത്തിൽ ത്തന്നെ പാർപ്പിക്കുവാനും തുടങ്ങി.

കൊ.വ. 974, മേടം 19–ാം തീയതി, ഉതിയേരി നമ്പൂതിരിമാർ അധികാരം കയ്യിലെടുത്തശേഷം ആദ്യം ചെയ്ത പ്രവൃത്തി, രാജകുടുംബദ്രോഹം തന്നെയായിരുന്നുവെന്ന് പറയാതെ തരമില്ല. എന്താണ് സംഭവിച്ചതെന്ന് 'മതിലകം' (ശ്രീപത്മനാഭസ്വാമി ക്ഷേത്രം) രേഖകൾ തന്നെ വെളിപ്പെടുത്തട്ടെ. "ചെങ്ങക്കോലകം വകയിൽ നിന്നും മാവേലിക്കര പാർത്തിരുന്ന കേരളവർമ്മ രാജാവിനെ ഇളയരാജാവായിട്ടു ദത്തെടുക്കണമെന്നും ശ്രമിച്ച അന്ന് ആറ്റിങ്ങൽ മൂപ്പായിരുന്ന ഭരണി തിരുനാൾ പെൺവഴി രാജാവിന്റെ തിരുമനസ്സറിയിച്ചതിന്റെ ശേഷം ആ രാജാവ് പ്രസവിച്ചു ഒരു പെൺവഴിയും അപ്പോൾ ഗർഭവും, ആ രാജാവിന്റെ അനുജത്തി പ്രസവിച്ചിട്ട് ഒരു പെൺവഴിയും ഉണ്ടായിരിക്കകൊണ്ടും കീഴ്മരിയാദ ആൺവഴി രാജാക്കന്മാരെ ദത്തുവച്ചിട്ടില്ലാഴിക കൊണ്ടും ഇപ്പോൾ ആയതിനു ആവശ്യമില്ലയെന്നും ആയതല്ലാതെ ദത്തുവയ്ക്കുന്നതിനു നാം സമ്മതിക്കയില്ലായെന്നും മേലെഴുതിയ പെൺവഴി രാജാവ് കല്പിച്ചതിന്റെ ശേഷം ഉദിയേരി നമ്പൂരിയും വലിയ മേലെഴുത്തു മുത്തുപ്പിള്ള മുതലായ ആളുകൾ ആയതു സമ്മതിക്കാഴികകൊണ്ടും പിന്നത്തതിൽ നമ്മുടെ സമ്മതം കൂടാതെ ഇക്കാര്യത്തിനും യോഗം തികഞ്ഞു അനുജ്ഞ കഴിയ്ക്കരുതെന്നും കേരളവർമ്മ രാജാവിനെ ഉദിയേരി നമ്പൂരി കൂട്ടിക്കൊണ്ടുവന്നു ശ്രീപത്മനാഭസ്വാമിക്കു കാണിക്കയും ഇടുവിച്ച കൂട്ടിക്കൊണ്ടു ചെന്ന ദത്തെടുക്കുകയും ചെയ്തു. പിന്നത്തതിൽ ഇളയ രാജാവായിട്ടു പടിയേറ്റം കഴിക്കുന്നതിനും ആറ്റിങ്ങൽമൂപ്പിലെ അടുക്കൽ ചെന്ന കീഴമരിയാദപോലെ മാതൃദീക്ഷ മുതലായിട്ടു വേണ്ടുന്ന എണ്ണങ്ങൾ ഒന്നുംതന്നെ മേലെഴുതിയ ആറ്റിങ്ങൽ മൂപ്പിനും സമ്മതിച്ച കഴിച്ചിട്ടില്ലന്നത്രെ അറിഞ്ഞിരിക്കുന്നത്. ഈ സമസ്താനത്ത രാജാക്കന്മാരും മരുമക്കൾ വഴിയാക കൊണ്ടും മരുമക്കൾ മരിയാദക്കു യാതൊരു കാര്യങ്ങൾക്കു സ്ത്രീകളുടെ സമ്മദം വരുത്തി നടപ്പാനൊള്ളതാകകൊണ്ടും ഈ വകക്കു അതിൻവണ്ണം ചെയ്യാതെയും ഈ സമസ്താനത്തേക്കു പെൺവഴി രാജാക്കന്മാരെ ദെത്തു എടുത്തിരിക്കുന്നതും ആയതല്ലാതെ വിശേഷാൽ ഒള്ള സംഗതികൾക്കും മതിലകത്തു യോഗം കൂടി അനുജ്ഞയും കഴിച്ചു മാമൂലായിട്ടു നടന്നുവരിക കൊണ്ടും ആയതു കഴിയാതെയും അത്രെ കേരളവർമ്മ രാജാവിനു 972മത് ചിത്തിരമാസം 22നു യിളമുറയായിട്ടു ദത്തെടുത്തിരിക്കുന്നത്."

974 മേടം 19–ാം തീയതി, സർവ്വാധികാര്യക്കാരായതിന്റെ മൂന്നാം ദിവസം തന്നെ വിശാഖം തിരുനാൾ കേരളവർമ്മയെ പിടിച്ചുകൊണ്ടുപോയി ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ കാണിക്ക ഇടുവിക്കയും, ക്ഷേത്രത്തിൽ വേണ്ടുന്ന നടപടി നടത്തിയെന്ന് ബാലരാമവർമ്മയോട് പറഞ്ഞ് അദ്ദേഹത്തെക്കൊണ്ട് ദത്തെടുത്തതായി പ്രഖ്യാപിക്കുകയും ചെയ്തു. നമ്പൂതിരിമാരുടെ പെരുമാറ്റം പലതരം സംശയങ്ങളാണ് ജനിപ്പിക്കുന്നത്. ഇരുചെവി അറിയാതെ കരപ്പുറം കൊച്ചി യ്ക്കും, അമ്പലപ്പുഴ

ചെമ്പകശ്ശേരിയ്ക്കും കായംകുളം കായംകുളം രാജകുടുംബത്തിനും ഇങ്ങനെ മാർത്താണ്ഡവർമ്മ പിടിച്ച രാജ്യങ്ങളെല്ലാം ബാലരാമ വർമ്മയെക്കൊണ്ട് നീട്ടെഴുതിച്ചു കൊടുത്തിരുന്നെങ്കിൽ തിരുവിതാം കൂറിന്റെ അവസ്ഥ എന്താകുമായി രുന്നു? കരപ്പുറത്തിന്റെ 'കള്ളി' പുറ ത്തായതിനാൽ ആ വഴിയ്ക്ക് ഉടനെ തിരിയുവാൻ അവർക്ക് ധൈര്യം വന്നു കാണുകയില്ല. പക്ഷെ, ആറ്റിങ്ങൽ മൂത്ത തമ്പു രാൻ സമ്മതിക്കാഞ്ഞിട്ടും, യോഗം കൂടി അനുജ്ഞ ലഭിയ്ക്കാ ഞ്ഞിട്ടും നമ്പൂതിരിമാർ ബാലരാമ വർമ്മയെക്കൊണ്ട് കേരളവർമ്മ യുടെ ദത്ത് പ്രഖ്യാപിച്ചത്, രാജ കുടുംബത്തിൽ ഛിദ്രവും വിഷമ തകളും സൃഷ്ടിയ്ക്കുവാൻ വേണ്ടിത്തന്നെയായിരുന്നുവെന്ന നിഗമനത്തിലേക്കു തന്നെയാണ് നയിക്കുന്നത്.

974 മേടം 22–ാം തീയതി, കേരളവർമ്മയെ 'ദത്തെടുപ്പിച്ച' ശേഷം ഉദിയേരി നമ്പൂതിരിമാർ ശരിയ്ക്കുള്ള 'തിരുവിതാംകൂർ രാജ്യഭരണം' തുടങ്ങി. അതെങ്ങി നെയായിരുന്നുവെന്നും മതിലകം രേഖകൾ തന്നെ വിവരിക്കട്ടെ. "ഉദ്യോഗങ്ങൾ കൊടുക്കുന്നതിനു അവർക്കു ബോധിച്ച ആളു കൾക്കു ഉദ്യോഗവും കൊടുപ്പിച്ചു വലിയ സർവാധികാര്യം ജയന്തൻ ശങ്കരനെ പ്രമാണമാകവച്ചും കൊണ്ടും വലിയമേലെഴുത്തു കണക്കു കുളത്തൂരാൻ ശങ്കരനാരാ യണൻ രാജ്യകാര്യങ്ങൾ ഒക്കെയും വിചാരിച്ചു തുടങ്ങി. നാട്ടിന്മേൽ പല കൂട്ടം ഉദ്യോഗങ്ങൾ ഭരിച്ചു മാറിയ ആളുകളെയും ഒരു പ്രകാ രത്തിൽ ഇരുന്നു പാർക്കുന്ന ആളു കളെയും വരുത്തി വലിയ സർവ്വാ ധികാര്യം ജയന്തൻ ശങ്കരനും വലിയ മേലെഴുത്തു കണക്കു കുള ത്തൂരാൻ ശങ്കരനാരായണനും അവർക്കു സഹായമായിട്ടു കൂടിയ കിഴക്കു തുരം ചുങ്കം മേൽ വിചാ രിപ്പു ഭരിച്ചു മാറിയശേഷം ടി സർവ്വാധികാര്യം കൊടുത്തു ഭരിച്ചു ഇരുന്ന പറക്കയിൽ സർവ്വാ ധികാര്യം അമ്പലവാണൻ താണു വനും തിരുവനന്തപുരം തെക്കും വടക്കും അഗസ്തീശ്വരവും തോവാഴയും മുഖം നാലിലും വലിയ മേലെഴുത്തു വിചാര ത്തിനും ആക്കി ഇരുന്ന ഇരവിപു ത്തൂർ മുത്തു വൈരവൻ ശങ്കരനും വലിയ ഇളമാൻ പാർത്ഥിവപുരം പത്മനാഭൻ ചെമ്പകരാമൻ കൂടി ഇരുന്നു മാത്തു തരകനും കൂടി ഇരുന്നു അവരവരടെ ഗതിക്കു തക്കവണ്ണം അല്ലാതെ അയ്യായിരം തരണമെന്നും പതിനായിരം തരണ മെന്നും ലക്ഷം തരണമെന്നും രണ്ടു ലക്ഷം തരണമെന്നും പല ശൊദ്യങ്ങൾ ചെയ്കയും അടി ക്കെയും പറയരുതാത്ത വാക്കു ദോഷം പറകയും മുദ്ര മനുഷ്യരാ യിട്ടുള്ള പേരെ മരിയാത അല്ല ശോദ്യങ്ങൾ പലതും ചെയ്കയും ദിവാൻ രായ കേശവദാസുവി നോടു ആലപ്പിഴച്ചെന്നു പാർത്തു വന്ന കാര്യക്കാർ തിരുവട്ടാറ്റു നീലകണ്ഠൻ ചെൺപകരാമനെ പിടിച്ചു കെട്ടിച്ചു ഒന്നുരണ്ടുദിവസം അടിപ്പിക്കെയും പിന്നത്തതിൽ പര രാജ്യത്തിൽ നടന്നിട്ടൊള്ളവിധ ത്തിൽ പരുന്തുറാഞ്ചിക്കെട്ടെന്നു പേരായിട്ടൊള്ള കെട്ടു രണ്ടു കാലും അകലെ വൈപ്പിച്ചു മുട്ടും മടങ്ങാതെ രണ്ടു വശത്തും തുടവ രെയ്ക്കും കമുകലകു വച്ചു വരിഞ്ഞു കെട്ടുകയും രണ്ടു കയ്യും നീട്ടിച്ചു രണ്ടു കൈക്കും നെഞ്ചി ലും ഒന്നായിട്ടു കമുകലകു വച്ചു വരിഞ്ഞു കെട്ടുകയും അടി ക്കെയും പിന്നത്തതിൽ ലായ ത്തിൽ കൊണ്ടുചെന്നു കുതിരക്കാ റനെക്കൊണ്ടു കുറടാവും കവു ഞ്ചിയും കൊണ്ട് അടിപ്പിക്കെയും ചിറയിൻകീഴ് മണ്ഡപത്തും വാതു ക്കൽ തിരുമുഖക്കണക്കു ചിറ യിൻകീഴ് കുറ്റിക്കാട് വീട്ടിൽ കേശ വൻ ചെൺപകരാമൻപിള്ളയെ അടിപ്പിക്കെയും തലക്കുളത്തു വേലുത്തമ്പി കാര്യക്കാർ പകടശ്ശി രിയിൽച്ചെന്നു ഇരുന്നാറെ ഇളു വിച്ചു പോവാൻ പറകെയും നമ്പൂ തിരിമാർ മൂന്നു പേർക്കും ശങ്കരനാ രായണപിള്ളക്കും അല്ലാതെ മറ്റൊ രുത്തർക്കും കാര്യങ്ങൾ തിരുമനസ്സ റിയിച്ചു കൂടായെന്നു വരികയും ഒന്നിനൊന്നായിട്ടു അറിയിച്ചു കല്പന വരുത്തുകയും തിരുമനസ്സ റിയിക്കാത്ത കാര്യങ്ങൾ കല്പിച്ച പ്രകാരം നടത്തുകെയും ലോക രടെ നേരെ ഏറിയ ഉപദ്രവങ്ങൾ പല കൂട്ടവും ചെയ്തുകൊണ്ടും..."

നമ്പൂതിരിമാർ വളരെ ജനദ്രോ ഹപരമായ നടപടികൾ സ്വീകരിച്ച് എന്നുമാത്രം പറഞ്ഞാൽ, അവ എപ്രകാരമുള്ളവയായിരുന്നുവെന്ന ഒരു ചിത്രം ലഭിയ്ക്കായ്ക കൊണ്ടാണ് ആധികാരികതയും അറിവിനും വേണ്ടി മതിലകം രേഖ കൾ തന്നെ ഇവിടെ ഉദ്ധരിച്ചത്.

973–ൽ മുറജപക്കാലത്ത് വന്ന ഉതിയേരി നമ്പൂതിരിമാർ, തിരുവന ന്തപുരത്തു കൂടിയപ്പോൾ ചില അനുയായികളേയും കണ്ടെത്തിയി രുന്നു. അവരിൽ പ്രധാനികളാണ് തക്കലച്ചെട്ടി ശങ്കരനാരായണപി ള്ളയും മാത്തൂത്തരകനും. ഇവരെ കൂടാതെ, തത്വദീക്ഷ ഇല്ലാത്ത, സ്വാർത്ഥമതികളായ, ചില ഉദ്യോ ഗസ്ഥന്മാരും നമ്പൂതിരിമാരുമായി സംഘം ചേർന്നിരുന്നു. ഈ സംഘം ജനങ്ങളോട് പെരുമാറിയി രുന്നതിന്റെ ക്രൂരത കാണുമ്പോൾ (പരുന്ത് കെട്ട് ഓർക്കുക), അധി കാരം കയ്യാളാൻ വേണ്ടി ഇവർ രാജാകേശവദാസനെ വിഷം കൊടുത്ത് ഒഴിവാക്കിയിട്ടുണ്ടെ ങ്കിൽ അതിൽ ലവലേശം അത്ഭു തപ്പെടാനില്ല തന്നെ. *(തുടരും)*




**Dr. Lakshmi Raghunandan**

**Matriarchal system:** Suryavarman's father was not a king but his uncle was, and he succeeded to the throne having defeated his uncle Dharanindra varman I. Also of interest is the fact that he was succeeded by his nephew Dharanindravarman II, not his son, as in most patriarchal lines of succession. This point is worth noting because it suggests a matriarchal system which might have prevailed at the time, but later was supplanted by the patriarchal line of inheritance. Legend says that Suryavarman II, defeated and later annexed the kingdom of the beautiful Queen of the Nagas, but gave the Queen the status of a matriarch, after marrying her. This story is reminiscent of Marthanda Varma, who annexed his mother's kingdom of Attingal, but gave her the matriarchal status, and right to influence decisions in the governance of the kingdom. In an article on the internet entitled Angkor Wat: Apsara and Devatha: Khmer Women in Divine Context, Cindy Lane discusses the carvings of women on the walls of Angkor Wat. It is significant to note that wall carvings are of women dressed in the Kerala attire, with just the lower part of their bodies covered with cloth. A picture of one of these women, heavily adorned and crowned, appears to be that of a Queen. She holds a snake in one hand and a lotus in the other signifying, perhaps, that she was the Queen of the Nagas. Other women shown have coiffures that are snake-like in appearance; hence probably they represented Naga women.

"Davis says their importance is evident, especially considering that the image of King Surya varman II who commissioned the building of the temple is in a location far more inconspicuous than most of the women. But few have studied the subject, with only a handful of books written on the women, who may represent goddesses, priestesses or members of the royal court."

The picture in Wikipedia, showing the carving of Surya varman II, holding a dead snake



in one hand, for which the writer could find no explanation, could possibly represent his vanquishment of the Naga Queen and the predominance of women in the carvings of Angkor, strengthens the theory that it was the matriarchal system that prevailed.

**Vishnu worship:** The Chera kings have traditionally been Shiva worshippers, like Surya varman's family that ruled Cambodia, but a change was brought about by Suryavarman, for the Wikipedia goes on to state:

"Suryavarman II was unusual among Khmer kings in making Vishnu rather than Shiva the focus of court religious life. The reasons for this decision are not known. Scholars have long debated whether his association with Vishnu helps explain why Angkor Wat faces west, the cardinal direction with which Vishnu is associated, rather than the common orientation for Khmer temples of east."

The mystery that has puzzled many historians, as to why he chose to be a Vishnu devotee, and in particular an Anantha- padmanabha devotee, could be explained if we accept the possible connections with the Travancore family. Now before this claim is dismissed as absurd, consider the similarity in the names: Travancore or Thiru vidangkur, as we know it in Malayalam, is a name that is not really Malayalam at all. 'Thiru' which is a common prefix meaning 'royal' is Malayalam, but what is the meaning of 'vadangkur'? However, if we turn the words around, it becomes 'Angkur vat', Surely this is not mere coincidence! 'Angkur' in Khmer language means 'nagara' or town, and 'vat' means 'temple', so Angkur Wat actually means the land of the temple, and this is precisely what Thiruvidangkur stood for, the place of the temple. The current interpretation that the word 'Thiruvidankur' comes from the earlier 'Thiruvazhumkode' seems to be an attempt to understand the word through Malayalam. Again, the fact that Suryavarman's temple faced West instead of East, has stumped many historians, but the simple fact remains that Travancore lies to the West of Angkur Wat. It is interesting to note that the Ananthapadmanabha Swamy Temple at Thiruvattar, once the capital of Travancore, but now in Nagercoil District, could have been a contemporary structure at the time of Angkur Wat.

**Carvings on the temple:** Another interesting point of similarity is that, there is an elaborate carving representing Suryavarman on one wall of Angkor Wat, just as there is a carving of Marthandavarma on one of the pillars at Thiruvattar temple, in Nagercoil. Later, Suryavarman's descendant Jayavarman VII had his face carved on all the gopuras of Bayon Temple. This fact is of interest because no other known King, when building temples of repute, has projected himself onto any part of the edifice.

**Lakes and waterways:** Elaborate systems of waterways, canals and artificial lakes were built by Kings of the Suryavarman line. As David L. Snellgrove points out in his book Khmer Civilization and Angkor : "The Western Baray, the artificial lake constructed by Udayadityavarman II (1050-66) to the West of the city of Angkor thus corresponding to the Eastern Baray, now dry, built by King Yashovarman (889 -c. -900) to the east of the city. The name Baray may be derived from the Sanskrit pârâyana meaning 'vast'. The two lakes were originally about 8 kms by 2 kms in size". Artificial lakes of such enormous dimensions were obviously built for a specific reason, possibly to replicate the lakes of Kerala, namely Ashtamudi Kayal and Vembanad Kayal. Richard Stone, writing in The National Geographic, gives us the true estimate of this colossal piece of engineering:

"That reliability (to guarantee a steady water supply) required massive feats of engineering, including a reservoir called the West Baray that's five miles long and 1.5 miles wide. To build this third and most sophisticated of Angkor's large reservoirs a thousand years ago, as many as 200,000 Khmer workers may have been needed to pile up nearly 16 million cubic yards of soil in embankments 300 feet wide and three stories tall. To this day the rectangular reservoir, or baray, is fed by water diverted from the Siem Reap River."

He goes on to point out that the waterways and canals helped keep off drought for 600 years, and served as an important part of religious rituals.

Boat racing is a favourite sport of Cambodians even now, and the boats used are similar to the long snake-boats of Kerala.

**Kamboja:** In Mahabharata, Kamboja or the land where the Kamboja Kshatriyas dwelt was somewhere north of Afghanistan, perhaps closer to Iran. It is interesting to note that historians have traced the advent of the Khmers as the oldest settlers of

Cambodia, from Afghanistan and Central Baluchistan. The name Cambodia is from the word Kamboja. Being a nomadic race, it is not unreasonable to assume that they proceeded later, by sea, to the southernmost parts of India. The question then arises, whether the Chera family came from Cambodia, or vice versa. Whichever it was, it is certain that there were strong links between the two families.

The advent of militant Communism, in the form of Khmer Rouge, under the leadership of the cruel tyrant Pol Pot, saw many changes in Cambodia, significant of these being the wholesale destruction of people, monuments and historical records. Surryavarman's descendants, who survived the slaughter fled to California and other States in USA, but valuable records of the origins of the family, or possible links with Kerala, have perished. In the absence of concrete evidence of any kind, one can only draw parallels between the two cultures, by studying customs and traditions prevalent in both these countries. Perhaps, the only way to conclusively prove or disprove this theory would be by the use of modern scientific techniques of genome mapping, as in the Genographic Project, which traces ancestry and lineage of individuals. It would be interesting to know the result of such a test, if it were carried out.

My first glimpse of Angkor Wat under a glowing rainbow that arched gracefully over the building seemed to promise that all the mysteries surrounding this temple will one day be revealed. I hope that day is close at hand. ●

(concluded)

_For Pictures_

*1) Suryavarman Courtsey to 'Wikipedia'*
*2) Nagaqueen: ,, 'devata.org'*

ലഘുപാചകം



**ശാരദാവർമ്മ**

# രണ്ട് ബ്രെഡ് മാജിക്കുകൾ

## ബ്രെഡ് സ്വീറ്റി

| | |
|---|---|
| 1. ഫ്രൂട്ട് ബ്രെഡ് | – 8 കഷണം |
| 2. ഏത്തപ്പഴം | – 1 |
| (പുഴുങ്ങി ഉടച്ചത്) | |
| പഞ്ചസാര | – രണ്ട് ടേബിൾ സ്പൂൺ |
| നെയ്യ് | – ഒരു സ്പൂൺ |
| ഏലക്കാപ്പൊടി | – സ്വാദിന് |
| 3. അണ്ടിപ്പരിപ്പ് (നെയ്യിൽ മൂപ്പിച്ചത്) | – 15 – 20 |
| അവൽ (വറുത്ത് പൊടിച്ചത്) | – രണ്ട് ടേബിൾസ്പൂൺ |
| പഞ്ചസാര (പൊടിച്ചത്) | – രണ്ട് ടേബിൾസ്പൂൺ |

*തയ്യാറാക്കുന്ന വിധം*

ബ്രെഡ് പൊടിച്ച് വയ്ക്കുക. രണ്ടാമത്തെ ചേരുവകൾ വഴറ്റി, ബ്രെഡും ചേർത്ത് നന്നായി യോജിപ്പിച്ച് ചെറുനാരങ്ങാ വലുപ്പത്തിൽ ഉരുട്ടി എടുക്കുക. ഓരോ ഉരുളയിലും അണ്ടിപ്പരിപ്പ് കുത്തിവച്ച് അവൽ–പഞ്ചസാര മിശ്രിതത്തിൽ ഉരുട്ടി എടുക്കുക. കുട്ടികൾക്ക് വളരെ ഇഷ്ടപ്പെടുന്ന പലഹാരമാണ്.

## ബ്രെഡ് സ്റ്റൂ

| | |
|---|---|
| മധുരമില്ലാത്ത ബ്രെഡ് | – ആറ് കഷണം |
| ഇഞ്ചി | – ഒരു കഷണം |
| (ചെറുതായി നീളത്തിൽ അരിഞ്ഞത്) | |
| പച്ചമുളക് (നീളത്തിൽ കീറിയത്) | – മൂന്ന് |
| സവാള (കനം കുറച്ച് അരിഞ്ഞത്) | – ഒന്ന് (ചെറുത്) |
| ഉരുളക്കിഴങ്ങ് (പുഴുങ്ങി ഉടച്ചത്) | – ഒന്ന് (ചെറുത്) |
| തേങ്ങാപ്പാല് (രണ്ടാം പാല്) | – രണ്ടു കപ്പ് |
| തേങ്ങാപ്പാല് (ഒന്നാം പാല്) | – അര കപ്പ് |
| പാചക എണ്ണ | – ആവശ്യത്തിന് |
| കറിവേപ്പില | – ഒരു തണ്ട് |
| വെളിച്ചെണ്ണ | – സ്വാദിന് |

*തയ്യാറാക്കുന്നവിധം*

ബ്രെഡ് ദോശക്കല്ലിൽ വച്ച് ചൂടാക്കി ചെറിയ ചതുരകഷണങ്ങളാക്കി മുറിച്ച് എണ്ണയിൽ വറുത്തെടുക്കുക. ഇഞ്ചിയും, പച്ചമുളകും സവാളയും അല്പം എണ്ണ ഒഴിച്ച് വഴറ്റി രണ്ടാംപാലിൽ വേവിക്കുക. ഉരുളക്കിഴങ്ങ് പൊടിച്ചതും ചേർക്കുക. ഒന്നാം പാലൊഴിച്ച് നന്നായി ചൂടാകുമ്പോൾ (തിളക്കരുത്) ബ്രെഡും കറിവേപ്പിലയും വെളിച്ചെണ്ണയും ഒഴിച്ച് വാങ്ങുക. ചെറുചൂടോടെ ഉപയോഗിക്കുക.

# മുൻ നാടുവാഴികൾക്ക് നീതി നിഷേധിക്കരുത്

ദാമോദരസിംഹർ കെ.എൻ. കർത്താ, വൈക്കം

കേരളത്തിലെ ക്ഷത്രിയർക്കും മുൻനാടുവാഴികൾക്കും പൊളിറ്റിക്കൽ പെൻഷൻ, അടുത്തൂൺ, മാലിഖാന തുടങ്ങി വിവിധ പേരുകളിൽ നൽകിവരുന്ന പെൻഷൻ കാലാനുസൃതമായി പരിഷ്ക്കരിച്ച് സർക്കാർ ജീവനക്കാർക്കു നൽകുന്ന മിനിമം പെൻഷനു തുല്യമായിട്ടെങ്കിലും നിജപ്പെടുത്തണമെന്നാവശ്യപ്പെട്ട് ക്ഷത്രിയക്ഷേമസഭയുടെ വാർഷിക സമ്മേളനം പ്രമേയം പാസ്സാക്കിയതായി ക്ഷാത്രസന്ദേശം ലക്കം 3ൽ നിന്നും മനസ്സിലായി. ഈ സന്ദർഭത്തിൽ ഈ വിഷയം സംബന്ധിച്ച് പ്രസക്തമായ ചില കാര്യങ്ങൾ വിശദീകരിക്കട്ടെ.

കേരളത്തിലെ എം.എൽ,.എ. മാർക്കുള്ള അലവൻസുകളും പെൻഷനും ഇതര അനുകൂല്യങ്ങളും ഗണ്യമായി വർദ്ധിപ്പിക്കാൻ നമ്മുടെ നിയമസഭ തീരുമാനമെടുത്തിട്ട് അധികകാലമായിട്ടില്ല. ജനസേവനത്തിന് ഇത്രയധികം വില കൽപ്പിക്കുന്ന ഈ തീരുമാനം അംഗീകരിക്കുക വഴി ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും അതിർതിരിക്കുന്ന ജണ്ടകൾ വിസ്മയകരമാംവിധം അപ്രത്യക്ഷമായിരിക്കുന്നു. മറ്റേതൊരു തൊഴിലിനും സേവനത്തിനും പ്രതിഫലം നിശ്ചയിക്കുന്നത് തൊഴിലോ സേവനമോ നൽകുന്ന വ്യക്തികൾ അല്ല എന്നുള്ള വസ്തുത എല്ലാവർക്കും അറിവുള്ളതാണ്. എന്നാൽ നമ്മുടെ നിയമസഭാ സാമാജികരുടെ കാര്യത്തിൽ മാനദണ്ഡം തീർത്തും വ്യത്യസ്തമാണ്. ജോലിയോ സേവനമോ നിർവ്വഹിക്കുന്നവർ തന്നെ അവരുടെ പ്രതിഫലവും നിശ്ചയിക്കുകയെന്നത് ഒരു വിരോധാഭാസം തന്നെയത്രെ. ഇക്കാര്യത്തിൽ പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻചാണ്ടിയുടേതായി വേറിട്ടൊരു ശബ്ദം കേൾക്കാനിടയായി. നിയമസഭാ സാമാജികരുടെ ആനുകൂല്യങ്ങൾ അവർ തന്നെ ഉൾപ്പെട്ട നിയമസഭ വർദ്ധിപ്പിക്കുന്നത് സമൂഹത്തിൽ തെറ്റിദ്ധാരണ ഉണ്ടാവാനിടയാക്കുമെന്നും അതിനാൽ പുറത്തുനിന്നുള്ള ഒരു ഏജൻസിയെക്കൊണ്ട് ആനുകൂല്യങ്ങൾ നിശ്ചയിക്കണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം. മുൻപൊരിക്കൽ നിയമസഭാ സാമാജികരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച അവസരത്തിൽ സി.പി.ഐ. യുടെ ഭാഗത്തുനിന്നും എതിർപ്പുണ്ടായതായി ഓർമ്മിക്കുന്നു.

മുൻകാലങ്ങളിൽ അനുഷ്ഠിച്ച സേവനത്തിനുള്ള പ്രതിഫലമെന്ന നിലയിൽ, പെൻഷൻ ഔദാര്യമല്ല, അവകാശമാണ് എന്ന തത്വം രൂഢമൂലമായിട്ടുണ്ടെങ്കിലും ഇത് അപൂർവം ചില വിഭാഗങ്ങൾക്ക് നിഷേധിക്കുന്നു എന്ന വസ്തുതയും ഈ സന്ദർഭത്തിൽ സ്മരണീയമാണ്. ഇവിടെ വിവക്ഷിക്കുന്നത് മുൻനാടുവാഴികൾക്ക് അനുവദിച്ചു വന്നിരുന്ന അടുത്തൂൺ സമ്പ്രദായത്തെയാണ്. കേരളത്തിൽ വിവിധ പ്രദേശങ്ങളിലുള്ള മുൻനാടുവാഴി കുടുംബാംഗങ്ങൾക്ക് പല നിരക്കുകളിലാണ് ഈ അടുത്തൂൺ സംഖ്യ ലഭിച്ചു വരുന്നത്. തിരുവിതാംകൂർ–കൊച്ചി പ്രദേശത്തെ മുൻനാടുവാഴികൾക്ക് ലഭിച്ചിരുന്ന അടുത്തൂൺ 1949ലെ തിരു–കൊച്ചി സംയോജനത്തോടെ പരിമിതപ്പെടുത്തുകയും അതിനുശേഷം ജനിച്ച നാടുവാഴി കുടുംബങ്ങളിലെ പ്രജകൾക്ക് അടുത്തൂൺ അർഹത നിഷേധിക്കപ്പെടുകയുമാണുണ്ടായത്. ചുരുക്കത്തിൽ, 1949ലെ തിരു– കൊച്ചി സംയോജനതീയതിയ്ക്കു മുൻപ് ജീവിച്ചിരുന്നവർക്കു മാത്രമേ അടുത്തൂൺ അവകാശമായി നിലനിൽക്കുന്നുള്ളു. ഇപ്പോൾ ഈ സംഖ്യ ലഭിച്ചുവരുന്ന ചുരുക്കം ചിലർ കൂടി മണ്ണിലലിയുമ്പോൾ നാടുവാഴിത്തം പൂർണ്ണമായും കേരളത്തിൽ നിന്നും തുടച്ചു നീക്കപ്പെട്ടു എന്ന് ആധുനിക കേരളത്തിന് അഭിമാനിക്കാം!

ആദ്യകാലത്ത് ഭക്ഷ്യധാന്യങ്ങളായി നൽകിവന്നിരുന്ന അടുത്തൂൺ, ഭക്ഷ്യദൗർലഭ്യം രൂക്ഷമായതിനെത്തുടർന്ന് പണമായി നൽകാൻ തുടങ്ങി. റവന്യൂ ബോർഡ്, കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നെല്ലിന്റെ നിരക്കുവിലയായിത്തീർന്നു, ഈ അടുത്തൂൺ സംഖ്യ. വളരെ തുച്ഛമായ

ഒരു സംഖ്യയാണ് ഇപ്പോൾ ലഭിച്ചുവരുന്നത്. ഇത് രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ തികച്ചും അപര്യാപ്തമാണ് എന്നത് ഖേദകരം തന്നെ. ആദ്യകാലങ്ങളിൽ നെല്ലിന്റെ നിരക്കുവില പറയ്ക്ക് 1 രൂ. 50 പൈസയായി നിലനിന്നിരുന്നുവെന്നത് ഇപ്പോൾ വിസ്മയകരമായി ത്തോന്നാം. 6 പറ നെല്ലിന്റെ നിരക്കുവിലയായ 9 രൂപയ്ക്കു പുറമെ പലവ്യഞ്ജനത്തിനായി ഔദാര്യപൂർവ്വം നൽകിയിരുന്ന 35 പൈസയും വാങ്ങിയിരുന്ന നാടുവാഴി കുടുംബങ്ങൾ ഉണ്ടായിരുന്നുവെന്നത് പുത്തൻതലമുറയ്ക്ക് അത്ഭുതകരമായ ഒന്നായി തോന്നാം. പിന്നീട് കാലം മാറിയപ്പോൾ ചെറിയ മാറ്റങ്ങൾ മാത്രമേ അടുത്തൂൺ ഇനത്തിൽ ഉണ്ടായിട്ടുള്ളു.

ആധുനിക ഭരണാധികാരികളുടെയും ജനപ്രതിനിധികളുടെയും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന സന്ദർഭത്തിൻമേൽ പരാമർശിക്കപ്പെട്ട മുൻനാടുവാഴി കുടുംബാംഗങ്ങളുടെ ശോചനീയാവസ്ഥയും ബന്ധപ്പെട്ടവരുടെ ശ്രദ്ധയ്ക്ക് വിഷയീഭവിക്കേണ്ടതല്ലേ? മുൻനാടുവാഴികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വിവിധ രംഗങ്ങളിലെ സംഭാവനകൾ ഇത്തരുണത്തിൽ ഓർമ്മിക്കേണ്ടതല്ലേ? തിരുവിതാംകൂർ രാജവംശം നമ്മുടെ സംസ്ഥാനത്തിന് നൽകിയ വിലപ്പെട്ട സേവനങ്ങൾ ആർക്കാണ് വിസ്മരിക്കാനാവുക? സ്വന്തം രാജ്യത്തിന്റെ വികസനത്തിനാവശ്യമായ റയിൽബന്ധം സ്ഥാപിക്കുന്നതിനായി തങ്ങളുടെ കുലദൈവമായ ശ്രീപൂർണ്ണത്രയീശന്റെ വിലപ്പെട്ട സ്വർണ്ണ-രത്നാഭരണങ്ങൾ ഉപയോഗപ്പെടുത്തിയ കൊച്ചി മഹാരാജാവിന്റെ അർപ്പണ മനോഭാവം ഇന്നത്തെ ഭരണാധികാരികളുടെ സ്മൃതിപഥത്തിൽ എത്തുമോ? ഇന്ത്യയിൽ ആദ്യമായി ഒരു ക്രൈസ്തവദേവാലയം നിർമ്മിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും നൽകിയ മീനച്ചിൽ കർത്താവെന്ന മുൻ സാമന്തന്റെ മതേതര കാഴ്ചപ്പാടിനെ ആർക്ക് വിസ്മരിക്കാൻ കഴിയും?

പൈതൃകത്തെയും ചരിത്രത്തെയും ഉദ്ഘോഷിക്കുന്ന ആധുനിക ഭരണാധികാരികൾക്ക് എന്തുകൊണ്ട് യാഥാർത്ഥ്യത്തിൽ അധിഷ്ഠിതമായ ചിന്താശക്തിയും ആർജ്ജവവും നഷ്ടപ്പെടുന്നു? 145 വർഷം മുൻപ് നമ്മുടെ തിരുവിതാംകൂറിൽ സർക്കാർ ജീവനക്കാർക്ക് അടുത്തൂൺ അനുവദിച്ച് ദീനദയ കാണിച്ച ആയില്യം തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ ക്ഷത്രിയവംശം തങ്ങളുടെ പെൻഷൻ (അടുത്തൂൺ) കേരളത്തിലെ സർക്കാർ ജീവനക്കാർക്കു നൽകുന്ന മിനിമം പെൻഷനു തുല്യമായിട്ടെങ്കിലും നിജപ്പെടുത്തണമെന്ന് ക്ഷത്രിയ ക്ഷേമസഭയിലൂടെ ആവശ്യപ്പെടുമ്പോൾ, കാലം നമ്മോട് എത്ര ക്രൂരമായാണ് പെരുമാറുന്നതെന്നോർത്ത് സങ്കടപ്പെടാനല്ലാതെ മറ്റെന്തിനാണ് കഴിയുക?

തുച്ഛമായ അടുത്തൂൺ സംഖ്യകൊണ്ട് ഉപജീവനം കഴിക്കുന്ന അവഗണിക്കപ്പെട്ട വിഭാഗത്തെപ്പറ്റി ചിന്തിക്കാൻ, ജനാധിപത്യ സംവിധാനത്തിന്റെ ചുക്കാൻ പിടിക്കുന്ന ആധുനിക ഭരണാധികാരികൾക്ക് കഴിയുമോ? ചുരുങ്ങിയത്, സർവ്വീസ് പെൻഷൻകാരുടെ മിനിമം പെൻഷൻ തുകയ്ക്കു തുല്യമായ സംഖ്യ നൽകി ഈ അവശ വിഭാഗത്തെ സഹായിക്കാൻ സർക്കാരിന് ബാദ്ധ്യതയുണ്ട്. ●

ലേഖനം

# സർക്കാരിന്റെ മേലങ്കിയിൽ ഇപ്പോഴും രാജമുദ്ര

**ആത്മജവർമ്മ തമ്പുരാൻ**

രാജഭരണം ജനാധിപത്യത്തിനു വഴിമാറി കൊടുത്തിട്ടു അരനൂറ്റാണ്ടിലേറെയായി. കേരളത്തിനു ഔദ്യോഗികമുദ്രയും നിലവിൽ വന്നിട്ടു പതിറ്റാണ്ടുകളായി. എന്നാൽ ഇപ്പോഴും ചില സർക്കാർ ഓഫീസുകളുടെ നെറുകയിൽ രാജമുദ്രയായ ശംഖ് ഔദ്യോഗിക മേൽവിലാസമായി ഉപയോഗിക്കുന്നുണ്ട്. ഇത് നിരോധിക്കണം.

ജനാധിപത്യം പിച്ചവെച്ചു തുടങ്ങിയ നാളുകളിൽ രാജകുടുംബാംഗങ്ങളുടെ ഉദാരസമീപനം കൊണ്ട് സർക്കാർ ഓഫീസുകളിൽ രാജമുദ്ര തുടർന്നു വന്നതിന്റെ സാഹചര്യം മനസ്സിലാക്കാവുന്നതേയുള്ളു. എന്നാൽ 'മധ്യപ്രായവും കഴിഞ്ഞ് ഷഷ്ട്യബ്ദപൂർത്തിയോടടുക്കുന്ന സർക്കാർ ഇപ്പോഴും തെറ്റ് ആവർത്തിച്ചുകൊണ്ടേയിരിക്കുന്നതിൽ ന്യായീകരണമില്ല.

സംസ്ഥാനത്തിന്റെ ഔദ്യോഗികമുദ്ര 1958–ൽ അംഗീകരിക്കപ്പെട്ടപ്പോൾ ശംഖ് തിരുവിതാംകൂർ രാജകുടുംബത്തിന്റെ മാത്രം മുദ്രയായി ഉപയോഗിക്കാൻ സർക്കാർ അനുവാദം നൽകിയിരുന്നു. ഇതനുസരിച്ചാണ് രാജകൊട്ടാരത്തിൽ ശംഖ് ഐശ്വര്യത്തിന്റെ മുഖമുദ്രയായി നിലകൊള്ളുന്നത്.

രാജഭരണകാലത്ത് നിർമിക്കപ്പെട്ട പല ഔദ്യോഗിക മന്ദിരങ്ങളും കാലത്തിനെയും അതിജീവിച്ച് കരുത്തോടെ ഇന്നും നിലനിൽക്കുന്നുണ്ട്. നിർമാണത്തിലെ മേന്മ വെളിവാക്കുന്നതാണ് ഇത്തരം കെട്ടിടങ്ങൾ. എന്നാൽ ഇതേ കാരണത്താൽ രാജകുടുംബത്തിനു മാത്രമായി അവകാശപ്പെട്ട മുദ്ര ഇപ്പോഴും മുഖശ്രീയാക്കുന്നത് നന്നല്ല.

സംസ്ഥാനത്തെ പല ജില്ലകളിലും സർക്കാർ ഓഫീസ് കെട്ടിടത്തിൽ ശംഖ് മുദ്ര കാണാം. രണ്ട് ഉദാഹരണങ്ങൾ മാത്രം ചൂണ്ടിക്കാട്ടാം. ഒന്നു റോഡുമാർഗം പോയാൽ കാണുന്നത്. മറ്റൊന്ന് ജലമാർഗ്ഗത്തിൽ ഉള്ളതും.

എം.സി. റോഡിൽ യാത്ര ചെയ്താൽ ചങ്ങനാശ്ശേരിക്കു സമീപം ആരുടെയും ശ്രദ്ധയാകർഷിക്കും വിധമാണ് ചങ്ങനാശ്ശേരി വില്ലേജ് ഓഫീസിന്റെ സ്ഥാനം. പെരുന്ന ആസ്ഥാനമായ കെട്ടിടത്തിന്റെ മുഖ്യവാതിലിനോടു ചേർന്ന ഭിത്തിയിൽ ശംഖുമുദ്ര കാണാം. പഴയ വട്ടെഴുത്തിൽ വില്ലേജ് ഓഫീസ് എന്നും എഴുതിയിട്ടുണ്ട്. വൈക്കം ബോട്ടു ജെട്ടിയാണ് മറ്റൊരു ഉദാഹരണം. ദിവാൻ ഭരണകാലത്തു നിലവിൽ വന്നതാണ് ബോട്ടു ജെട്ടി. മഹാത്മാഗാന്ധിയുടെ കാൽപെരുമാറ്റം തൊട്ടറിഞ്ഞ മണ്ണ്. ജങ്കാർ സർവീസ് ഉൾപ്പെടെ ജലഗതാഗതത്തിനു പരിഷ്ക്കാരങ്ങൾ വന്നെങ്കിലും കെട്ടിടത്തിനും ശംഖുമുദ്രയ്ക്കും മാറ്റമില്ല.




വൈക്കം–കുമരകം റോഡിൽ കുടവെച്ചൂർ പോലീസ് ഔട്ട്പോസ്റ്റിന്റെ ബോർഡിലും ഭീമമായ ശംഖുമുദ്രയാണ് അലങ്കരിച്ചിരുന്നത്. ഒരു മാസം മുമ്പാണ് കെട്ടിടം പുനഃരുദ്ധാരണത്തിന്റെ പേരിൽ ഇത് പൊളിച്ചു മാറ്റിയത്.

ജനാധിപത്യത്തിന്റെ ആഘോഷങ്ങൾ ഓരോ വർഷവും നിറപ്പകിട്ടാകുമ്പോഴും സ്വന്തം മേൽവിലാസം പൂരിപ്പിക്കാനാവാത്ത ഇത്തരം സർക്കാർ ഓഫീസുകളുടെ സ്ഥിതിക്കു മാറ്റം വന്നേ മതിയാകൂ.

ബോട്ടുദുരന്തങ്ങൾ ആവർത്തിക്കുമ്പോഴും സർക്കാർ ഓഫീസുകളിലെ അപ്രിയ സത്യങ്ങൾ വാർത്തയാകുമ്പോഴും ഔട്ട് ഓഫ് ഫോക്കസായി രാജമുദ്ര കാഴ്ചക്കാരിൽ പതിയുന്നത് ശരിയല്ല.

ശംഖും തീർത്ഥവും മനുഷ്യരിൽ ഉളവാക്കിയിട്ടുള്ളത് മറ്റൊരു സങ്കല്പമാണല്ലോ. തുറന്ന സംവാദത്തിനു ക്ഷത്രിയക്ഷേമസഭ നേതൃത്വം വഹിക്കണം. ●



*ശ്രീ ആത്മജവർമ്മ തമ്പുരാന്റെ ലേഖനം 'ക്ഷാത്രസന്ദേശം' പത്രാധിപസമിതി വായനക്കാരുടെ ചിന്തയ്ക്കായി സമർപ്പിക്കുന്നു. ഇക്കാര്യത്തിൽ പത്രാധിപസമിതിയുടെ വിശദീകരണം ചുവടെ ചേർക്കുന്നു.*

*രാജഭരണം ജനാധിപത്യത്തിനു വഴി മാറിക്കൊടുത്തിട്ട് ഏറെ നാളായി. ശരിയാണ്. മാത്രമല്ല, നമുക്കു ലഭ്യമായ ഭരണക്രമങ്ങളിൽ ഏറ്റവും ഉദാത്തവുമാണ്. 'എന്നിട്ടും ചില സർക്കാർ ആഫീസുകളുടെ നിറുകയിൽ രാജമുദ്രയായ ശംഖ് ഔദ്യോഗിക മേൽവിലാസമായി ഉപയോഗിക്കുന്നുണ്ട്, ഇത് നിരോധിക്കണം' എന്നാണ് ശ്രീ ആത്മജ വർമ്മ തമ്പുരാൻ എഴുതുന്നത്. 'തുറന്ന സംവാദത്തിന് ക്ഷത്രിയക്ഷേമസഭ നേതൃത്വം വഹിക്കണം' എന്നും അദ്ദേഹം പറയുന്നു.*

*ശംഖുമുദ്ര തീർച്ചയായും 'രാജമുദ്ര' തന്നെയായാണ്. അതിലേറെയിരട്ടിയായി 'ചരിത്രമുദ്ര'യായും.*

*ഭാരതത്തിന്റെ ദേശീയപതാകയുടെ ചിഹ്നം അശോചക്രമാണ്. 'അശോകസ്തംഭ'ത്തിന്റെ സ്തംഭാഗ്രം ഭാരതത്തിന്റെ ദേശീയ ചിഹ്നവുമാണ്. അശോകൻ മൗര്യരാജവംശത്തിലെ ഏറ്റവും കീർത്തിമാനായ ചക്രവർത്തി. ഭാരതത്തിൽ ജീവിച്ചിരുന്ന ഒരു രാജാവ്. ബുദ്ധമതപ്രചരണാർത്ഥം അദ്ദേഹം സ്ഥാപിച്ച 'അശോകസ്തംഭം' ഭാരതത്തിന്റെ 'ചരിത്രമുദ്ര'യാണ്. ഭൂതകാലമില്ലാതെ വർത്തമാനകാലമില്ല. വർത്തമാനമില്ലെങ്കിൽ ഭാവികാലവുമില്ല.*

*വൈയ്ക്കം ബോട്ടുജട്ടിയുടെ സൗകര്യങ്ങൾ ഏറെ ഏറെ നന്നാവണം. ഒപ്പം ചരിത്രം വെളിപ്പെടുത്തുന്ന ശംഖുമുദ്രയുള്ള പഴയ കെട്ടിടവും നിലനില്ക്കണം. അത് ചരിത്രത്തോടുള്ള, മനുഷ്യന്റെ ഓർമ്മകളോടുള്ള സത്യം പറയലാണ്. ചരിത്രത്തിന്റെ അടയാളപ്പെടുത്തലാണ്. മറ്റൊന്നുകൂടി. വൈയ്ക്കം ബോട്ടുജെട്ടിക്കു തൊട്ടടുത്തുള്ള കേന്ദ്രസർക്കാർ സ്ഥാപനമായ പോസ്റ്റാഫീസിന് മുമ്പിൽ ഒരു 'ചരിത്രപുരുഷ'നെ സ്ഥാപിച്ചിട്ടുണ്ട്. പഴയ ഒരു അഞ്ചൽപ്പെട്ടി. ആ അഞ്ചൽപ്പെട്ടിയിൽ ആരുംതന്നെ ഒരു കത്ത് 'പോസ്റ്റ്' ചെയ്യാൻ ഇടയില്ല. കാരണം അത് ചരിത്രത്തിന്റെ ഒരു മുദ്രമാത്രമാണ്. വൈയ്ക്കം പോസ്റ്റാഫീസിനു മുന്നിലെ പുതിയ പോസ്റ്റ് ബോക്സും പഴയ 'അഞ്ചൽപ്പെട്ടി'യും 'ഏകോദരസഹോദര'ങ്ങളെപ്പോലെ നില്ക്കുന്ന ചിത്രം 'ക്ഷാത്രസന്ദേശം' പ്രസിദ്ധീകരിക്കുന്നു. 1996 മാർച്ച് 26ന് എടുത്തതാണ് ഈ ചിത്രം.*

# അമ്മ വരുവോളം



ലളിത കെ. വർമ്മ, പിലാത്തറ

വതിവുപോലെന്നും നടത്തുന്നയെന്റെയീ
സായാഹ്ന സഞ്ചാരവേളയിൽ ഞാൻ
കായൽക്കരയിലൂടിത്തിരി നേരമൊരു
സ്വപ്ന സഞ്ചാരിയായ് മെല്ലെ നീങ്ങി.
തമ്മിൽക്കലഹിച്ചടി പിടി കൂട്ടുന്നൊ-
രാമുളങ്കാടിന്നടുക്കലെത്തി.
നല്ല ചങ്ങാതിമാരെന്നിവരെന്നാലു-
മെന്നുമേ തമ്മിലടിച്ചിടുന്നു.
ആ മുളങ്കാടിന്നിടയിലൂടെന്നെയ-
ങ്ങൊളിയമ്പിതെയ്യുന്നിതാരിതയ്യോ!
മെല്ലെയാടുന്നൊരാരാത്തൊട്ടിലിൽ നിന്നതാ
എത്തി നോക്കീടുന്നൊരോമൽക്കിളി
അമ്മക്കിളിയെത്തിരയുന്നതാണിവൾ
അമ്മ വന്നെന്നു നിരൂപിച്ചുവോ?
എന്നുടെ നോട്ടത്താൽ പേടി തോന്നീട്ടതാ-
തിണ്ണം വലിയുന്നു തൊട്ടിലിൽത്താൻ,
പേടിയകറ്റുവാനായതാ പാടുന്നു
കൂട്ടുകാർ നല്ല മുളങ്കാടുകൾ!
ഇല്ലികൾ തമ്മിലുരസീട്ടുമെല്ലവെ
താരാട്ടു പാടിയുറക്കിടുന്നു.
അമ്മ വരുവോളമങ്ങുറങ്ങീടട്ടെ-
യോമൽക്കുരുവിയക്കൂട്ടിന്നുള്ളിൽ
ശാന്തമായ് പാവമുറങ്ങട്ടെയെന്നോർത്തു
പാന്ഥനാം ഞാനും നടന്നു നീങ്ങി. ●

പുരാണങ്ങളിലൂടെ



# ശക്താനാം ഭൂഷണം ക്ഷമാ

ചന്ദ്രാവലി തമ്പുരാൻ

ക്ഷമ– തിതിക്ഷ, ഒരേ നാണയത്തിന്റെ തന്നെ രണ്ടു വശങ്ങൾ! ആ നാണയം ഇന്ന് പ്രചുര പ്രചാരമായിരിക്കുന്നു. അത് അടിയ്ക്കുന്ന കമ്മട്ടം പ്രവർത്തനരഹിതമൊ? മദ–മാത്സര്യ–ദംഭാദി കള്ള നാണയങ്ങളുടെ അതിപ്രചരണം അതിനെ പുറന്തള്ളിയിരിക്കുന്നുവോ? അത് കാലഹരണപ്പെട്ടുവോ? ആ നാണയത്തിന്റെ മൂല്യ ശോഷണം കാണുമ്പോൾ ഉയരുന്ന ചില സംശയങ്ങൾ! ശാന്തിയും സമാധാനവും ഉണ്ടാകുവാനും നിലനിർത്തുവാനും ഉള്ള മന്ത്രമാണ്, തന്ത്രമാണ് ക്ഷമ– തിതിക്ഷ. വൈരാഗ്യത്തെ, വിദ്വേഷത്തെ ഉന്മൂലനം ചെയ്യുവാൻ അതിനുള്ള ശക്തി നിസ്തുലമാണ്. ശ്രീമദ്ഭാഗവതത്തിൽ ആ മന്ത്രധ്വനി ആദ്യന്തം മുഴങ്ങുന്നത് കാതോർക്കുക.

ഭാഗവതത്തിലെ യഥാർത്ഥ കഥാഭാഗം ആരംഭിക്കുന്നതുതന്നെ ക്ഷമയുടെ പ്രകാശ സ്ഫുലിംഗങ്ങൾ പ്രസരിപ്പിച്ചുകൊണ്ടാണ്. കഥകൾ ആരംഭിയ്ക്കുന്നത്, ധർമ്മാfധർമ്മങ്ങളുടെ വടംവലി നടന്ന കുരുക്ഷേത്രത്തിൽ, ഭീമസേനന്റെ ഗദാപ്രഹരമേറ്റ് ഊർദ്ധ്വ ശ്വാസം വലിയ്ക്കുന്ന ദുര്യോധനന് പ്രിയം ചെയ്യുവാനെന്നവണ്ണം, ഉറങ്ങിക്കിടന്ന അഞ്ചു പാഞ്ചാലീപുത്രന്മാർ വധിയ്ക്കപ്പെട്ടതായറിയുന്ന പാഞ്ചാലിയുടെ ദീനരോദനത്തോടെയാണ്. തനിയ്ക്ക് പ്രിയം ചെയ്യുവാനായിട്ടാണെങ്കിലും ആ നീച പ്രവൃത്തിയെ ദുര്യോധനൻ അഭിനന്ദിച്ചില്ല എന്ന് വ്യാസൻ വ്യക്തമാക്കുന്നുണ്ട്. പാഞ്ചാലിയുടെ (തന്റെയും) ദുഃഖ ശമനത്തിന്നായി ഘാതകന്റെ തലയെടുത്ത് മുമ്പിൽ വെയ്ക്കാമെന്ന് അർജ്ജുനൻ സത്യം ചെയ്യുന്നു, അതിന്നായി പുറപ്പെടുന്നു, കൂട്ടത്തിൽ പാർത്ഥ സാരഥിയും. അശ്വത്ഥാമാവാണ് ആ നീചകർമ്മത്തിന് ഉത്തരവാദിയെന്നറിയുന്ന അർജ്ജുനന് ഗുരുപുത്രനെ വധിയ്ക്കുവാൻ കൈകകൾ ഉയരുന്നില്ല, അയാളെ കയറുകൊണ്ടു കെട്ടി പാഞ്ചാലിയുടെ സവിധത്തിലേയ്ക്കാനയിയ്ക്കുന്നു. ബന്ധനസ്ഥനായ അശ്വത്ഥാമാവിനെ കണ്ട 'വാമസ്വഭാവയായ പാഞ്ചാലി, അദ്ദേഹത്തെ മോചിപ്പിയ്ക്കുവാൻ അർജ്ജുനനോട് അപേക്ഷിക്കുന്നു എന്നു മാത്രമല്ലാ അദ്ദേഹത്തെ നമസ്ക്കരിക്കുകയും ചെയ്യുന്നു. അശ്വത്ഥാമാവിനെ വധിയ്ക്കാതിരിയ്ക്കുന്നതിനുള്ള കാരണവും ആ സാധ്വി നിരത്തുന്നുണ്ട്. യാതൊരു ഗുരുവിന്റെ അനുഗ്രഹം കൊണ്ടാണോ അർജ്ജുനൻ വില്ലാളിവീരനായത്, ആ ഗുരു പുത്രരൂപത്തിൽ വർത്തിയ്ക്കുമ്പോൾ അദ്ദേഹത്തെ വധിയ്ക്കുന്നത് ധർമ്മമല്ല (ആത്മാ വൈ പുത്രഃ) സതീധർമ്മ മനുഷ്ഠിയ്ക്കാതെ പുത്രനു വേണ്ടി ജീവി യ്ക്കുന്ന കൃപിയെ ക്കുറിച്ച് ഓർക്കുക. പുത്രദുഃഖത്തിന്റെ ആഴമറിയുന്ന താൻ കൃപിയെന്നല്ല മറ്റൊരു മാതാവും അതനുഭവിയ്ക്കാൻ ഇടയാകരുതെന്നാണ് ആഗ്രഹിയ്ക്കുന്നത്. പുത്രശോകത്താൽ പിടയുമ്പോഴും ധർമ്മവും ന്യായവും, കാരുണ്യവും മഹത്ത്വവും നിറഞ്ഞ വാക്കുകൾ പരക്കെ പ്രശംസിയ്ക്കപ്പെട്ടു, സ്വീകരിയ്ക്കപ്പെട്ടു, ഭീമസേനൻ മാത്രം അഭിപ്രായവ്യത്യാസം പ്രകടിപ്പിച്ചെങ്കിലും! വധത്തിനു സമാനമായ ശിക്ഷ നല്കി, തല മുണ്ഡനം ചെയ്ത് അശ്വത്ഥാമാവിനെ നാടുകടത്തുന്നു, പ്രതികാരത്തിന്റെ പ്രതീകമായി ചിരഞ്ജീവി യായിരിയ്ക്കുവാൻ!

ഉറങ്ങിക്കിടന്ന നിരപരാധികളായ അഞ്ചു പുത്രന്മാരെ നിഷ്ക്കരുണം വധിച്ചവനോട് ദയ കാണിച്ച പാഞ്ചാലി അസാമാന്യമായ, അന്യാദൃശമായ ക്ഷമയുടെ മൂർത്തീകരണമാണ്. പ്രതികാരത്തിന്റെ തമസ്സിൽ നിന്നും മുക്തയായി ക്ഷമയുടെ തേജസ്സിൽ വിരാജിയ്ക്കുന്ന ദ്രുപദനന്ദിനി!

അശ്വത്ഥാമാവിനെ അർജ്ജുനൻ വധിച്ചിരുന്നു എങ്കിൽ അതിന് പ്രതികാരമെന്നോണം തുടർന്നും പല ദുരന്തങ്ങളും നടക്കുകതികച്ചും സ്വാഭാവ്യം. വധങ്ങളുടെ അപ്രകാരമുള്ള അനസ്യൂത പ്രവാഹത്തിന് തടയിട്ടത് പാഞ്ചാലിയുടെ ക്ഷമയുടെ ഹസ്തങ്ങളാണ്. ഇന്നത്തെ അക്രമരാഷ്ട്രീയത്തിൽ പാഞ്ചാലിയുടെ ഈ ചിത്രം ഏറെ പ്രസക്തമല്ലെ?

ഭാഗവതസപ്താഹശ്രവണമെന്ന സദ്കർമ്മത്തിന് നാന്ദിയായി, അതിന്റെ പശ്ചാത്തലത്തിൽ ക്ഷമയുടെ ഹൃദ്യമായ ഒരു രംഗം കാണാം. പാണ്ഡവന്മാരുടെ മഹാപ്രസ്ഥാനത്തിനുശേഷം പൗത്രൻ പരീക്ഷിത്ത് യഥോചിതം രാജ്യഭാരം നടത്തുന്നു. ഒരിയ്ക്കൽ നായാട്ടിനുപോയ അദ്ദേഹം വിശപ്പും ദാഹവും ശമിപ്പിയ്ക്കുവാനായി ശമീകമഹർഷിയുടെ ആശ്രമത്തിലെത്തുന്നു. സമാധിസ്ഥനായ മഹർഷി അതറിയുന്നില്ല. അദ്ദേഹത്തിന്റേത് 'മൃഷാസമാധി' (കള്ളസ്സമാധി)യാണോ എന്ന് പരീക്ഷിയ്ക്കുന്നതിനാവാം, ഒരു ചത്ത പാമ്പിനെ തോണ്ടിയെടുത്ത് മഹർഷിയുടെ കഴുത്തിലിടുന്നു. മഹർഷി അതൊന്നും അറിയുന്നില്ല. വിവരമറിഞ്ഞ, അദ്ദേഹത്തിന്റെ പുത്രൻ ശൃംഗി കോപിച്ച് രാജാവിനെ ശപിയ്ക്കുന്നു' "ഏഴാം ദിവസം തക്ഷക ദംശനമേൽക്കട്ടെ". അച്ഛന്റെ കഴുത്തിൽ ചത്ത പാമ്പിനെ കണ്ട മുനികുമാരൻ ഉറക്കെ കരയാൻ തുടങ്ങി. മഹർഷി കണ്ണു തുറന്നു. തന്റെ കഴുത്തിൽ കിടന്ന പാമ്പിനെ ഭാവഭേദമെന്യെ വലിച്ചെറിഞ്ഞ് മകൻ കരയുന്നതിന്റെ കാരണം തിരക്കുന്നു. തന്നോടുള്ള സ്നേഹാധിക്യം മൂലമാണെങ്കിൽപോലും പുത്രൻ രാജാവിനെ ശപിച്ചതറിയുമ്പോൾ ആ ബ്രാഹ്മണൻ പുത്രനെ അനുമോദിയ്ക്കുകയല്ലാ, ശാസിയ്ക്കുകയാണ് ചെയ്യുന്നതെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഭൂമിയിൽ സമാധാനവും ശാന്തിയും നിലനിർത്തുന്ന മഹാഭാഗവതനായ ചക്രവർത്തിയായിട്ടാണ് പരീക്ഷിത്തിനെ മഹർഷി കാണുന്നത്. തന്നെ ദ്രോഹിച്ചവനിൽ നന്മ കാണുവാനുള്ള ആ വിശാലമനസ്ക്കത! മകന്റെ ചെയ്തിയിൽ അനുതപ്തനായി മഹർഷി അയാൾക്കുവേണ്ടി ഭഗവാനോടു ക്ഷമായാചനം ചെയ്യുന്നു! മഹർഷി, തന്റെ മകന്റെ പ്രവൃത്തിയിൽ ഏറെ തപ്തനും അതൃപ്തനുമാണെന്ന് വ്യക്തം. തന്നോടു നികൃഷ്ടമായി പെരുമാറിയവന്റെ മഹത്വം ഉൾക്കൊള്ളാനും അദ്ദേഹം ചെയ്ത തെറ്റ് നിസ്സാരമാക്കി തള്ളുവാനും കഴിയുന്ന ശമീകമഹർഷി ക്ഷമയുടെ, തിതിക്ഷയുടെ ഒരു മകുടോദാഹരണമല്ലെ?

പരീക്ഷിത്തും ക്ഷമയെ പ്രതിനിധാനം ചെയ്യുകയാണ്. തല്ക്കാലം അക്ഷമനായി അക്രമം പ്രവർത്തിച്ചെങ്കിലും താമസംവിനാ പശ്ചാത്താപനിമഗ്നനായി ഭഗവാനോട് തന്റെ തെറ്റിനുള്ള ശിക്ഷ ഉടനെ തരുവാൻ പ്രാർത്ഥിക്കുന്നു. യുഗപുരുഷനായ കലിയെപ്പോലും നിലയ്ക്കു നിർത്തുവാൻ പ്രാപ്തനായ അദ്ദേഹം സ്വന്തം ഇന്ദ്രിയങ്ങളെ നിയന്ത്രിയ്ക്കുവാൻ അശക്തനായതിൽ ലജ്ജിക്കുന്നു. ചെയ്ത തെറ്റിന് പ്രായശ്ചിത്തമെന്ന നിലയ്ക്ക് പ്രായോപവേശം ചെയ്ത് ഗംഗാതീരത്തെത്തുന്നു. അല്ലാതെ ചക്രവർത്തിയെന്ന നിലയ്ക്ക് മുനികുമാരനെ ശിക്ഷിയ്ക്കുവാൻ തുനിയുന്നില്ല. അക്ഷമയുടെ ദുരന്തമായ മൃത്യുവക്ത്രത്തിൽ നിന്നും ആത്മാനുഭൂതിയിലൂടെ അമരത്ത്വത്തിലേയ്ക്കുള്ള ജൈത്രയാത്രയ്ക്ക് വഴിതെളിച്ചത് ക്ഷമ എന്ന സദ്ഗുണമാണ്.

പുത്രസ്നേഹം പലപ്പോഴും ധർമ്മിഷ്ഠന്മാരെപ്പോലും കുപഥസഞ്ചാരികളാക്കുന്നു, അന്നും ഇന്നും. ധ്രുവചരിതം കഥ ഏറെക്കുറെ ഏവർക്കും സുപരിചിതമാണല്ലൊ. ധ്രുവനും, ഉത്തമനും സഹോദരന്മാർ. ഉത്തമൻ അച്ഛന്റെ മടിയിൽ കയറിയിരിക്കുന്നത് കണ്ട് ഒപ്പമുണ്ടായിരുന്ന അഞ്ചു വയസ്സുകാരൻ ധ്രുവനും അച്ഛന്റെ ലാളനയ്ക്കു കൊതിച്ചത് സ്വാഭാവികം മാത്രം. പക്ഷേ സുരുചിയുടെ കഠോരവാക്കുകൾ അതിന് തടസ്സം സൃഷ്ടിക്കുന്നു. തന്മൂലം കരഞ്ഞു കൊണ്ടെത്തിയ ഓമനപ്പുത്രനെ സുനീതി ആദ്യം തന്റെ മടിയിലിരുത്തുന്നു. മകന്റെ ദുഃഖം കണ്ട് 'ഇതിന് മറുപടിയായി രണ്ടു വാക്ക് ചോദിച്ചിട്ടു ബാക്കി കാര്യം' എന്ന നിലയ്ക്ക് മകന്റെ ന്യായമായ അവകാശം നിഷേധിച്ച സുരുചിയോടൊ, രാജാവിനോടൊ കയർക്കുവാനോ, പരാതി പറയുവാനോ ആ മാനിനി മുതിരുന്നില്ല. ദംഭവും ദൈന്യവും ഒഴിവാക്കി, മകനിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അവനെ നേർവഴിയ്ക്കു നയിക്കുകയാണ് ആ അമ്മ ചെയ്യുന്നത്. ആദ്യം പറയുന്നതുതന്നെ മറ്റുള്ളവരിൽ കുറ്റമാരോപിയ്ക്കരുതെന്നാണ്. (....'മാ അമംഗളം താത പരേഷു മംസ്ഥാ – 4.8.17) ഓരോരുത്തരും തങ്ങളുടെ കർമ്മഫലം അനുഭവിയ്ക്കുന്നു. കരച്ചിൽ ഒന്നിനും പരിഹാരമാകുന്നില്ല, പ്രതിവിധിയാകുന്നില്ല. സുരുചിയുടെ വാക്കുകളിലെ സത്ത് (തപസാ ആരാധ്യപുരുഷം – 4.8.13) ഗ്രഹിച്ച് പ്രവർത്തിയ്ക്കുക. ക്ഷമയുടേയും തിതിക്ഷയുടേയും ബലത്തിൽ നേടിയെടുത്ത വാക്സംയമനം. ഫലമോ? ധ്രുവൻ നാരദമഹർഷിയുടെ അനുഗ്രഹാശിസ്സുകളോടെ ഭഗവാനെ പ്രത്യക്ഷപ്പെടുത്തി അച്ഛന്റെ ഉത്സംഗവും നൃപാസനവും മാത്രമല്ലാ, അത്യുന്നതമായ ധ്രുവലോകം കൂടി സ്വായത്തമാക്കുന്നു. ദുഃഖത്തിന്റെ തമസ്സിൽപ്പെട്ടുഴലുന്നവർക്ക് മാർഗ്ഗദർശിയായി ധ്രുവനക്ഷത്രം ഇന്നും തിളങ്ങുന്നു. ഭഗവാനെ പ്രത്യക്ഷപ്പെടുത്തി തിരിച്ചെത്തുന്ന ധ്രുവനെ സ്വീകരിയ്ക്കുവാനായി ഉത്താനപാദ മഹാരാജാവിനോടും സുരുചിയോടുമൊപ്പം അലങ്കാരവിഭൂഷിതയായി സുനീ

തിയും ഉണ്ടായിരുന്നു എന്ന് ഭാഗവതത്തിൽ വ്യക്തമാക്കിയിട്ടുണ്ട് (4.9.41) ധ്രുവനോടുള്ള ഇഷ്ടക്കുറവിനു നിദാനം തന്നെ തന്റെ മകൻ എന്ന നിലയ്ക്കാണ്; കാരണം തന്നെ ഭാര്യയെന്നു പറയുന്നതുപോലും മഹാരാജാവ് ലജ്ജാവഹമായി കണക്കാക്കിയിരുന്നുവെന്ന് സുനീതി തന്നെ വ്യക്തമാക്കുന്നുണ്ട്. രാജാവിന്റെ മനംമാറ്റത്തിന് സുനീതിയുടെ ക്ഷമയും തിതിക്ഷയുമാണ് അടിസ്ഥാനമായത്. കൊട്ടാരത്തിലും സ്നേഹത്തിന്റേയും സൗഹാർദ്ദത്തിന്റേയും അന്തരീക്ഷം സംജാതമായി. ഉത്താനപാദൻ ധ്രുവനെ രാജാവാക്കുന്നു. ഒരു യക്ഷൻ തന്റെ അനുജനെ വധിച്ച വാർത്തയറിഞ്ഞ ധ്രുവമഹാരാജാവ് യക്ഷന്മാരുമായി യുദ്ധത്തിനു പുറപ്പെടുന്നത് സ്വാഭാവികം മാത്രം! നിരവധി പേരുടെ മരണത്തിന്നിടയാക്കിയ യുദ്ധത്തിൽ നിന്നും പിന്തിരിയുവാൻ മുത്തച്ഛൻ സ്വായംഭുവമനു ഉപദേശിച്ചപ്പോൾ ധ്രുവൻ നിസ്സങ്കോചം അനുസരിയ്ക്കുന്നു. ഒരാൾ ചെയ്ത തെറ്റിന് നിരവധി നിരപരാധികളെ വധിയ്ക്കുന്നതിലെ അസാധുത്വം, മനു വ്യക്തമാക്കുന്നത് അക്രമാസക്തമായ ഇന്നത്തെസമൂഹത്തിൽ പ്രത്യേകം ചിന്തനീയവും പ്രായോഗികമാക്കേണ്ട തത്ത്വവുമാണ്. അവസാനം മൃത്യുവിനെപ്പോലും കീഴ്പ്പെടുത്തിക്കൊണ്ട് (മൃത്യോർ മൂർധ്നി പദം ദത്വാ ആരുരോഹാ *f*ദ്ഭുതം ഗൃഹം – 4.12.30) വൈകുണ്ഠലോകത്തെത്തി എന്നാണ് ഭാഗവത രചയിതാവ് വർണ്ണിച്ചിരിക്കുന്നത്. ഭഗവദ്പാർഷദന്മാരാൽ അനുഗമിയ്ക്കപ്പെട്ട് ഭഗവദ് ലോകത്തേയ്ക്കു പോകുന്ന ധ്രുവൻ അമ്മയെ സ്മരിയ്ക്കുന്നതിൽ നിന്നും സുനീതി മകനെ എത്രമാത്രം സ്വാധീനിച്ചിരുന്നു എന്ന് വ്യക്തമാണ്. അച്ഛനമ്മമാർ കുട്ടികളുടെ വ്യക്തിത്വ വികസനത്തിൽ വളരെ പ്രധാന പങ്കു വഹിയ്ക്കുന്നു എന്നും, അവർ തമ്മിലുള്ള സ്വരചേർച്ചയില്ലായ്മ കുട്ടികളെ മാനസികമായി പ്രതികൂലമായി ബാധിയ്ക്കുന്നു എന്നും ആധുനിക മനഃശാസ്ത്രം അടിവരയിട്ടു പറയുന്ന തത്ത്വം സുനീതി പ്രാവർത്തികമാക്കിയിരുന്നു. തന്നെ അവഗണിയ്ക്കുന്ന മഹാരാജാവിനെ സുനീതി ധ്രുവന്റെ മുമ്പിൽ ഒരിയ്ക്കലും മോശപ്പെട്ട രീതിയിൽ അവതരിപ്പിച്ചിരുന്നില്ല എന്നു വ്യക്തം. അപ്രകാരം ചെയ്തിരുന്നെങ്കിൽ ബുദ്ധിമാനായ ആ ക്ഷത്രിയകുമാരൻ അച്ഛന്റെ മടിയിൽ വലിഞ്ഞുകേറുവാൻ ശ്രമിയ്ക്കുമായിരുന്നില്ല.

ക്ഷമയും തിതിക്ഷയുമാണ് സുനീതിയേയും തദ്വാരാ ധ്രുവനെയും ഇത്രയേറെ ഉയരങ്ങളിലേയ്ക്കെത്തിച്ചത്. തന്റെ പരാജയത്തിൽ അന്യരെ കുറ്റപ്പെടുത്താതെ സ്വന്തം ശ്രേയസ്സിനുവേണ്ടി ദുഃഖം വെടിഞ്ഞ് പ്രവർത്തിയ്ക്കുവാൻ ഉദ്ബോധിപ്പിച്ച സുനീതിയാണ് ധ്രുവന്റെ പിന്നിലെ ശക്തി. സമാനതലത്തിലുള്ള സംഭവങ്ങൾ ഇന്ന് സമൂഹത്തിൽ സുലഭമാണ്. പ്രതികൂലമായി പ്രതികരിയ്ക്കുവാൻ തുനിയുന്നതിനു മുമ്പ് ധ്രുവമാതാവിനെ സ്മരിക്കുക.

ലക്ഷ്മീപര്യങ്കത്തിൽ തല വെച്ചുറങ്ങുകയായിരുന്ന മഹാവിഷ്ണുവിന്റെ മാറത്ത് (ക്ഷമ പരീക്ഷിക്കുന്നതിന്നായിട്ടാണു പോലും!) ഭൃഗുമഹർഷി ചവിട്ടുന്നു. ഉണർന്നെഴുന്നേറ്റ അവിടുന്ന് മഹർഷിയെ നമസ്ക്കരിയ്ക്കുന്നു. കാലുകൊണ്ടു മാറത്തടിച്ചവനെ (പദാവക്ഷസി അതാഡയൽ 10.89.8) ശിരസ്സു കൊണ്ടു നമിച്ചു എന്നാണ് വേദവ്യാസ മഹർഷിയുടെ വാക്കുകൾ. ആതിഥ്യമര്യാദ പാലിയ്ക്കുവാൻ, എഴുന്നേറ്റു വന്ദിയ്ക്കുവാൻ വൈകിയതിൽ ഭഗവാൻ മഹർഷിയോടു ക്ഷമായാചനം ചെയ്യുന്നു. തന്റെ കഠോരമായ വക്ഷസ്സിൽ ചവുട്ടിയപ്പോൾ മഹർഷിയുടെ അതികോമളങ്ങളായ പാദങ്ങൾ വേദനിച്ചുവൊ എന്നാണ് അവിടുത്തെ ഉത്കണ്ഠ, അവിടുന്ന് മഹർഷിയുടെ പാദങ്ങൾ തലോടി സമാശ്വസിപ്പിക്കുന്നു, പാദചിഹ്നം മഹാലക്ഷ്മിയോടൊപ്പം മാറിടത്തിൽ അലങ്കാരമായി സ്വീകരിക്കുന്നു.

നിസ്തുലമായ, നിരതിശയമായ ക്ഷമയുടെ സന്ദേശമാണ് ശ്രീവത്സം നൽകുന്നത്.

ശ്രീമദ് ഭാഗവതത്തിലുടനീളം ക്ഷമയുടെ പ്രാധാന്യം പ്രഭാവം വിളിച്ചോതുന്ന നിരവധി മുഖങ്ങൾ ഇനിയും കാണാം. അന്യരോട് ക്ഷമിയ്ക്കുന്നത്, അല്പം സഹിയ്ക്കുന്നത് ദൗർബല്യമല്ലാ, ഭീരുത്വമല്ലാ, നേരെ മറിച്ച് അത് മനോബലത്തിന്റെ ലക്ഷണമാണ്. ഓർക്കുക.... "ശക്താനാം ഭൂഷണം ക്ഷമാ." ●


## എൺപത്തിരണ്ടാം പിറന്നാൾ ആഘോഷിച്ചു



**പി.കെ. രത്നം നമ്പിഷ്ടാതിരി**

തൃപ്പൂണിത്തുറ കുറുമല കോയിക്കൽ കൊച്ചനുജൻ തിരുമുൽപ്പാടിന്റെ സഹധർമ്മിണി പടിഞ്ഞാറെ കോതാംഗലത്തു മഠത്തിൽ രത്നം നമ്പിഷ്ടാതിരിയുടെ 82–ാം പിറന്നാൾ 12–1–2010 ൽ സമുചിതമായി ആഘോഷിച്ചു

ആശംസകളോടെ
മക്കൾ, ചെറുമക്കൾ, മരുമക്കൾ



# പാരം പരാർത്ഥം



**ദാമോദരൻ**

മനുഷ്യജീവിതം ക്ഷണികവും നശ്വരവുമാണ്. ജീവിതത്തിന്റെ സിംഹഭാഗവും അന്യന്റെ സുഖത്തിനും ക്ഷേമത്തിനും വേണ്ടി സമർപ്പിച്ച് മൺമറഞ്ഞവർ നിരവധിയാണ്. അങ്ങിനെയുള്ള പുണ്യാത്മാക്കൾ സ്മരണീയരായിത്തീരുന്നു. എന്നാൽ ജീവിതാനന്തരവും ഒരാൾ അന്യർക്ക് ഉപകാരമുള്ള കാര്യങ്ങൾ ചെയ്യാൻ തീരുമാനിക്കുന്നത് അത്ര സാധാരണമല്ല. അങ്ങിനെയുള്ളവർ ധന്യാത്മാക്കളായിത്തീരുകയും ചിരസ്മരണീയരാവുകയും ചെയ്യുന്നു. മരണാനന്തരം തന്റെ കണ്ണും വൃക്കകളും ഹൃദയവും ദാനം ചെയ്യുന്നതിനു പുറമേ സ്വന്തം ശരീരവും മെഡിക്കൽ വിദ്യാർത്ഥികൾക്ക് ഗവേഷണത്തിനായി നൽകാൻ തീരുമാനിച്ച് ഒസ്യത്ത് എഴുതി രജിസ്റ്ററാക്കിയ ഒരു വലിയ മനസ്സിന്റെ ഉടമയെ ഇവിടെ പരിചയപ്പെടുത്തുന്നു. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിലെ മുൻ ഉദ്യോഗസ്ഥനും അവരുടെസംഘടന (BKNKSANGH)യുടെ അഖിലേന്ത്യാ പ്രസിഡന്റും കരിവെള്ളൂർ ക്ഷത്രിയക്ഷേമസഭയുടെ സജീവപ്രവർത്തകനുമായ ശ്രീ.വി.എം. ദാമോദരനാണ് ഈ മാതൃകാ പുരുഷൻ. സംഘടനയുടെ മുഖപത്രം "Food Corp Men'- ൽ ഇത് സംബന്ധിച്ച് വന്ന വാർത്ത ഇവിടെ കൊടുക്കുന്നു. ഈ മാതൃകാ സദ്കർമ്മത്തിൽ ക്ഷാത്രസന്ദേശം അദ്ദേഹത്തിന് അഭിനന്ദനങ്ങളും അഭിവാദ്യങ്ങളും അർപ്പിക്കുന്നു.

Registered No. KL/EKM/202/2006-08 RN. 29642/78 APRIL 2008
Vol. XVIII No. 9 Single Copy : Rs.10.00
Posted at PSO, Kochi on 25.4.2008
FOODCORPMEN
Released by FCI Employees' Union & BKNK SANGH
President : M.N. PILLAI President : V.M. DAMODARAN
Genl. Secretary : NALLA THAMPI Genl. Secretary : M.C. TYAGI

## V.M.D.
### Sets an Example

Shri. V. M. Damodaran, All India President of B.K.N.K. Sangh, has donated his eyes, kidneys and heart to the needy and poor patients as per the deed dated 08.01.2008 registered in the Sub Registrar's Office, Taliparamba, Kannur district, Kerala. As per the will, no religious rites should be performed on the body and after removing the eyes, kidneys and heart, the body be handed over to the nearest medical college for the benefit of the medical students.

During the year 1999, Sri.Damodaran was awarded a certificate of recognition by the Chennai based Indian Blood Banks Association for his continuous blood donation to save other lives.

Even after the retirement from the FCI, Sri. Damodaran is struggling hard for the welfare of working class still. He is also holding the post of All India President of Retired FCI Employees Welfare Association.

Let us congratulate this leader for his noble endeavour, magnificence and generosity of spirit. ❑❑

Edited, Printed and Published by K. Devaraja Panicker, Food Corporation of India, Kandomkulathi Towers, Kochi-682 011 for FCI Employees' Union Kerala Region and Printed at Vanitha Printing Industry, Mahakavi G. Road, Ernakulam-682 011. Associate Editor : P.M. Ibrahim

*◆ അൻപതിലേറെ തവണ രക്തം ദാനം ചെയ്ത് ചരിത്രം സൃഷ്ടിച്ച ദാമോദരന് ഇന്ത്യൻ ബ്ലഡ് ബാങ്ക് അസോസിയേഷന്റെ സാക്ഷിപത്രവും ലഭിച്ചിട്ടുണ്ട്.*

മധുരസ്മൃതികൾ



# അകത്തളങ്ങളേ ആശ്വസിയ്ക്കൂ!

മാലിനി രവിവർമ്മ

പൗരാണിക ഭാരതത്തിലെ ഋഷീശ്വരന്മാരും നമ്മുടെ പൂർവ്വികരും കാത്തു സംരക്ഷിച്ചു വന്ന, ആത്മീയതയിലധിഷ്ഠിതമായ, സാംസ്കാരിക പൈതൃകമാണ് നമ്മുടെ യാർത്ഥ സമ്പത്ത്. അത് അന്യം നിന്നുപോവാതെ തലമുറകൾക്ക് കൈമാറേണ്ട ബാധ്യത നമുക്കുണ്ടെന്നറിയുക. കൂട്ടുകുടുംബങ്ങളിൽ ഒരു കാലത്ത് നിലനിന്നിരുന്ന ആഹ്ലാദം നിറഞ്ഞ അന്തരീക്ഷവും ശാലീന സൗന്ദര്യവും മാലിനിരവിവർമ്മയുടെ വരികളിൽ നിറഞ്ഞുനിൽക്കുന്നു.

നമ്മുടെ പഴയ തറവാടുകൾ എല്ലാം തന്നെ അന്നത്തേ ജീവിത ശൈലിയ്ക്കനുസൃതമായി, നാലുകെട്ട്, എട്ടുകെട്ട്, പതിനാറുകെട്ട്, തേവാരപ്പുര, അറപ്പുര, ചാവ ടി തുടങ്ങിയ ഭാഗങ്ങളാൽ രൂപം കൊണ്ടവയായിരുന്നു. കൂടാതെ പ്രധാന ഭാഗങ്ങളായ അകത്തളങ്ങളും കിടക്കറകളും ഇവയെല്ലാം തന്നെ ആ കാലഘട്ടത്തിലെ സ്വൈരവും സ്വച്ഛന്ദവുമായ ജീവിതശൈലിയ്ക്ക് ഉതകുന്നവയായിരുന്നു.

ഒരുകാലത്ത് സ്നേഹത്തിന്റേയും കൂട്ടായ്മയുടേയും ഊഷ്മളപ്രവാഹങ്ങളും, പൊട്ടിച്ചിരികളും അലയടിച്ചിരുന്നു അകത്തളങ്ങളിലൊക്കെ. സൗഹൃദത്തിന്റെ സ്പന്ദനങ്ങൾ താളത്തിൽ താളത്തിൽ തുടികൊട്ടി കൊട്ടാരക്കെട്ടുകളേയും കോവിലകങ്ങളേയും പുളകിതമാക്കിയ പോയ നാളുകൾ ചുരുക്കം ചില അമ്മ അമ്മൂമ്മമാരെങ്കിലും നിശ്വാസത്തോടെ ഓർക്കുന്നുണ്ടാവും.

കുടുംബത്തിൽ ഒരു കുട്ടി ജനിച്ചാൽ ഇരുപത്തി എട്ടാം പിറന്നാൾ മുതൽ തുടങ്ങും ആഘോഷങ്ങൾ. ചോറൂണ്, കാതുകുത്ത്, പിറന്നാൾ, ചൗളം, ഉപനയനം, പെൺകുട്ടികൾ ഋതുമതിയാകുമ്പോഴുള്ള ചടങ്ങുകൾ, താലികെട്ടുകല്യാണം, വിവാഹം സീമന്തം തുടങ്ങിയവ.

കൂടാതെ പൊതുആഘോഷങ്ങളായ ചിങ്ങമാസത്തിലേ തിരുവോണനാളുകൾ. നവരാത്രി, ദീപാവലി, തിരുവാതിര, ശിവരാത്രി, വിഷു ഇവയെല്ലാം പോയ കാലഘട്ടങ്ങളിൽ വിപുലമായി നാം ആചരിച്ചുപോന്നു. തിരുവാതിര ഇരുപത്തി എട്ട് ദിവസത്തോളം നീണ്ടുനില്ക്കുന്ന സ്ത്രീകളുടെ മാത്രമായ ആഘോഷമായിരുന്നു. ധനുമാസത്തിലെ മഞ്ഞിൽ നനഞ്ഞുകുളിർത്തുവരുന്ന പുലരികന്യകയ്ക്ക് സ്നേഹത്തിന്റെ ഊഷ്മളത പകരാനായി കുളപ്പുരക്കടവുകളിൽ നിന്നും 'തുടിച്ചുകുളി'യുടെ അലകൾ ഉയരുമായിരുന്നു. പുരാണകഥാമൂല്യങ്ങൾ ഉൾക്കൊള്ളുന്ന തിരുവാതിരപ്പാട്ടുകളാൽ നടപ്പുരയിലും നാലുകെട്ടിലും താളവും ചുവടുവെയ്പും മുറുകുമ്പോൾ മദ്ധ്യാഹ്നസുന്ദരിപുളകിതയാകുമായിരുന്നു. ഒപ്പം അകക്കെട്ടുകൾക്കും ഉൾത്തളങ്ങൾക്കും ആനന്ദാനുഭൂതിയും.

പിന്നെ വിഷുദിനങ്ങളിൽ കൈനീട്ടമായി വല്ല്യമ്മാവൻ തരുന്ന വെള്ളിനാണയങ്ങൾ ഞങ്ങളുടെ ഉള്ളംകയ്യിലും മനസ്സിലും തിളങ്ങി കിടക്കുമായിരുന്നു. ഇന്നത്തേ ബാല്യങ്ങൾക്ക് വല്ല്യമ്മാവന്മാരേ മറ്റാരെങ്കിലും പരിചയപ്പെടുത്തേണ്ടതായി വന്നിരിക്കുന്നു.

സമുദായാഘോഷങ്ങളിൽ ഉപനയനത്തിനും താലികെട്ടുകല്യാണത്തിനും അക്കാലത്ത് വലിയ പ്രാധാന്യം കല്പിച്ചിരുന്നു എന്നാണറിവ്.

കെട്ടുകല്യാണത്തിനു ഒരാഴ്ച മുൻപെങ്കിലും ബന്ധുക്കളേ ക്ഷണിച്ചുവരുത്തും. എല്ലാപേരും അമ്മമാരും ചെറിയമ്മമാരും, വലിയമ്മമാരും, അമ്മൂമ്മമാരും തന്നെ. വരുന്ന ബന്ധുക്കൾ ഓരോരുത്തരും ഓരോ ചുമതലകൾ ഏറ്റെടുത്തുകൊള്ളും. സ്വജനങ്ങൾ ഒത്തു

കൂടി നേരം പോക്കുകൾ പറയാനും, പരിഭവങ്ങൾ പങ്കുതീർക്കാനുമായി പണ്ട് ഇങ്ങനെ എത്രയോ അവസരങ്ങൾ ഉണ്ടായിരുന്നു. തിരക്കിനിടയിലും മുത്തശ്ശിമാർ കൊച്ചുമക്കളെ തഴുകിതലോടി കഥകൾ പറഞ്ഞു രസിപ്പി ക്കും. ഇന്നു സ്വജനങ്ങൾ എവിടെ? ബന്ധങ്ങൾ എവിടെ? സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി അച്ഛനമ്മാരും മക്കളും പോലും അകന്നു മാറാൻ നിർബന്ധിതരാകുന്നു.

നമ്മുടെ ഈ ആഘോഷവേളകളേ ധന്യമാക്കാൻ സൂര്യചന്ദ്രന്മാരും പ്രകൃതിദേവിയും എത്ര മാത്രം ഉത്സുകരായിരുന്നു. പൊൻവെയിലും, വെള്ളിനിലാവും ചൂടും കുളിരും കനിഞ്ഞു നല്കുന്ന ദിനരാത്രങ്ങൾ, മതിൽ ക്കെട്ടുകളിലേ മുല്ല, പിച്ചി, ചമ്പകം എന്നീ പൂക്കളുടെ നറുമണം പേറി ഉൾത്തളങ്ങളിലേക്ക് ഓടിക്കയറുന്ന കുളിർക്കാറ്റ്, നടുമുറ്റത്തേ വെട്ടുകല്ലു പാകിയ തടങ്ങളിൽ ചിരിച്ചു നില്ക്കുന്ന പനിനീർപ്പൂക്കൾ. മുറ്റത്തെ കൂട്ടിൽ വിരണ്ടോടുന്ന പാൽപ്പായസപ്രിയനായ വെരുകിനെ നോക്കി, കളിയാക്കുന്ന കർപ്പൂരമാവിലെ കുഞ്ഞിത്തത്തകൾ. ധൃതിയിൽ ഓടിനടക്കുന്ന പരിചാരകർ. അവരെ പരിഹസിക്കുംപോലെ, കൊച്ചുപൂമുഖത്തെ മച്ചു തുരന്ന് കൂടുകെട്ടി വസിക്കുന്ന നാരായണക്കിളികളുടെ 'കലപില' ശബ്ദം. വലിയ നാലുകെട്ടിന്റെ വടക്കുകിഴക്കേ ഭാഗത്തുള്ള തേവാരപ്പുരയിൽ നിന്നും ഉയരുന്ന ലളിതാസഹസ്രനാമത്തിന്റേയും ദേവീമഹാത്മ്യത്തിന്റേയും ശ്ലോകങ്ങൾക്കൊപ്പം ഉയരുന്ന സുഗന്ധദ്രവ്യങ്ങളുടേയും നൈവേദ്യങ്ങളുടേയും നറുമണം. ഇവയ്ക്കെല്ലാം നടുവിലിരുന്ന് 'കല്യാണപ്പെണ്ണിന് അണിയാനുള്ള മുല്ലമാലയും ചാന്തും, കൺമഷിയും കുറിക്കൂട്ടും മൈലാഞ്ചിയും ഒരുക്കുന്ന 'കാപ്പും വളയും"അണിഞ്ഞ ചെറിയമ്മമാരും വലിയമ്മമാരും അമ്മൂമ്മമാരും ഇന്നെവിടെ? ചന്ദനവും കുങ്കുമവും അണിഞ്ഞ നെറ്റി, കണ്ണുകളിൽ പച്ചക്കർപ്പൂരവും അഞ്ജനക്കല്ലും ചാലിച്ച കൺ മഷി, മുറുക്കി ചുവപ്പിച്ച ചുണ്ട്, കഴുത്തിൽ ആഭിജാത്യത്തിന്റെ പൊൻതിളക്കം, പുളിയിലക്കരപ്പുടവ. ഈ ശാലീന സൗന്ദര്യവും, സംരക്ഷണസമ്പ്രദായവും അവർക്കൊപ്പം മൺമറഞ്ഞു പോയോ?

എന്റെ വലിയമ്മയുടെ മൂത്തമകൾ ചേച്ചിയുടെ താലികെട്ടു കല്യാണം. അന്ന് എനിക്ക് അഞ്ചോ ആറോ വയസ്സ്. ചേച്ചി തലതൊട്ടു പാദം വരെ ആഭരണങ്ങൾ അണിഞ്ഞ് പുടവ ഞൊറിഞ്ഞുടുത്ത് നില്ക്കുന്ന രൂപം മെല്ലെ മെല്ലെ തെളിയുന്നതുപോലെ. പക്ഷേ ഞങ്ങൾ കുട്ടികളോട് അടുത്ത് ഇടപഴകിയതിനാലാവും ചേച്ചിയെ താലികെട്ടാനെത്തിയ വാർദ്ധക്യത്തിലേക്കെത്തിയ നമ്പൂതിരിപ്പാട് മനസ്സിൽ ചിരിച്ചു നില്ക്കുന്നു. ക്രിയാദികളും ചടങ്ങുകളും കഴിഞ്ഞാൽ ഞങ്ങളെ അരികത്ത് വിളിച്ചു കഥകളും കവിതകളും കേൾപ്പിക്കും.

അന്ന് വിരുന്നുകാരേയും ബന്ധുക്കളേയും ഉറ്റുനോക്കി നില്ക്കുന്ന ചന്ദ്രൻ ആഹ്ലാദത്തിന്റെ അലകൾ വലിയ മുറ്റത്തേക്കും അകത്തളങ്ങളിലേക്കും ഒഴുക്കി നിറച്ചു നിന്ന ദിവസം. അത്താഴം കഴിഞ്ഞ് മുറ്റത്തേക്കു വന്ന നമ്പൂതിരിപ്പാട് ഞങ്ങൾ കുട്ടികളോടായി. "കുട്ട്യോളേ മുകളിലേക്കു നോക്കൂ! അമ്പിളിഅമ്മാവൻ തന്നെയാണോ? അതോ!

*കൊച്ചൂട്ടിപ്പെണ്ണിന്റെ കാതിലെ*
*തോടയോ*
*അച്ഛന്റെ അമ്മാത്തേ വട്ടച്ചെമ്പോ*
*ഇന്ദ്രന് കാപ്പിയ്ക്കുണ്ടാക്കിയ*
*ദോശയോ*
*ചമ്മന്തിച്ചാറാണോ ചന്ദ്രികയോ?"*

ഈ വരികൾ ഊണത്തിലും താളത്തിലും പാടി അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചു. ഇടയ്ക്കു മേഘക്കീറുകൾ വന്നുമൂടുമ്പോൾ അദ്ദേഹം ചിരിക്കും. 'കണ്ടോ അമ്പിളിമാമൻ നക്ഷത്രപ്പെണ്ണുങ്ങളോട് അടക്കം പറയാൻ പോവാണ്.'

പിന്നീട് ഞങ്ങൾ കുട്ടികൾ ഇന്ദ്രന്റെ ദോശയുടെ നറുമണം നുകർന്ന് തളത്തിലേ തൂക്കുവഞ്ചിയിലിരുന്നാടും. ഒപ്പം കൊച്ചൂട്ടിപ്പെണ്ണിന്റെ കാതിലെ തോടയും ചാഞ്ചാടും. സന്തോഷത്തിന്റെ മുത്തുകൾ വട്ടച്ചെമ്പിൽ പൊഴിയും. ഇതെല്ലാം കേട്ടുകൊണ്ട് അകത്തളം സുഖമായ ആലസ്യത്തിൽ മയങ്ങും. ഇപ്പോൾ നിലാവുനിറഞ്ഞ രാത്രികളിൽ എന്റെ കൊച്ചുമകൻ ഈ പാട്ടുപാടി എന്നിൽ ബാല്യത്തിന്റെ കൗതുകങ്ങൾ നിറയ്ക്കുന്നു.

അകത്തളങ്ങളേ! അകന്നുപോയ അനർഘമുഹൂർത്തങ്ങളേ ഓർത്ത് കേഴുകയാണോ? ആശ്വസിയ്ക്കൂ! മാറ്റങ്ങളെ മാറ്റി നിർത്താൻ ഞങ്ങൾക്കാവുന്നില്ല.

●

# സമസ്യ

**കോട്ടം തട്ടിയൊരെട്ടു കെട്ടിനകമേ**
**വാഴ്കൊല്ല നിഷ്ക്കർമ്മിയായ്"**

*വൃത്തം:* ശാർദ്ദൂല വിക്രീഡിതം
*ലക്ഷണം:*
"പന്ത്രണ്ടാൽ മസജം സതംത ഗുരുവും ശാർദ്ദൂലവിക്രീഡിതം"

*അവതാരകൻ: രാഘവവർമ്മ, അനന്തപുരം, ഹരിപ്പാട്*

നൊസ്റ്റാൽജിയ

## എന്റെ ഗ്രാമം - 9

# കണിച്ചുകുളങ്ങരദേവി

കെ. ഹരികൃഷ്ണ വർമ്മ

തിരുവിഴയോടു ചേർന്നു കിടക്കുന്ന മറ്റൊരു കൊച്ചു ഗ്രാമമാണ് കണിച്ചുകുളങ്ങര. കണിച്ചുകുളങ്ങരയുടെ പ്രസിദ്ധി നിലനിൽക്കുന്നത് ആ കൊച്ചു ഗ്രാമത്തിന്റെ ശക്തിസ്രോതസ്സായ കണിച്ചുകുളങ്ങര ദേവിയിലൂടെയാണ്. തിരുവിഴയെ പറ്റി പാടിപുകഴ്ത്തുമ്പോൾ കണിച്ചുകുളങ്ങരയേയും അവിടത്തെ ഭഗവതിയേയും ഒരിക്കലും വിസ്മരിക്കാൻ പറ്റാത്ത വിധം ഇഴയടുപ്പമുള്ള ബന്ധമാണ് ഈ ഗ്രാമങ്ങൾ തമ്മിലുള്ളത്. കളിച്ചുവന്ന ഭഗവതിയുടെ സങ്കല്പത്തിൽ ആവിർഭവിച്ച കളിച്ചുകുളങ്ങരയുടെ പരിണാമമാണത്രെ കണിച്ചുകുളങ്ങര. കേരളത്തിലെ ജാതി തിരിച്ചുള്ള ജനസംഖ്യാനുപാതത്തിൽ ഏറ്റവും മുൻപിലുള്ള ഒരു വിഭാഗത്തിന്റെ കൈവശത്തിലാണ് ഈ ക്ഷേത്രം നിലകൊളളുന്നത്. ഇവിടത്തെ പൂജാരി ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാരും ഈ സമുദായത്തിൽ പെട്ടവരാണ്. കണിച്ചുകുളങ്ങര ദേവിയുടെ വിഗ്രഹം പ്ലാവിൽ കൊത്തി ഉണ്ടാക്കിയ രൂപത്തിലാണ് ഇരിക്കുന്നത്. കടലിലൂടെ ഒഴുകി ഈ ദേശത്തു വന്ന് സ്ഥാനം പിടിച്ചതായാണ് ഐതിഹ്യം. ഭരണം ഒരു പ്രത്യേക സമുദായത്തിന്റെ കയ്യിൽ ആണെങ്കിലും എല്ലാ ജനവിഭാഗത്തിനും ദേവിയിൽ വളരെ വലിയ ഭക്തിയും വിശ്വാസവുമാണ്. കണിച്ചുകുളങ്ങര ദേവിയെ ഭദ്രകാളി സങ്കല്പത്തിലാണ് പ്രാർത്ഥിക്കുന്നത്. ഭഗവതിയെ കൂടാതെ മഹാവിഷ്ണുവും ശ്രീപരമേശ്വരനും ഗണപതിയും ശാസ്താവും മുരുകനും ഉപദൈവങ്ങളായുണ്ട്. ശ്രീനാരായണഗുരുവിന്റെ ഉപദേശങ്ങളെ മറികടക്കാനെന്ന മട്ടിൽ വേതാളിയും അറുകൊലയും മറ്റും കൂടി സ്ഥാനം പിടിച്ചിട്ടുണ്ട്. ഭഗവതിയുടെ ശ്രീകോവിൽ പ്രാധാന്യത്തോടെ ഉണ്ടെങ്കിലും പാരമ്പര്യരീതിയിലുള്ള നാലമ്പലമോ അതിൽപ്പെട്ട തിടപ്പള്ളിയോ ഒന്നും ഇല്ല. തിടപ്പള്ളി ശ്രീകോവിലിന്റെ തെക്കുഭാഗത്തായി പ്രത്യേകം നിർമ്മിച്ചതാണ്. അമ്പലത്തിന്റെ തെക്കുഭാഗത്തായി തെരുവിന്റെ ഓരം ചേർന്നു ഏഴു വരി മുള്ളുകളുള്ള കൈതകൾ ഉണ്ട്. തൃപ്രയാർ ക്ഷേത്രത്തിലെ കൊന്നമരം പോലെ ഈ കൈതകൾ കണിച്ചുകുളങ്ങര ക്ഷേത്രത്തിന്റെ മാത്രം പ്രത്യേകതയാണ്.

കുംഭമാസത്തിൽ ആണ് ഇരുപത്തിഒന്നു ദിവസം നീണ്ടുനിൽക്കുന്ന ഉത്സവം കൊണ്ടാടുന്നത്. രാത്രിയിലാണ് കൊടിയേറ്റുമഹോത്സവം. കൊടിയേറ്റുമുതൽ ഗുരുതി വരെയുള്ള 21 ദിവസങ്ങളിൽ കൊച്ചുകുട്ടികളെ ക്ഷേത്രത്തിൽ ഭജനം ഇരുത്തുന്ന ഒരാചാരം പണ്ടുകാലം മുതൽ നിലവിലുണ്ടിവിടെ. ഇവരെ ചിക്കര കുട്ടികൾ എന്നാണു വിളിക്കുന്നത്. പണ്ടൊക്കെ പെൺകുട്ടികളെ മാത്രമായിരുന്നു ചിക്കരക്കുട്ടികൾ ആയി ഇരുത്തിയിരുന്നത്. ഇപ്പോൾ വിശ്വാസം അധീകരിച്ച് ജാതിമതഭേദമന്യേ ആൺകുട്ടികളെയും പെൺകുട്ടികളെയും ചിക്കര ഇരുത്തുന്നുണ്ട്. ഈ കുട്ടികൾക്ക് ഉത്സവകാലത്ത് മൂന്നുനേരവും പല അനുഷ്ഠാനങ്ങളുമുണ്ട്. പ്രധാന ഉത്സവത്തിന് 7 ദിവസം മുൻപ് താലിചാർത്തുമഹോത്സവമാണ്. തിരുവാഭരണം അണിയിക്കുന്നതു പോലുള്ള ഒരു ചടങ്ങാണിത്. അന്നുമുതൽ ഉത്സവം അതിന്റെ പാരമ്യത്തിലേക്ക് കുതിക്കുകയാണ്.

ഉത്സവകാലങ്ങളിൽ അരിക്കൂത്ത് എന്നൊരു ആചാരവും ഇവിടെ പതിവുണ്ട്. ഓട്ടംതുള്ളൽക്കാരന്റെ ഒരു പ്രാകൃതരൂപത്തിൽ ഒന്നോ രണ്ടോ ആൾക്കാർ കളിത്തട്ടിൽ വന്നു നിൽക്കും. കൂത്താടികൾ എന്നു വിളിക്കപ്പെടുന്ന ഇവർ ഇതിനവകാശപ്പെട്ട കുടുംബത്തിലെ അംഗങ്ങളാണ്. ഓരോ ചെണ്ടക്കാരനും കൂട്ടിനുണ്ടാകും. കൊച്ചുകുട്ടികളുടെ പേരിൽ ദേവസ്വത്തിൽ ചെന്നു ചീട്ടാക്കിയതിനുശേഷം കൂത്താടിയെ സമീപിക്കുമ്പോൾ കൂത്താടി ഈ കുട്ടിയേയുമെടുത്തു ചില ചുവടുകൾ വയ്ക്കും. ആ സമയം ചെണ്ടക്കാരൻ ചെണ്ടയിലും ചില വികൃതശബ്ദങ്ങൾ പുറപ്പെടുവിക്കും. ശബരിമലയിൽ മാളികപ്പുറത്തമ്മയുടെ പിറകിൽ കുറച്ച് അവകാശക്കാർ വാദ്യം കൊട്ടി പാടുന്നത് നാം കാണാറുണ്ടല്ലോ. അതുപോലെതന്നെ ഇവരും പാടുന്നതും കൊട്ടുന്നതും നമുക്കു മനസ്സിലാവുകയേ ഇല്ല. ഉത്സവം കഴിഞ്ഞ് ഏഴാം ദിവസം ഏഴാം പൂജ എന്നൊരു അനുഷ്ഠാനമുണ്ട്. പൊങ്കാല പോലൊരു ആചാരമാണിത്. അമ്പലപ്പറമ്പിൽ ആയിരക്കണക്കിനു അടുപ്പുകളുണ്ടാക്കി വെള്ളം തിളപ്പിച്ച് അരിപ്പൊടിയും, ശർക്കരയും, നാളികേരവും ഉപയോഗിച്ച് കൊഴുക്കട്ട പോലെയും മറ്റു പലരൂപത്തിലും പലഹാരങ്ങൾ ഉണ്ടാക്കി എല്ലാ

വർക്കും കൊടുക്കുകയും വീട്ടിലേക്കു കൊണ്ടുപോവുകയും ചെയ്യുന്ന ഒരു ചടങ്ങാണിത്. പൊങ്കാല പരിഷ്കാരമാകുന്നതിനും എത്രയോ മുൻപു തന്നെ പുഴുക്ക് എന്ന ഈ നിവേദ്യം കണിച്ചുകുളങ്ങരയിൽ കൊണ്ടാടിക്കൊണ്ടേ ഇരിക്കുന്നു. ശിവരാത്രിടെ അന്നും തലേന്നുമാണ് പ്രധാന ഉത്സവങ്ങൾ. ഉത്സവത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആകർഷണം അതിഗംഭീരമായ വെടിക്കെട്ടാണ്. തൃശ്ശൂർ പൂരത്തിനോട് കിടപിടിക്കുന്ന ഈ വെടിക്കെട്ടിനു പല നൂതന സങ്കേതങ്ങളും പ്രയോഗിക്കാറുണ്ട്. ഒരു മണിക്കൂറിലധികം തുടർച്ചയായി നീണ്ടുനിൽക്കുന്ന കരിമരുന്ന് പ്രയോഗം ആസ്വദിക്കാൻ പതിനായിരക്കണക്കിനു കാഴ്ചക്കാർ എല്ലാ വർഷവും എത്തിച്ചേരാറുണ്ട്. രണ്ടാം ദിവസത്തെ വെടിക്കെട്ടിനു ശേഷമുള്ള മറ്റൊരു അതിമനോഹരമായ അനുഷ്ഠാനമാണ് ദീപക്കാഴ്ച. ഭക്തിനിർഭരമായ ഒരു അന്തരീക്ഷത്തിലാണ് ദീപക്കാഴ്ച നടത്തുന്നത്. രാത്രി ഏകദേശം ഒൻപതു മണിയോടെ കുളിച്ചീറനുടുത്തു നൂറുകണക്കിൽ തിരികൾ ചേർത്തുണ്ടാക്കിയ പന്തങ്ങൾ കത്തിപിടിച്ചുകൊണ്ട് ആയിരക്കണക്കിനു ഭക്തജനങ്ങൾ ഭഗവതിയെ പ്രദക്ഷിണം വച്ചോടുന്ന ഭക്തിസാന്ദ്രമായ ഒന്നാണ് തിരിപിടുത്തം എന്ന പേരിലും അറിയപ്പെടുന്ന ദീപക്കാഴ്ച. ദീപങ്ങളുടെ ഒരു വലയം ദേവിക്കു ചുറ്റും തീർത്തതുപോലെയാണു തിരിപിടുത്തം നടത്തുന്നത്. ഈ ദിവസത്തിനു കൂട്ടക്കുളം എന്നും പറഞ്ഞുവരുന്നു. പിറ്റേന്നാണു ഗുരുതി. ഈ നാട്ടിൻപുറത്തെ ഒരു പ്രത്യേക ഭാഷാരീതിയിൽ ഗുരുസി എന്നും പറയും.

പത്തുമുപ്പതു വർഷം മുൻപു വരെ ഉത്സവത്തിനു കുരുത്തോല പടയണി ചൂട്ടുപടയണി അന്നം വലി വേലിതുള്ളൽ തുടങ്ങിയ പല ആചാരങ്ങളായിരുന്നു ഉണ്ടായിരുന്നത്. ഇതു വളരെ പ്രാചീനമാണെന്നും അക്രമങ്ങൾ തുടർച്ചയായി ഉണ്ടാകാറുണ്ടെന്നും ഒരഭിപ്രായം അക്കാലത്തും ഉണ്ടായിരുന്നു. വെള്ളാപ്പള്ളി നടേശൻ മുൻകൈ എടുത്താണു ഇതൊക്കെ മാറ്റി പകരം ആനയെ എഴുന്നള്ളിപ്പും മേളങ്ങളും ആക്കിയത്.

പന്ത്രണ്ടുവർഷം കൂടുമ്പോൾ മുറ ഓത്ത് എന്നൊരു ചടങ്ങ് ഈ ക്ഷേത്രത്തിലെ പ്രത്യേക കാഴ്ചയാണ്. ഒരാഴ്ചയിൽ അധികം നാൾ നീണ്ടുനിൽക്കുന്ന ഇതിന്റെ ചടങ്ങുകൾ പുള്ളുവൻ, കണിയാൻ, വേലൻ, പറയൻ തുടങ്ങി ചില സമുദായത്തിൽപ്പെട്ടവരുടെ പല പൂജാക്രമങ്ങളും അവർ തന്നെയാണു ചെയ്യുന്നത്. കനലിൽ കൂടി നടക്കുന്നതും ചൂരൽ മുള്ളുകൾ ദേഹമാസകലം ചുറ്റി നിലത്തുരുളുന്നതും പാളയും മറ്റും ഉപയോഗിച്ച് മുപ്പത് അടിയിലധികം ഉയരമുള്ള കോലങ്ങൾ ഉണ്ടാക്കുന്നതും മറ്റും ഈ ചടങ്ങുകളുടെ പ്രത്യേകതകളാണ്.

കണിച്ചുകുളങ്ങര ദേവിയെ ഒരിക്കൽ കൂടി സ്തുതിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

✠

കഥ

# ആഗമനം

ഹൈമവതിവർമ്മ, ചേർത്തല

ഏതാണ്ട് മുപ്പതുവർഷങ്ങൾക്കുമുമ്പാണ് ഈ കഥയുടെ തുടക്കം. സ്ഥലം കൽക്കട്ട. ഞങ്ങളുടേത് ഒരു ചെറിയ കുടുംബം. രണ്ടുപേരും ഉദ്യോഗസ്ഥരായതുകൊണ്ട് വീട്ടുപണിക്കും പുറംജോലിക്കും സഹായത്തിന് ഒരാൾ അത്യാവശ്യം. പ്രശ്നങ്ങൾ സൃഷ്ടിച്ച പല ജോലിക്കാരും വന്നുപോയി. എന്റെ സ്കൂളിലെ പ്യൂൺ നിക്കോളാസിന്റെ പത്ത് ആൺമക്കളിൽ പത്താമത്തെ മകനും സിനിമാഭ്രാന്തനുമായ കമൽ. ഞങ്ങളുടെ അഭാവത്തിൽ വീട് കവർന്ന് കൊള്ളയടിച്ചുകൊണ്ടുപോയ ഒറിയക്കാരൻ രാമൻ – മത്സ്യം ഇല്ലാതെ ചോറ് ഇറങ്ങുകില്ലെന്ന് വാശിപിടിച്ച്, പച്ചക്കറി മാത്രം കഴിക്കുന്ന, ഞങ്ങളെക്കൊണ്ട് മത്സ്യം വാങ്ങിപ്പിച്ച ചോത്തിത്തള്ള – ഓരോരുത്തരും പോകുമ്പോൾ വലിയ ആശ്വാസമായിരുന്നു.

ഈ അവസരത്തിലാണ് ഗോപാലകൃഷ്ണന്റെ വരവ്. സ്വദേശം മലബാർ. മക്കത്തായവും മരുമക്കത്തായവും കൂട്ടി കുഴച്ച് കുട്ടിച്ചോറാക്കിയ ഒരു നായർ കുടുംബത്തിലെ അവസാനത്തെ കണ്ണി. പോലീസുകാരനായ അച്ഛൻ കുടിച്ചുകുടിച്ച് നശിച്ചു. വീട്ടുപണികൾക്കു പോയി കുടുംബം നോക്കിയ അമ്മയുടെ ശാരീരികവും മാനസികവുമായ വിഷമങ്ങൾ ആരും അറിഞ്ഞില്ല. ഗോപാലകൃഷ്ണനൊഴികെ – അറിവു വച്ചിട്ടില്ലാത്ത അനിയത്തി. ഭാരതപ്പുഴയുടെ തീരത്തെ മണലിൽ മലർന്നുകിടന്ന് ഗോപാലകൃഷ്ണൻ സ്വപ്നങ്ങൾ നെയ്തെടുത്തു. പാളത്തിലൂടെ ഓടിപ്പോകുന്ന തീവണ്ടിയും ആകാശത്തിലൂടെ പറന്നുയരുന്ന വിമാനവും അവൻഅതിശയത്തോടെ നോക്കിക്കണ്ടു. പഠിക്കാൻ മിടുമിടുക്കൻ – പത്താംക്ലാസ് പാസ്സായി. ഒടുവിൽ കൽക്കട്ടയിലെത്തിച്ചേർന്നു – പതിനാലു വയസ്സിൽ –

സൗത്ത് കൽക്കട്ടയിലെ ഒരു ഹോട്ടലിൽ വച്ചാണ് ആകസ്മികമായി ഞങ്ങൾ അവനെ കണ്ടത്. പാത്രം കഴുകുക, മേശപ്പുറം തുടയ്ക്കുക തുടങ്ങിയ ജോലികൾ – വീണ്ടും രണ്ടുമൂന്നു പ്രാവശ്യം ഹോട്ടലിൽ പോയി. ഒരു ദിവസം മടങ്ങിയപ്പോൾ ഗോപാലകൃഷ്ണനും ഒപ്പം ഉണ്ടായിരുന്നു.

വിനയവും ഒതുക്കവുമുള്ള സ്വഭാവം. പ്രായത്തിന്റെ ബഹളവും ധാർഷ്ട്യവുമില്ല. ചോദിക്കുന്നതിനു മാത്രം മറുപടി പറയും. എല്ലാ ജോലിയും കൃത്യമായും വെടിപ്പായും ചെയ്യും. സാറിനെ വലിയ ബഹുമാനം. കൂടുതൽ അടുപ്പവും എന്നോടാണ്. അമ്മ എന്നാണ് വിളിക്കുക. നാട്ടിലുള്ള അമ്മയേയും അനുജത്തിയെയും കുറിച്ച് പറയുമ്പോൾ കണ്ണു നിറയും. പതുക്കെ പതുക്കെ അവൻ ഞങ്ങളുടെ ജീവിതത്തിലേക്ക് കടന്നുവന്നു.

ഗോപാലകൃഷ്ണന്റെ ചില പ്രത്യേക ഗുണങ്ങൾ ഞങ്ങൾ ശ്രദ്ധിക്കാൻ തുടങ്ങി. വായനയിൽ വലിയ കമ്പം. വീട്ടിൽ വരുത്തുന്ന "Statetsman' എന്ന ഇംഗ്ലീഷ് പത്രം ദിവസവും വായിക്കും. ഞങ്ങൾ പോയിക്കഴിഞ്ഞ് ബാൽക്കണിയിലിരുന്ന് ഇംഗ്ലീഷ് പേപ്പർ വായിക്കുന്ന ഗോപാലകൃഷ്ണൻ അടുത്ത ഫ്ളാറ്റിലും വീട്ടിലുമൊക്കെയുള്ളവർക്ക് അത്ഭുതം. (പൊതുവെ ബംഗാളി, ഒറിയ, ബീഹാറി വീട്ടുജോലിക്കാരെല്ലാം പഠിപ്പും വായനയുമൊന്നുമില്ലാത്ത തനി ഗ്രാമീണർ). ഈ ശീലം ഞങ്ങളറിഞ്ഞത് ഒരു ചെറിയ സംഭവത്തിലൂടെയാണ്. ഒരിക്കൽ ഞങ്ങൾക്ക് അത്യാവശ്യമായി ഡൽഹിക്ക് പോവേണ്ടിവന്നു. എട്ടു മണിക്കുള്ള Evening Flight ആണ്. ഉച്ചയ്ക്ക് ഊണ് കഴിഞ്ഞ് വിശ്രമിച്ച് ആറുമണിക്ക് എയർപോട്ടിലേക്ക് പോകാനാണ് പ്ലാൻ. ഊണു കഴിക്കുമ്പോൾ പെട്ടെന്ന് ഗോപാലകൃഷ്ണൻ പറഞ്ഞു. 'അമ്മാ. ഇന്നലത്തെ Paper ൽ നോട്ടീസ് കണ്ടു. ഇന്നത്തെയും നാളത്തെയും ഡൽഹി Evening Flight ആറുമണിക്കാക്കി എന്ന്' ഞങ്ങൾ ഇതു കണ്ടിരുന്നില്ല. Office ൽ വിളിച്ചു. ശരിയാണ്. ഒരുക്കങ്ങളെല്ലാം ധൃതിയിൽ ചെയ്ത് ഞങ്ങൾ മൂന്നു മണിക്ക് സ്ഥലം വിട്ടു. ആറുമണിക്ക് വിമാനം കയറി ഡൽഹിയിൽ എത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ സുപ്രീം കോർട്ടിലെ കേസ്സും ഞങ്ങൾ നേരത്തെ പ്ലാൻ ചെയ്തിരുന്ന ഹരിദ്വാർ, ഋഷികേശ്, കേദാരനാഥ് തീർത്ഥയാത്രയും ഭംഗിയായി നടന്നു. ഈശ്വരാനുഗ്രഹം കൊണ്ട് ആ കേസ്സ് ജയിച്ചു. ഞങ്ങൾക്ക് വളരെ പ്രശംസയും കിട്ടി. ഗോപാലകൃഷ്ണന്റെ സമയോചിതമായ മുന്നിറിയിപ്പാണ് ഞങ്ങളെ രക്ഷിച്ചത് എന്നുതന്നെ പറയാം.

ഗോപാലകൃഷ്ണന്റെ വേറൊരു കഴിവ് കണ്ടത് ഞങ്ങൾ 'മായാസ്ക്കർ' എന്ന ഗ്രാമത്തിലേക്ക് 'ഹരേരാമഹരേകൃഷ്ണ' എന്ന സംഘത്തിന്റെ കൂടെ ടൂർ പോയപ്പോഴാണ്. മലയാളികളായി ഞങ്ങൾ രണ്ടുപേർ മാത്രം. ഹിന്ദിയും ബംഗാളിയും ഒഴുക്കോടെ സംസാരിച്ച് സന്യാസിമാരെ കൈയ്യിലെടുത്ത ഗോപാലകൃഷ്ണന്റെ സാഹിബിനും മേംസാഹിബിനും അവർ വളരെ ശ്രദ്ധയും ബഹുമാനവും തന്നു. അവിസ്മരണീയമായ ഒരു യാത്ര

യായിരുന്നു അത്.

ഒരു സന്ധ്യാസമയം. ഞങ്ങൾ ബാൽക്കണിയിൽ ഇരിക്കുകയാണ്. വരാന്തയുടെ അറ്റത്ത് ഷൂപോളിഷ് ചെയ്തുകൊണ്ട് ഗോപാലകൃഷ്ണനും. ഒരു മുഖവുരയും കൂടാതെ ഞാൻ ചോദിച്ചു. 'നിനക്ക് പഠിക്കാൻ മോഹമുണ്ടോ? തല ഉയർത്തി ഞങ്ങളെ മാറിമാറി നോക്കിയ അവന്റെ കണ്ണുകളിൽ അത്ഭുതത്തിന്റെ വെളിച്ചം. മോഹത്തിന്റെ അമിട്ടുപൊട്ടിയതുപോലെ മുഖമാകെ പ്രകാശധാര. 'സാർ' തൊണ്ട ഇടറി അവൻ പറയാൻ തുടങ്ങുന്നതിനു മുമ്പ് അദ്ദേഹം പറഞ്ഞു. 'നീ പഠിക്കണം. എന്തു വേണമെങ്കിലും. എത്ര വേണമെങ്കിലും. നിനക്ക് നല്ല ഭാവിയുണ്ട്.'

തുടർന്ന് മൂന്നു വർഷങ്ങൾ കടന്നു പോയതറിഞ്ഞില്ല. ഗോപാലകൃഷ്ണൻ എന്തൊക്കെയോ പഠിച്ചു. St. Xaver's College ൽ Evening Class, Lakhotea Computer Class അങ്ങിനെ പലതും. തൊട്ടതെല്ലാം പൊന്നാക്കി. ഏകാഗ്രമായ മനസ്സോടെ, ലക്ഷ്യത്തോടെ, രാപ്പകലില്ലാത്ത അദ്ധ്വാനം. ഞങ്ങളുടെ ഒരു ജോലിക്കും വിഘ്നം വരുത്താതെ. പരീക്ഷകൾ ഒന്നൊന്നായി എഴുതി പാസ്സായി. എയർഫോഴ്സിലേക്കുള്ള ജോലിക്ക് അപേക്ഷിക്കുമ്പോൾ ഒട്ടും പ്രതീക്ഷ ഉണ്ടായിരുന്നില്ല. എഴുത്തുപരീക്ഷ, ഇന്റർവ്യൂ, മെഡിക്കൽ ടെസ്റ്റ് – ഇങ്ങിനെ പല കടമ്പകൾ. എല്ലാം അവൻ കടന്നു. അവസാനം ട്രെയിനിങ്ങിന് സെലക്ഷൻ കിട്ടി. ഞങ്ങളുടെ കാൽ തൊട്ടു വന്ദിച്ച് അവൻ പോയി. ഒരു വളർത്തുമകൻ നഷ്ടപ്പെട്ടതുപോലെ – പിന്നെ ഞങ്ങൾ ജോലിക്ക് ആളെ വച്ചതുമില്ല.

ഇരുപത്തഞ്ചു വർഷങ്ങൾക്കു ശേഷം. കൽക്കട്ടയിൽ നിന്ന് റിട്ടയർ ചെയ്ത് ഞങ്ങൾ രണ്ടുപേരും നാട്ടിൽ വിശ്രമത്തിലാണ്. ഒരു ദിവസം രാവിലെ ഒമ്പതു മണി ആയിക്കാണും. എന്റെ പുറന്നാളായതുകൊണ്ട് അമ്പലത്തിൽ തൊഴുതുവന്ന് പ്രഭാത ഭക്ഷണസമയം. മുറ്റത്ത് ഒരു കാർ വന്നു. ഏറ്റവും പുതിയ ബെൻസ്. ഒരാൾ ചവിട്ടുപടി കയറി ഹാളിൽ വന്നു. ഏതാണ്ട് നാല്പതു വയസ്സു പ്രായം. വെള്ള പാന്റും വെള്ള ഷർട്ടുമാണ് വേഷം. തലമുടിയിൽ അങ്ങിങ്ങായി നര. വന്നപാടെ ഞങ്ങളെ നമസ്ക്കരിച്ചു. എന്നിട്ടു പറഞ്ഞു 'ഇന്നല്ലേ അമ്മയുടെ പുറന്നാൾ'. അതിശയം ഇതാരാണ് ഇത്ര കണിശമായി ഓർക്കാൻ. 'ഗോപാലകൃഷ്ണൻ – മൂന്നു വർഷം പുറന്നാളിന് അമ്മ തരാറുള്ള പായസത്തിന്റെ സ്വാദ് ഇന്നും എന്റെ നാവിലുണ്ട്.' അതു പറയുമ്പോൾ അവന്റെ തൊണ്ട ഇടറി.

പിന്നെ ഒരു മണിക്കൂർ. ഗോപാലകൃഷ്ണന്റെ ഉയർച്ചയെക്കറിച്ച് അറബിക്കഥകളെക്കാൾ അത്ഭുതം. അമ്മയുടെ അസുഖം മാറി. വലിയ വീടു വച്ചു. അനുജത്തിയുടെ കല്യാണം നടന്നു. ഗോപാലകൃഷ്ണനും കല്യാണം കഴിച്ചു. രണ്ടു കുട്ടികളായി.

പായസം കൂട്ടിയുള്ള ഊണു കഴിഞ്ഞ് ഗോപാലകൃഷ്ണൻ യാത്രയായി. മേശപ്പുറം നിറയെ സമ്മാനങ്ങൾ. നേപ്പാളിലെ കാണ്ഡ്മണ്ഡുവിൽ നിന്നു വാങ്ങിയ രുദ്രാക്ഷമാല – കാശ്മീർ ഷാൾ – ആസ്സാം ചായ .... അങ്ങിനെ പലതും. 'ഞാൻ എവിടെപ്പോയാലും സാറിനും അമ്മയ്ക്കും വേണ്ടി എന്തെങ്കിലും വാങ്ങി വയ്ക്കാറുണ്ട്. അവയാണ് ഇതെല്ലാം." ഒടുവിൽ പിറന്നാൾ സമ്മാനമായി ഒരു കവർ. ഞങ്ങൾ തുറന്നു നോക്കി. ഗുരുവായൂരിൽ ഒരു ഫ്ളാറ്റിന്റെ താക്കോൽ. അവൻ പറഞ്ഞു 'എന്റെ സ്വന്തം അമ്മയുടെ ആഗ്രഹം – പിന്നെ ഈ വളർത്തമ്മയുടെയും. എല്ലാ വർഷവും കുറച്ചു ദിവസം ഗുരുവായൂരിൽ കുളിച്ചു തൊഴണമെന്ന്. സാറിനും അമ്മയ്ക്കും എന്റെ ഗുരുദക്ഷിണയാണ്. എന്റെ 'ഹരിഓം' കോംപ്ലക്സിലെ ഈ ഫ്ളാറ്റ്."

കാലു തൊട്ടു വണങ്ങിയ ഗോപാലകൃഷ്ണന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. ഞങ്ങളുടേയും. അവന്റെ കാർ ഗേറ്റ് കടന്നു പോകുന്നതു വരെ ഞങ്ങൾ നോക്കി നിന്നു. ●

## ഡോ. പ്രഭാകരവർമ്മയ്ക്ക് "Best Factory Medical Officer' അവാർഡ്

**വ്യാവസായികമേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്കായി ഏർപ്പെടുത്തിയിട്ടുള്ള** 'Best Factory Medical Officer' **അവാർഡിന് ഡോ. എ. പ്രഭാകരവർമ്മ അർഹനായി. മാർച്ച് 4ന് കൊല്ലത്ത് സി. കേശവൻ മെമ്മോറിയൽ ഹാളിൽ നടന്ന ചടങ്ങിൽ സംസ്ഥാന തൊഴിൽ വകുപ്പ് മന്ത്രി പി.കെ. ഗുരുദാസനിൽ നിന്നും ട്രോഫിയും സാക്ഷിപത്രവും കാഷും ഉൾപ്പെടുന്ന അവാർഡ് വർമ്മ ഏറ്റുവാങ്ങി. ആദിത്യ ബിർളാഗ്രൂപ്പിന്റെ കളമശ്ശേരിയിലുള്ള** Hindalco Occupational Health Centre **ഡയറക്ടറായി പ്രവർത്തിച്ചുവരുന്ന പ്രഭാകരവർമ്മ വൈക്കത്ത് താന്നിക്കപ്പള്ളി കുടുംബാംഗവും തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭ മുൻ സെക്രട്ടറി ഉദയവർമ്മയുടെ ഇളയ സഹോദരനുമാണ്. മറിയപ്പള്ളി കൊട്ടാരത്തിലെചന്ദ്രിക വർമ്മയാണ് ഭാര്യ. ഗായകൻ കിഷോർവർമ്മ മകനും സീരിയൽ/ സിനിമാനടി ദേവി ചന്ദന മരുമകളുമാണ്.**



# പുസ്തകജാലകം




## മണ്ണിൽ വിരിയും സ്വപ്നങ്ങൾ:

**ശ്രീ. എം.എം.എൻ. കരിവെള്ളൂർ**

തന്റെ ചുറ്റുപാടുകളെ, സാമൂഹ്യ പരിസരങ്ങളെ, ജീവിതയാഥാർത്ഥ്യങ്ങളെ നിരീക്ഷിക്കുകയും താൻ ആർജ്ജിച്ച കാവ്യസംസ്കാരത്തിന്റെ വെളിച്ചത്തിൽ അവയെ പരിശോധിക്കുകയും തന്റെ സാമൂഹ്യവീക്ഷണത്തിന്റെ അടിത്തറയിൽ കാലുറപ്പിച്ച് നിന്ന് വിലയിരുത്തുകയും ചെയ്ത എം.എം. എന്നിന്റെ കവിതാസമാഹാരമാണ് മണ്ണിൽവിരിയും സ്വപ്നങ്ങൾ. 1957-ൽ ആദ്യകവിത പ്രസിദ്ധീകരിച്ചു. പിന്നീട് എഴുതിയ കവിതകളിൽ പലതും നഷ്ടപ്പെട്ടുപോയി. കണ്ടെടുക്കാൻ കഴിഞ്ഞ നാല്പതു കവിതകളുടെ സമാഹാരമാണ് ഈ പുസ്തകത്തിലൂടെ പ്രസിദ്ധീകരിക്കുന്നത്.

## അവിൽപ്പൊതി




**കെ. എൽ. ശ്രീകൃഷ്ണദാസ്**

**പ്രസാധകർ: നിർമ്മല ബുക്സ് ചാലക്കുടി**

**പേജ്: 54 വില: 25 രൂ**

**– ചന്ദ്രാവലി തമ്പുരാൻ**

മുത്തശ്ശിമാരുടേയും മുതിർന്നവരുടേയും പുരാണകഥകൾ കേട്ട് അവയിലൂടെ ആനന്ദത്തോടൊപ്പം അനൗപചാരികമായി ധർമ്മാധർമ്മബോധവും സ്വായത്തമാക്കുവാനുള്ള സൗകര്യവും സന്ദർഭങ്ങളും നഷ്ടമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ആ കുറവ് ഒരളവുവരെ നികത്താനെന്നവണ്ണം പുരാണങ്ങളിലെ ചില പ്രസക്തകഥകൾ - 15 എണ്ണം - ഉൾക്കൊള്ളുന്ന 'അവിൽപ്പൊതി' സമ്മാനിക്കുകയാണ് പ്രശസ്ത സാഹിത്യകാരനായ ശ്രീ. കെ. എൽ. ശ്രീകൃഷ്ണദാസ്. 'പൊതി' തുറക്കുമ്പോൾ കാണുന്ന 'അക്ഷയപാത്രവും' ഭക്തിയുടെ ശക്തി വ്യക്തമാക്കുന്ന അംബരീഷ ചരിതവും ദ്രൗപദിയുടെ രക്ഷയ്ക്കായി ഭഗവാൻ ശ്രീകൃഷ്ണൻ അനന്തമായ ചേലകൾ നൽകിയതും അർജ്ജുനന് പാശുപതാസ്ത്രം ലഭിച്ചതും, 'ഗജേന്ദ്രമോക്ഷ'വും (പ്രപഞ്ചത്തിന്റെ) സാരഥിയാകുവാൻ അർജ്ജുനൻ അഭ്യർത്ഥിക്കുന്നതും, 'അവിൽപ്പൊതി' കൊണ്ടുവന്ന സുദാമാചരിതവും വായനക്കാർ മുൻപു കേട്ടിട്ടുള്ളവയാകാമെങ്കിലും ഗ്രന്ഥകർത്താവിന്റെ രചനാശൈലിയുടെ മേന്മയും മൗലികതയും ആവർത്തനവിരസത ഒഴിവാക്കുന്നു. 'അറിയാതെ ചെയ്താലും അപരാധ'മായിത്തീർന്ന നൃഗന്റെ കഥ ധർമ്മപഥത്തിൽ സഞ്ചരിയ്ക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഒരു മുന്നറിയിപ്പു നൽകുന്നു. ത്യാഗത്തിന്റെ മഹനീയതയും ഗോരക്ഷണത്തിന്റെ മാഹാത്മ്യവും വ്യക്തമാക്കുന്ന 'ദിലീപന്റെ ശാപമുക്തി' അത്യുന്നതമായ അനുപമമായ ആർഷസംസ്ക്കാരത്തിന്റെ ഒരു പ്രതിഫലനമാണ്. സമാനതകളില്ലാത്ത വ്യക്തിത്വത്തിന്റെ ഉടമയായ 'ഭീഷ്മരു'ടെ ചിത്രം ഇവയ്ക്കെല്ലാം ഇടയിൽ തിളങ്ങുന്നു. ഇവയെല്ലാം ഉൾക്കൊള്ളുന്നതാണ് അവിൽ പ്പൊതി. ആരുടെ കയ്യിൽക്കണ്ടാലും എവിടെ ഇരുന്നാലും തട്ടിപ്പറിച്ചെടുത്ത് സ്വാദു നോക്കുവാൻ പ്രലോഭിപ്പിക്കുന്ന പൊതി - പുറംചട്ട. ബാല സാഹിത്യമെന്ന് വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രായഭേദമെന്യേ ആസ്വദിയ്ക്കാൻ പറ്റുന്നതാണ് ഈ അവിൽ പ്പൊതി.



## ശ്രീലതാവർമ്മയ്ക്ക് മലയാളത്തിൽ ഡോക്ടറേറ്റ്

'ആഖ്യാനതന്ത്രങ്ങൾ മുകുന്ദന്റെ നോവലുകളിൽ' എന്ന വിഷയത്തിൽ കാലടി സംസ്കൃത സർവ്വകലാശാലയിൽ നിന്നും മലയാളത്തിൽ ഡോക്ടറേറ്റ് നേടിയ ആർ. ശ്രീലതാവർമ്മ മാവേലിക്കര ശാരദാമന്ദിരത്തിൽ അംബികാദേവിയുടെയും ഓമല്ലൂർ രാജരാജ വർമ്മയുടെയും മകളാണ് ശ്രീലത. കാലടി സംസ്കൃത സർവ്വകലാശാല മലയാളവിഭാഗം മേധാവി ആയിരുന്ന ഡോ. നെല്ലിക്കൽ മുരളീധരന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം. എ. ആറിന്റെ നാലാം തലമുറയിൽപ്പെട്ട (ചെറുമകളുടെ ചെറുമകൾ) അംഗമായ ശ്രീലത കാലടി സർവ്വകലാശാല തൃശൂർ കേന്ദ്രത്തിൽ അദ്ധ്യാപികയും അതിന്റെ ഡയറക്ടർ ഡോ. എം. കൃഷ്ണൻ നമ്പൂതിരിയുടെ ഭാര്യയുമാണ്.

# മൂഷികരാജവംശത്തിന്റെ ഉൽപ്പത്തി

സമ്പാ : നളിനി രവിവർമ്മ

*പരശുരാമൻ ക്ഷത്രിയരെയെല്ലാം നിഗ്രഹിച്ചിട്ട് ഭൂമി ബ്രാഹ്മണർക്ക് ദാനം ചെയ്തുവെന്നും, നിൽക്കാൻ സ്ഥലമില്ലാതെ വന്നപ്പോൾ കേരളം വീണ്ടെടുത്തെന്നുമാണ് ഐതിഹ്യം. ക്ഷത്രിയരെ ഉന്മൂലനം ചെയ്തതിന്റെ പാപം തീർക്കാൻ വസിഷ്ഠ മഹർഷിയെ വരുത്തി യാഗങ്ങളും ഹോമങ്ങളും നടത്താൻ നിശ്ചയിച്ചു. യാഗത്തിന് ഒരു രാജാവ് വേണം. നാരദമഹർഷിയിൽ നിന്നും ഏഴിമല എന്ന സ്ഥലത്ത് ഒരു ഗുഹയിൽ ഹേഹയരാജ്യത്തിലെ ഒരു റാണിയും മകനും ഒളിച്ചു താമസിക്കുന്നുണ്ടെന്ന് മനസ്സിലാക്കി പരശുരാമൻ അവിടെയെത്തി. രാജകുമാരന് പ്രായം കുറവായിരുന്നതിനാൽ ഉപനയനം കഴിഞ്ഞിരുന്നില്ല. പരശുരാമൻ കുമാരനെ ഉപനയം ചെയ്യിച്ച് രാജാവായി അഭിഷേകം നടത്തി യാഗം പൂർത്തിയാക്കി മടങ്ങി എന്നും വിശ്വസിച്ചുപോരുന്നു. കോലത്തുനാടിന്റെ അഥവാ മൂഷികരാജവംശത്തിന്റെ ഉല്പത്തിയെ സൂചിപ്പിക്കുന്ന ഒരു ചിത്രവും നിലവിലുള്ള കേട്ടറിവുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങളും നളിനി രവിവർമ്മ അയച്ചുതന്നത് ഇവിടെ പ്രസിദ്ധീകരിക്കുന്നു.*



*ഈ പടം പതിമൂന്നോ പതിന്നാലോ കൊല്ലം മുൻപ് ഓണാഘോഷത്തിന് കണ്ണൂർ ജില്ലക്കാർ അവതരിപ്പിച്ച ഫ്ളോട്ടിന്റെ ആണ്. തിരുവനന്തപുരം എഡിഷനിൽ മലയാള മനോരമയിൽ വന്നതാണ്.*

കോലത്തുനാട് രാജവംശം അഥവാ മൂഷികരാജവംശത്തിന്റെ ഉത്ഭവത്തെക്കുറിച്ച് വേറെയും ചില കഥകൾ ഉണ്ട്. ഹേഹയ രാജ്യത്തുനിന്നും ഒരു രാജ്ഞിയും മകനും പരിവാരങ്ങളും കൂടി ഒളിച്ചു താമസിക്കുന്നതിനായി വഞ്ചിയിൽ പുറപ്പെട്ടു എന്നും ഏഴിമല എത്തിയപ്പോൾ നേരം സന്ധ്യയായി എന്നും നെന്മേനി വാക പൂത്തുലഞ്ഞു കിടക്കുന്നതുകണ്ട് അവിടെ വഞ്ചി അടുപ്പിച്ച് ഇറങ്ങി എന്നുമാണ് ഐതിഹ്യം. നെന്മേനി വാകയ്ക്ക് മൂഷകം എന്നു പേരുണ്ട് എന്ന് പറയപ്പെടുന്നു.

രണ്ടാമത്തെ കഥ രാജ്ഞിയും മകനും ഏഴിമലയിൽ ഒരു ഗുഹയിൽ കയറി ഒളിച്ച് ഇരുന്നു. പരിവാരങ്ങൾ ഫലമൂലാദികൾ ശേഖരിക്കാനായി പോയ സമയം ഒരു വലിയ എലി ഗുഹയ്ക്കകത്ത് കയറിച്ചെന്നു. എലിയുടെ രൂപമാണെങ്കിലും അതിന് വലിയ ഒരു മനുഷ്യന്റെ വലിപ്പമുണ്ടായിരുന്നു. രാജകുമാരി ഭയന്ന് 'നീ ഭസ്മമായി പോകട്ടെ' എന്ന് ശപിച്ചു. പക്ഷേ ആ ഭസ്മത്തിൽ നിന്നും ഒരു ദേവൻ ഉയർന്നുവന്ന് ഇങ്ങിനെ പറഞ്ഞു. കൃതയുഗത്തിൽ ഒരു മഹർഷി തപസ്സ് ചെയ്തുകൊണ്ടിരുന്നപ്പോൾ ഞാൻ ഒരു ദേവസ്ത്രീയുമായി ജലക്രീഡ ചെയ്തതുകണ്ട് കോപിച്ച മഹർഷി 'നീ മൂഷികനായി പോകട്ടെ' എന്ന് ശപിച്ചു. ശാപമോക്ഷം ചോദിച്ചപ്പോൾ ത്രേതായുഗത്തിന്റെ അവസാനം ഇന്ന സ്ഥലത്ത് വെച്ച് ഒരു രാജ്ഞിയുടെ കൈകൊണ്ട് ശാപമോക്ഷം ലഭിക്കും എന്ന് പറഞ്ഞ് അനുഗ്രഹിച്ചു. ആ ദേവനാണ് ഞാൻ". ഈ രാജവംശം നീണാൾ വാഴുമെന്നും ആയുരാരോഗ്യസമ്പൽസമൃദ്ധി ലഭിക്കും എന്നും അനുഗ്രഹിച്ചു. എന്നിട്ട് ഏഴിമലയുടെ കുറേഭാഗം ഒരു നല്ല ശാന്തസുന്ദരമായ പ്രദേശം ആക്കി രാജകുമാരിക്ക് കൊടുക്കുകയും ചെയ്തു. എന്നിട്ട് ദേവലോകത്തേക്ക് പോയി. അങ്ങിനെയാണ് മൂഷികരാജവംശം എന്ന പേര് വന്നതെന്നും ഒരു കഥയുണ്ട്. ഈ കഥ അതുലന്റെ 'മൂഷികവംശം'എന്ന മഹാകാവ്യത്തിന്റെ ആമുഖത്തിൽ പറഞ്ഞിട്ടുണ്ട്. ●

# വളരുന്ന പ്രതിഭകൾ

## പ്രശസ്ത വിജയം

### വിനിയ്ക്ക് സ്വർണ്ണ മെഡൽ



മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും 2009 ലെ M Sc Psychology പരീക്ഷയിൽ സ്വർണ്ണ മെഡലോടെ ഒന്നാംറാങ്ക് കരസ്ഥമാക്കിയ കുമാരി വി.എം. വിനി. 5.3.2010ന് യൂണിവേഴ്സിറ്റിയിൽ നടന്ന 90–ാ മത് ബിരുദദാനചടങ്ങിൽ വെച്ച് യൂണിവേഴ്സിറ്റി ചാൻസലർ കൂടിയായ കർണ്ണാടക ഗവർണർ ബഹു. ഭരദ്വാജ് അവർകളിൽ നിന്നും സർട്ടിഫിക്കറ്റും സ്വർണ്ണമെഡലും ഏറ്റുവാങ്ങി. ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗമായ ശ്രീ.പി. വിജയന്റെയും (സീനിയർ ഇന്റലിജൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻലസ്, മംഗലാപുരം) ശ്രീമതി വി.എം. നളിനിയുടെയും മകളാണ്.

### മുത്തച്ഛന്റെ സംഗീതപാരമ്പര്യം നിലനിർത്താൻ കാവ്യ

ആൾ കേരള ഭവൻസ് ഫെസ്റ്റിവൽ (2009– 2010) കർണ്ണാടക സംഗീതത്തിൽ ഒന്നാം സ്ഥാനവും ഭാരതീയ വിദ്യാഭവൻ സ്കൂളിലെ ബെസ്റ്റ് സിംഗറിനുള്ള സമ്മാനവും 2009–2010 ലെ കൊച്ചിൻ ഷിപ്പായാർഡ് റിക്രിയേഷൻ ക്ലബ്ബ് സംഘടിപ്പിച്ച 2009 ലെ ആൾ കേരള ചിൽഡ്രൻസ് ഫെസ്റ്റിവൽ രണ്ടാം സ്ഥാനവും 'നാദനിർഝരി' സംഘടിപ്പിച്ച 2009 – 2010ലെ കർണ്ണാടക സംഗീതത്തിൽ മൂന്നാംസ്ഥാനവും നേടിയ കുമാരി കാവ്യാവർമ്മ ചിറക്കൽ പഴയ കോവിലകത്ത് രഞ്ജിത് വർമ്മയുടേയും കോഴിക്കോട് സാമൂതിരി കോവിലകത്ത് (ജിതേഷ് നിവാസ് – തിരുവണ്ണൂർ) ബിന്ദു വർമ്മയുടേയും മകളാണ്.



എരൂർ ഭാരതീയവിദ്യാഭവൻ സ്കൂളിലെ 4–ാം ക്ലാസ് വിദ്യാർത്ഥിനിയാണ് കാവ്യാവർമ്മ. സംഗീതജ്ഞനും, സ്വാതിതിരുനാൾ സംഗീത കോളേജ് റിട്ട. പ്രിൻസിപ്പാളുമായ പ്രൊഫ. പി. ആർ. കുമാരകേരളവർമ്മയുടെ ചെറുമകളാണ്. യശഃശ്ശരീരനായ സുപ്രസിദ്ധ സംഗീതജ്ഞൻ മാവേലിക്കര പ്രഭാകരവർമ്മയിൽ നിന്നും സംഗീതത്തിന്റെ ആദ്യാക്ഷരം കുറിച്ച കാവ്യാവർമ്മ ഇപ്പോൾ താരമക്കാട് ഗോവിന്ദൻ നമ്പൂതിരിയുടെ കീഴിൽ സംഗീതഭ്യസനം തുടരുന്നു.

### രഞ്ജിനിയ്ക്ക് ഒന്നാംറാങ്ക്

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഓഗസ്റ്റിൽ നടത്തിയ (2007–2009) എം.എ. സോഷ്യോളജി പരീക്ഷയിൽ കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിൽ നിന്നും ഒന്നാംറാങ്ക് നേടിയ രഞ്ജിനി വർമ്മ പി. കെ. നട്ടാശ്ശേരി തെക്കുംകൂർ പാലസിൽ പരേതനായ രാജരാജവർമ്മ (ജയൻ) യുടേയും കോഴിക്കോട് തിരുവണ്ണൂർ പുതിയകോവിലകം ജിതേഷ് നിവാസിൽ കനകകുമാരി തമ്പുരാട്ടിയുടേയും മകളാണ് രഞ്ജിനിവർമ്മ.



### ആദർശിന് സംസ്കൃത പഠനത്തിൽ തിളക്കം



കോഴിക്കോട് നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിൽ H. S. S. വിഭാഗം സംസ്കൃത പ്രസംഗത്തിന് 'എ' ഗ്രേഡ് നേടിയ ആദർശ് വർമ്മ. ബുധനൂർ ഇളയിടത്ത് കോവിലകത്ത് ശ്രീ. ആർ. രാമവർമ്മയുടെയും ചേർത്തല തെക്കേടത്ത് കോവിലകത്ത് ശ്രീമതി ആശാവർമ്മയുടെയും മകനാണ്. ബുധനൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ +2 വിദ്യാർ ത്ഥിയാണ് ആദർശ് വർമ്മ.

### ശാസ്ത്രീയ നൃത്തം- മീനാക്ഷി തമിഴ്നാട് സംഗീതനാടക അക്കാദമിയുടെ സെലക്ഷൻ ലിസ്റ്റിൽ

തമിഴ്നാട് സംഗീത നാടക അക്കാദമി വളർന്നുവരുന്ന ശാസ്ത്രീയ നർത്തക പ്രതിഭകൾക്ക്നൽ കിവരുന്ന, രാജ്യത്തെ വിവിധ സ്റ്റേജുകളിൽ കഴിവുകൾ

പ്രദർശിപ്പിക്കാൻ അവസരം നൽകുന്ന സെലക്ഷൻലിസ്റ്റിൽ ചാലക്കുടിലായത്തിൽ മഠത്തിലെ കൃഷ്ണകുമാറിന്റേയും സിന്ധുവിന്റേയും മകൾ മീനാക്ഷി ഇടം നേടി.



## സുദേവിന് മദ്ദളവാദ്യത്തിൽ ഹാട്രിക് വിജയം - രണ്ടാം റാങ്ക്

കോഴിക്കോട് നടന്ന സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ മദ്ദളത്തിൽ രണ്ടാം റാങ്കും 'എ' ഗ്രേയിഡും കരസ്ഥമാക്കിയസുദേവ് വർമ്മ.



സുദേവിന് ഇത് സംസ്ഥാനതലത്തിൽ ഹാട്രിക് വിജയമാണ്. കന്നി അങ്കം കുറിച്ച ചെണ്ട തായമ്പകയിൽ മൂന്നാം റാങ്കും 'എ' ഗ്രേഡും ലഭിച്ചു.

വാദ്യ കലയിൽ സുദേവിന്റെ പ്രാവീണ്യം കലോത്സവവേദിയിലെത്തിയ വിധി കർത്താക്കളുടെ പ്രശംസ പിടിച്ചുപറ്റി.

കലാനിലയം മനോജിന്റെ കീഴിൽ മദ്ദളവും കലാമണ്ഡലം ശ്രീകാന്ത് വർമ്മയുടെ കീഴിൽ ചെണ്ടയും അഭ്യസിച്ചുവരുന്ന സുദേവ് വാരനാട് നൈഷധത്തിൽ ധനേഷ് വർമ്മയുടെയും ശൈലജാവർമ്മയുടെയും പുത്രനാണ്. സുദേവ് ചേർത്തല മുട്ടം ഹോളിഫാമിലി ഹയർസെക്കൻഡറി സ്കൂളിലെ പത്താംക്ലാസ്സ് വിദ്യാർത്ഥിയാണ്.




## കൊതുക്

**ആദിത്യവർമ്മ**



മൂളിപ്പറന്നു നടക്കും, പിന്നെ
ച്ചോര വലിച്ചു കുടിക്കും
കുട്ടികളാകട്ടെ, യല്ലാ പടു-
വൃദ്ധന്മാരാകട്ടെ, തെല്ലും
വ്യത്യാസമില്ലായിവന്ന്, നല്ല
മുത്തം കൊടുക്കുന്നതിന്ന്
കള്ളനെപ്പോലെ ചലിക്കും, കണ്ടു
വെങ്കിലങ്ങോടിയൊളിക്കും
ചിക്കെന്നു പിന്നെക്കടിക്കും, ഇവൻ
ചിക്കുൻഗുനിയാ കൊടുക്കും
വെള്ളത്തിൽ മുട്ടയിട്ടയ്യോ, ശുദ്ധ-
വെള്ളം മലിനമാക്കീടും
പെറ്റു പെരുകിടും വേഗം,നാട്ടി-
ലൊക്കെപ്പനി പരത്തീടും
കെട്ടിക്കിടക്കുന്ന വെള്ളം മാറ്റി
മുറ്റത്തെ വൃത്തിയാക്കീടാൻ
ശ്രദ്ധിക്കണം നമ്മളെല്ലാം, അഭി-
വൃദ്ധിക്കിതാവശ്യമല്ലോ.



## എന്റെ ചെടി

**അശ്വതി ലക്ഷ്മി വർമ്മ, ക്ലാസ്സ് 3**
**സനാതന പബ്ലിക് സ്കൂൾ**

*ഞാനന്നൊരു കുരു നട്ടു*
*ജലമേകീ, വളമിട്ടു*
*ഇല വന്നു, ചെടി വളർന്നു,*
*കൊമ്പു വന്നു, പൂവിട്ടു*
*പൂ വിരിഞ്ഞു, കായ് വന്നു*
*തേൻ കുടിക്കാൻ വണ്ടു വന്നു,*
*എനിക്കു കിട്ടീ സന്തോഷം*
*എനിക്കു കിട്ടീ ആരോഗ്യം.*

## അർജ്ജുനന്റെ ആവനാഴിയിൽ എത്ര അമ്പ് ?

*ശരി ഉത്തരം:* അർജ്ജുനന്റെ ആവനാഴിയിൽ ഉണ്ടായിരുന്നത് 100 അമ്പ്. എങ്ങിനെ ഈ ഉത്തരം കിട്ടിയെന്ന് നമുക്ക് നോക്കാം.

ആവനാഴിയിൽ 100 അമ്പ്. അതിന്റെ മൂലം 10 അമ്പ്. 100 ൽ 50 അമ്പുകൊണ്ട് കർണ്ണന്റെ ശരസംഹാരം തടഞ്ഞു. മൂലത്തിന്റെ (10) നാലിരട്ടി (40) അമ്പുകൊണ്ട് രഥാംശങ്ങളെ കൊന്നു. ബാക്കിയുള്ളത് 10 അമ്പ്. അതിൽ 3 അമ്പുകൊണ്ട് (അതിന്റെ പെരുക്കം 9) കുട, കൊടി, മുതലായവ മുറിച്ചു. ബാക്കി 1 അമ്പ്. ആ ഒരമ്പുകൊണ്ട് രവിസുതനേയും വധിച്ചു.



***Malavika Varma***
*Age-7, 1st Std.*
*D/o Salil Varma (Nilambur) &*
*Bindu Varma (Poonjar)*

# വാർത്തകൾ - വിശേഷങ്ങൾ

## അഖിലഭാരതീയ ക്ഷത്രിയ മഹാസഭ

അഖില ഭാരതീയ ക്ഷത്രിയ മഹാസഭയുടെ സെക്രട്ടറി ജനറൽ ശ്രീ. ആർ. എൻ. സിംഗ് ജനുവരി 29ന് തിരുവനന്തപുരം സന്ദർശിച്ചു. മഹാസഭയുടെ മാർച്ച് 7ലെ സമ്മേളനത്തിന്റെ പ്രചരണാർത്ഥമാണ് അദ്ദേഹവും പത്നിയും തലസ്ഥാനത്തെത്തിയത്. ജനുവരി 29ന് വൈകുന്നേരം സുന്ദരവിലാസം കൊട്ടാരത്തിലെത്തിയ സിംഗ് സഭാപ്രവർത്തകരുമായി വിശദമായ ചർച്ചകൾ നടത്തി. അഖിലഭാരതീയ ക്ഷത്രിയമഹാസഭയുടെ പ്രവർത്തനങ്ങളിൽ കേരളത്തിലെ ക്ഷത്രിയ സംഘടനയുടെ സഹകരണം അദ്ദേഹം അഭ്യർത്ഥിച്ചു. മഹാസഭയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കുകയും ഭാരവാഹികളുടെ പട്ടിക കൈമാറുകയും ചെയ്തു. യോഗത്തിന് അദ്ധ്യക്ഷത വഹിച്ച രവിവർമ്മരാജയും ആശംസാപ്രസംഗം നിർവ്വഹിച്ച സെക്രട്ടറി സുഭാഷ്കുമാർവർമ്മയും ക്ഷത്രിയക്ഷേമസഭയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിച്ചു. കെ.എൽ. ശ്രീകൃഷ്ണദാസ്, പ്രസാദ് വർമ്മ തമ്പുരാൻ, എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. മേജർ. ആർ. ആർ. വർമ്മ സഭയ്ക്കുവേണ്ടി ഒരു ഉപഹാരം നൽകി.

## പ്രതിഭയുടെ നൂപുരധ്വനി



കേരളത്തിലെ മാത്രമല്ല ദക്ഷിണേന്ത്യയിലെ പ്രധാന കലാവേദികളിലും താരങ്ങളായി മാറിക്കൊണ്ടിരിക്കുന്ന നർത്തകിമാരാണ് രമ്യയും സൗമ്യയും. കഴിഞ്ഞ ഒന്നരപതിറ്റാണ്ടായി നൃത്ത സപര്യ തുടർന്നുവരുന്ന 'വർമ്മാ സിസ്റ്റേഴ്സ്' എന്നറിയപ്പെടുന്ന ഈ കലാകാരികൾ ശ്രീ ശങ്കരാ സ്കൂൾ ഓഫ് ഡാൻസിന്റെ ഡയറക്ടറായ സുധാപീതാംബരന്റെ ശിക്ഷണത്തിലാണ് നൃത്തവിദ്യ അഭ്യസിച്ചത്. ഇപ്പോഴവർ ഇതേ നൃത്ത വിദ്യാലയത്തിൽ നൃത്തപരിശീലകരായി പ്രവർത്തിച്ചുവരികയാണ്.

സ്കൂളിന്റെ ആഭിമുഖ്യത്തിൽ രൂപം നൽകിയ 'ശങ്കരം ലോകശങ്കരം', 'ഗുരുദേവചരിതം' എന്നീ പ്രധാന നൃത്തപരിപാടികൾ കലാസ്വാദകരുടെ മുക്തകണ്ഠ പ്രശംസക്ക് അർഹമായ കലാവിരുന്നുകളാണ്. രാമപുരത്തുവാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടും ചെങ്ങാരപ്പിള്ളിയുടെ കുചേലവൃത്തം ആട്ടക്കഥയും സമന്വയിപ്പിച്ചുകൊണ്ട് ഇവർ അവതരിപ്പിച്ച നൃത്തശില്പം ശ്രദ്ധേയമായിരുന്നു. ആദിശങ്കാരാചാര്യരുടെ 'അച്യുതാഷ്ടക'ത്തിന്റെ കുച്ചുപ്പുടി രൂപാന്തരവും 'ഭജഗോവിന്ദ'ത്തിന്റ മോഹിനിയാട്ട രൂപാന്തരവും അതുപോലെ തന്നെ ശ്രദ്ധിക്കപ്പെട്ടു. 'കൈരളിക്കൊരു കലാഞ്ജലി' എന്ന ദൂരദർശൻ പരിപാടി നല്ല നിലവാരം പുലർത്തിയ കലാവിരുന്നായിരുന്നു. വെള്ളാരപ്പിള്ളി കാഞ്ഞൂർ മുല്ലശ്ശേരി മഠത്തിലെ ഡോ. കെ. സുജാത (ശ്രീ ശങ്കരാകോളേജ്, കാലടി)യുടേയും കെ.ബി. രാമചന്ദ്രന്റെയും മക്കളാണ് രമ്യയും സൗമ്യയും. മാനേജ്മെന്റ് പഠനത്തിൽ ബിരുദാനന്തര ബിരുദധാരിയാണ് രമ്യ. സൗമ്യ ബി.കോം വിദ്യാർത്ഥിനിയും.

## വെള്ളാരപ്പിള്ളിയിൽ പുതിയ യൂണിറ്റ്

എറണാകുളം ജില്ലയിലെ വെള്ളാരപ്പിള്ളി കേന്ദ്രമാക്കി ക്ഷത്രിയ ക്ഷേമസഭയ്ക്ക് പുതിയൊരു യൂണിറ്റു കൂടി രൂപീകൃതമായി. മധ്യമേഖലാ ഓർഗനൈസിംഗ് സെക്രട്ടറി സുകുമാരവർമ്മ, മേഖലയുടെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറി മനോജ് വർമ്മ, പന്തളം യൂണിറ്റിന്റെ സെക്രട്ടറി എൻ.ആർ. കേരളവർമ്മ, പന്തളം യൂണിറ്റിലെ രാഘവവർമ്മ, ആലുവായിൽ നിന്നുള്ള സുഭഗാരാജ എന്നിവരുടെ നേതൃത്വത്തിൽ ഫെബ്രുവരി 14ന് വെള്ളാരപ്പിള്ളി, പാറപ്പുറം, പുതിയേടം പ്രദേശത്ത് പൂർണ്ണമായും ഗൃഹസന്ദർശനം നടത്തുകയും ഒരു യോഗം വിളിച്ചു ചേർക്കുകയും ചെയ്തിരുന്നു. ഈ യോഗത്തിൽ രൂപീകൃതമായ അഡ്ഹോക് കമ്മിറ്റി ഫെബ്രുവരി 21നു തന്നെ യോഗം ചേർന്ന് പുതിയ യൂണിറ്റിനു രൂപം നൽകി. 2009 ഡിസംബറിൽ ഇടപ്പള്ളിയിൽ ചേർന്ന കേന്ദ്രപ്രവർത്തകസമിതി യോഗത്തിനെത്തിയ ശർമ്മിളാ വർമ്മ, ഇന്ദിരാവർമ്മ എന്നിവരാണ് വെള്ളാരപ്പിള്ളി യൂണിറ്റ് യാഥാർത്ഥ്യമാക്കാൻ പ്രാഥമിക പ്രവർത്തനങ്ങൾ നടത്തിയത്. സഭാ ഭാരവാഹികൾ താഴെപ്പറയുന്നവരാണ്.

പ്രസിഡന്റ് - ശർമ്മിളാ വർമ്മ, വൈസ് പ്രസിഡന്റ് - രവി വർമ്മ, സെക്രട്ടറി - രാമചന്ദ്രൻ, ജോയിന്റ് സെക്രട്ടറി -ഇന്ദിരാ വർമ്മ, ട്രഷറർ - സഞ്ജീവ്കുമാർ രാജ. ആലുവാ ദേശം, മലയാറ്റൂർ, കാലടി തുടങ്ങിയ പ്രദേശങ്ങളിലെ

ബന്ധുജനങ്ങളെ കൂടി യൂണിറ്റിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ ഫെബ്രുവരി 21നു തന്നെ ആരംഭിച്ചു. ക്ഷാത്രസന്ദേശത്തിന് 27 പുതിയ വരിക്കാരെ ചേർത്തു.

## ചിറക്കൽ കേന്ദ്രമാക്കി പുതിയ യൂണിറ്റ്

ചിറക്കൽകോവിലകം കേന്ദ്രീകരിച്ച് കണ്ണൂരിൽ ക്ഷത്രിയക്ഷേമസഭയുടെ പുതിയ യൂണിറ്റ് രൂപീകൃതമായി. ഫെബ്രുവരി 26–ാം തീയതി രാത്രി 7 മണിക്ക് പഴയ കോവിലകത്തു ചേർന്ന പ്രതിനിധി സമ്മേളനത്തിൽ വെച്ചാണ് യൂണിറ്റു രൂപീകരണ തീരുമാനമായത്. യോഗത്തിൽ കേന്ദ്ര സഭാ പ്രസിഡന്റ് മാനവർമ്മരാജ, സെക്രട്ടറി പി. സുഭാഷ് കുമാർ വർമ്മ, മുതിർന്നസഭാപ്രവർത്തകൻ സി.കെ. കേരളവർമ്മ എന്നിവർ പങ്കെടുത്തു. യോഗം തെരഞ്ഞെടുത്ത ഭാരവാഹികൾ:–

പ്രസിഡന്റ് – സി. കെ. സുധാകര വർമ്മ, വൈസ് പ്രസിഡന്റ് – ശ്യാം കെ. വർമ്മ, സെക്രട്ടറി – ആർ. മഹേഷ് വർമ്മ, ജോയിന്റ് സെക്രട്ടറി – സി.കെ. സുരേഷ് വർമ്മ, ട്രഷറർ – സി. കെ. ദിവാകര വർമ്മ

വനിതാവിഭാഗം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് രമാവർമ്മയെ യോഗം ചുമതലപ്പെടുത്തി.

## പുരസ്ക്കാരം



കേരള സംഗീത–നാടക അക്കാദമിയുടെ 2009ലെ 'ഗുരുപൂജ' പുരസ്കാരത്തിന് ചിറയ്ക്കൽ കോവിലകത്ത് (സാരംഗ, ചിറക്കൽ) സി.കെ. രവീന്ദ്രവർമ്മ രാജ അർഹനായി.

നൃത്ത–സംഗീത നാടക രചനയാണ് രവീന്ദ്രവർമ്മരാജയെ പുരസ്ക്കാരത്തിന് അർഹനാക്കിയത്. 'ശിഷ്യനും–മകനും' വിശ്വാമിത്രൻ, ഭീഷ്മർ, കർണ്ണൻ, ശീലാവതി, ശ്രീകുറുമ്പ, ദക്ഷയാഗം, ശാകുന്തളം, മൃച്ഛകടികം എന്നീ സമ്പൂർണ്ണ നൃത്ത–നാടകങ്ങൾ രചിച്ചിട്ടുണ്ട്. കല്യാശ്ശേരി ജയഭാരത കലാകേന്ദ്രത്തിന്റെ ശ്രീകൃഷ്ണലീല, നികുംഭില എന്നീ നൃത്തനാടകങ്ങൾക്ക് ഗാനരചനയും നിർവ്വഹിച്ചിട്ടുണ്ട്.

കോഴിക്കോട്, കണ്ണൂർ, ആകാശവാണി നിലയങ്ങളിൽ നാടക ആർട്ടിസ്റ്റായിരുന്നു. അമേച്വർ നാടകങ്ങളിലും ശ്രീ രവീന്ദ്രവർമ്മ അഭിനയി ച്ചിട്ടുണ്ട്.

## കരിവെള്ളൂർ ക്ഷത്രിയക്ഷേമസഭ

### പ്രവർത്തനറിപ്പോർട്ട്

**നവംബർ 2009**

പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരിയുടെ അദ്ധ്യക്ഷതയിൽ 15.11.2009ന് രാവിലെ 10ന് വങ്ങാട്ട് മഠത്തിൽ യോഗം ചേർന്നു. സെക്രട്ടറി ടി.എം. ശ്രീകുമാർ പ്രവർത്തന റിപ്പോർട്ടും ട്രഷറർ എൻ.പി. ബാലകൃഷ്ണൻ വരവ്ചെലവ് കണക്കും വായിച്ചു. വി.എം. ബാലകൃഷ്ണൻ, വിജയകുമാരവർമ്മ, എൻ.പി.പുരുഷോത്തമൻ, എൻ.കെ. നാരു ഉണിത്തിരി, സി.കെ. രാജൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ക്ഷാത്രസന്ദേശത്തിന് 45 വരിക്കാരിൽ നിന്നും 60 വരിക്കാരെയെങ്കിലും ചേർക്കാൻ നടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. കുടുംബഡയറക്ടറിയുടെ ബാക്കിയുള്ള കോപ്പികൾ വിറ്റഴിക്കുന്ന ക്യാമ്പയിൻ സംഘടിപ്പിക്കാൻ തീരുമാനിച്ചു. വി.എം. ബാലകൃഷ്ണൻ സ്വാഗതവും, സി.കെ. പുരുഷോത്തമൻ നന്ദിയും പറഞ്ഞു.

**ഡിസംബർ 2009**

പ്രവർത്തക സമിതിയോഗം 13.12.2009ന് വൈകുന്നേരം 4 മണിക്ക് വങ്ങാട്ട് മഠത്തിൽ ചേർന്നു. പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരി അദ്ധ്യക്ഷത വഹിച്ചു. പ്രവർത്തകസമിതി അംഗവും, മുൻ ജോയിന്റ് സെക്രട്ടറിയും സജീവപ്രവർത്തകനുമായ യു.കെ. രാജവർമ്മ (സുന്ദരേട്ടൻ) യുടെ അകാലനിര്യാണത്തിൽ യോഗം ദുഃഖം രേഖപ്പെടുത്തുകയും പരേതാന്മാവിന് നിത്യശാന്തി നേരുകയും ചെയ്തു. മറ്റു പരിപാടികളിലേക്ക് കടക്കാതെ യോഗം അവസാനിച്ചു.

**ജനുവരി 2010**

10.1.2010 ന് വൈകുന്നേരം 3.30 മണിക്ക് വങ്ങാട്ട് മഠത്തിൽ വെച്ച് പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി ടി.എം. ശ്രീകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. മെമ്പർഷിപ്പ് പ്രവർത്തനം, മാസിക വരിസംഖ്യ പിരിവ് മുതലായ കാര്യങ്ങളിലെ പ്രവർത്തന പുരോഗതി യോഗത്തിൽ അവലോകനം ചെയ്തു. ചെറുതാഴം അമ്പലം റോഡ്, മണക്കാട് എന്നീ ഭാഗങ്ങളിൽ സ്ക്വാഡ് പ്രവർത്തനം നടത്തിയതായി സെക്രട്ടറി അറിയിച്ചു. മരണാനന്തര ചടങ്ങുകൾക്ക് നേതൃത്വം നൽകുന്നതിന് മൂന്ന് മേഖലാകമ്മറ്റികൾക്ക് രൂപം നൽകി.

**1. മതിരക്കോട്**

പ്രസിഡന്റ് – സി.കെ. രാജൻ
എൻ.പി. പുരുഷോത്തമൻ

**2. ചെറുതാഴം, പുറച്ചേരി**

സെക്രട്ടറി – സുദേവവർമ്മ

**3. അമ്പലം റോഡ്**

വി.എം. കൃഷ്ണകുമാർ,
വി.എം. ബാലകൃഷ്ണൻ

**മണക്കാട്ട്, പലിയേരി, പലിയേരിക്കൊവ്വൽ :**

ട്രഷറർ –സി.കെ. രാഘവൻ

ഇ.എം. കൃഷ്ണകുമാർ

ട്രഷറർ എൻ.പി. ബാല കൃഷ്ണൻ സ്വാഗതവും സുദേവ വർമ്മ നന്ദിയും പറഞ്ഞു. യോഗം 5.30ന് അവസാനിച്ചു.

## ഫെബ്രുവരി 2010

പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ക്ഷത്രിയ സമുദായാംഗമായ റിട്ട. അദ്ധ്യാപകൻ ശ്രീ.എൻ. കെ. കുഞ്ഞോമൻ ഉണിത്തിരിയുടെയും, നീലേശ്വരം യൂണിറ്റ് പ്രസിഡന്റ് ശ്രീ. എം.സി. കൃഷ്ണവർമ്മരാജയുടെയും ദേഹവിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. എൻ.കെ.നാരു ഉണിത്തിരി, ടി.എം. രാധാമണി, എൻ.പി. പുരുഷോത്തമൻ, ടി.എം. ശ്രീകുമാർ, എൻ.പി. കൃഷ്ണൻ ഉണിത്തിരി എന്നിവർ പരേതാത്മക്കളുടെ അവധാനങ്ങളെ അധീകരിച്ച് സംസാരിച്ചു. യോഗത്തിൽ സി.കെ.രാജൻ സ്വാഗതവും, സി.കെ. രാഘവൻ നന്ദിയും പറഞ്ഞു. യോഗം 5 മണിക്ക് അവസാനിച്ചു.

## പന്തളം ക്ഷത്രിയക്ഷേമസഭ – വാർഷിക പൊതുയോഗം

പന്തളം ക്ഷത്രിയക്ഷേമസഭയുടെ വാർഷിക പൊതുയോഗം 31.1.2010ൽ നടന്നു. ക്ഷത്രിയ ക്ഷേമസഭയുടെ പ്രസിഡന്റ് മാനവർമ്മരാജ യോഗം ഉൽഘാടനം ചെയ്തു. പന്തളം വലിയരാജ ശ്രീ രേവതിനാൾ രാമവർമ്മരാജ, ക്ഷത്രിയ ക്ഷേമസഭ സെക്രട്ടറി ശ്രീ സുഭാഷ് വർമ്മ എന്നിവർ ആശംസാപ്രസംഗം നടത്തി. ഡോ. ഗിരീഷ് വർമ്മ എം.ഡി., 'ജീവിതശൈലിയും ആരോഗ്യവും' എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം നടത്തി. തുടർന്ന് കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.

പൊതുയോഗത്തിനോട് അനുബന്ധിച്ച് മുതിർന്നവരെ ആദരിക്കുകയുണ്ടായി.

പൊതുയോഗത്തിൽ ക്ഷത്രിയ ക്ഷേമസഭയുടെ വൈസ് പ്രസിഡന്റ് ശശിവർമ്മ പങ്കെടുത്തു സംസാരിക്കുകയുണ്ടായി.

## വിനോദയാത്ര

മെയ് മാസത്തിൽ കന്യാകുമാരിയിലേക്ക് ഒരു വിനോദയാത്ര സംഘടിപ്പിക്കണമെന്ന് തീരുമാനിച്ചു.

## ചിട്ടി

പ്രതിമാസ ചിട്ടി തുടർന്നു കൊണ്ടിരിക്കുന്നു.

## കോഴിക്കോട് ക്ഷത്രിയക്ഷേമസഭ വാർഷിക പൊതുയോഗം

ക്ഷത്രിയക്ഷേമസഭ കോഴിക്കോട് യൂണിറ്റിന്റെ ജനറൽ ബോഡിയോഗം 28.2.2010ന് തിരുവണ്ണൂരിലെ പുതിയ കോവിലകം വെൽഫയർ സൊസൈറ്റി ഹാളിൽ വച്ച് നടന്നു. കുമാരി രാഗശ്രീ വർമ്മയുടെ പ്രാർത്ഥനയ്ക്കു ശേഷം അഡ്വ. പി.കെ. കൃഷ്ണവർമ്മ അംഗങ്ങൾക്ക് സ്വാഗതം ആശംസിച്ചു.

കോഴിക്കോട് യൂണിറ്റ് പ്രസിഡന്റായിരുന്ന പി.സി.റ്റി.എം. രാജയുടെയും മറ്റു ബന്ധുജനങ്ങളുടെയും ദേഹവിയോഗത്തിൽ സ്മരണാഞ്ജലി അർപ്പിച്ചു.

യൂണിറ്റ് വൈസ് പ്രസിഡന്റ് കെ.സി. മാനവേദൻ രാജയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗം കേന്ദ്രകമ്മറ്റി പ്രസിഡന്റ് കെ.സി. മാനവർമ്മരാജ നിലവിളക്കു കൊളുത്തി ഉൽഘാടനം ചെയ്തു. പൊതുയോഗം ഉൽഘാടനം ചെയ്യാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യത്തോടൊപ്പം താൻ ഗുരുതുല്യരായി കാണുന്നവരേയും സാമൂതിരി ഗുരുവായൂരപ്പൻ കോളേജിൽ തന്നോടൊപ്പം പഠിച്ചവരേയും മറ്റു ബന്ധുജനങ്ങളേയും വീണ്ടും നേരിട്ടു കാണുവാനും അവരുമായി അടുത്തിടപഴകാനും സഭയുടെ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുവാനും കഴിഞ്ഞതിലുള്ള സന്തോഷം അദ്ദേഹം പങ്കുവച്ചു. സഭയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഊന്നിപ്പറകയുമുണ്ടായി.

തുടർന്നു സംസാരിച്ച കേന്ദ്ര കമ്മിറ്റി സെക്രട്ടറി പി. സുഭാഷ് കുമാർ വർമ്മ, യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ, പുതിയ യൂണിറ്റുകൾ, REACT, ക്ഷാത്രസന്ദേശം – അങ്ങനെ സഭയുടെ വിവിധ കാര്യങ്ങളെക്കുറിച്ചും Northern Region -ൽ കോഴിക്കോട് യൂണിറ്റിന്റെ പ്രാധാന്യത്തെക്കുറിച്ചും പ്രവർത്തനം വിപുലീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വളരെ വിശദമായി സംസാരിച്ചു.

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ വിവിധ നൃത്ത ഇനങ്ങളിൽ ഒന്നാംസ്ഥാനവും 'എ' ഗ്രേഡും കരസ്ഥമാക്കിയ കുമാരി ഐശ്വര്യരാജ, ഹയർ സെക്കന്ററി കലോത്സവത്തിൽ മദ്ദളവായനയ്ക്ക് 'എ' ഗ്രേഡു നേടിയ ഹരിപ്രസാദ് വർമ്മ എന്നിവക്ക് കോഴിക്കോട് യൂണിറ്റ് ഏർപ്പെടുത്തിയ ഉപഹാരങ്ങൾ ശ്രീ. മാനവർമ്മ രാജ നല്കി അവരെ അനുമോദിച്ചു.

സെക്രട്ടറി പി.കെ. രാജേന്ദ്രവർമ്മ റിപ്പോർട്ട് അവതരിപ്പിച്ചു. തങ്ങൾക്ക് വേണ്ടത്ര മാർഗ്ഗനിർദ്ദേശങ്ങൾ നല്കി സഹകരിച്ചുവരുന്ന കേന്ദ്രകമ്മിറ്റിക്കും കോഴിക്കോട് യൂണിയന്റെ രക്ഷാധികാരിയായ സാമൂതിരി രാജയ്ക്കും ശ്രീചന്ദ്ര

വർമ്മയ്ക്കും മറ്റു ഭരണസമിതി അംഗങ്ങൾക്കും സഭാമെമ്പർമാർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ടാണ് സ്ഥാനമൊഴിയുന്ന സെക്രട്ടറി ശ്രീ. രാജേന്ദ്രവർമ്മ റിപ്പോർട്ട് അവസാനിപ്പിച്ചത്.

തുടർന്ന് ട്രഷറർ കെ. ശ്രീചന്ദ്രവർമ്മ വരവ്–ചെലവ് കണക്കുകൾ അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം റിപ്പോർട്ടും വരവ്–ചെലവു കണക്ക് യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു.

പുതിയ ഭരണസമിതിയെ തിരഞ്ഞെടുക്കലായിരുന്നു അടുത്ത ഇനം. 17 (പതിനേഴ്) അംഗങ്ങളുള്ള ഭരണസമിതി പുതിയതായി രൂപീകരിക്കപ്പെടുകയും ചുമതല ഏറ്റെടുക്കുകയും ചെയ്തു.

ജോ. സെക്രട്ടറി പി.കെ. പ്രദീപ്കുമാർ രാജ നന്ദി രേഖപ്പെടുത്തി. പൊതുയോഗ നടപടികൾ 6 മണിക്ക് അവസാനിച്ചു.

### കോഴിക്കോട് യൂണിറ്റ്

### 28.2.2010 ൽ തിരഞ്ഞെടുത്ത പുതിയ ഭരണസമിതി

പ്രസിഡന്റ്: കെ.സി. മാനവേദൻ രാജ പ്രണവം 3/325 ബി, തച്ചമ്പലം റോഡ് പി.ഒ. നല്ലളം, കോഴിക്കോട് –673 027, (0495 –2421975)

വൈസ് പ്രസിഡന്റ് : പി. കെ. എസ്.രാജ , 33/2518 എഫ്, കൃഷ്ണകൃപ, ലീല തീയേറ്റർ റോഡ്, വെള്ളിമാടുകുന്ന്, കോഴിക്കോട് – 673 012, (0495–2374696)

സെക്രട്ടറി – അഡ്വ. പി.കെ. കൃഷ്ണവർമ്മ, ചേവായൂർ പി.ഒ., കോഴിക്കോട്–673017(0495 –2359838 (Res), 2701644 (Office), 9447159838 (മൊ.)

ജോ. സെക്രട്ടറി – പി.കെ. പ്രദീപ്കുമാർ രാജ, പത്മാലയം, പി.ഒ. തിരുവണ്ണൂർ നട, കോഴിക്കോട് – 673029, (9947415967)

ട്രഷറർ – കെ. ശ്രീചന്ദ്രവർമ്മ, ഇറമ്പലം, തിരുവണ്ണൂർനട പി.ഒ., കോഴിക്കോട് – 673029 (0495–2321333, 9387527237)

### എക്സി. കമ്മറ്റി

(1) പി.കെ.എം.രാജ, 'വിക്രം', തിരുവണ്ണൂർ, കോഴിക്കോട് –29 (0495–2322948)

(2) പി.കെ.മോഹനവർമ്മ, അമൃതാ നിവാസ്, പാലസ് കോമ്പൗണ്ട്, തിരുവണ്ണൂർ (09387523319)

(3) പി.കെ.ശ്രീകുമാർ നെടുങ്ങാടി, 'അരുണോദയം' പി.ഒ. തിരുവണ്ണൂർ നട, കോഴിക്കോട്–29 (9446163711)

(4) ബി. സുഷമാകുമാരി തമ്പുരാട്ടി, 'കൃഷ്ണമയം', തിരുവണ്ണൂർ, കോഴിക്കോട് – 29 (0495–2323336)

(5) ജി.പ്രദീപ്വർമ്മ (9496286525) 'ചിന്മയം', ഐശ്വര്യ അപ്പാർട്ടുമെന്റിന് സമീപം, കൊമ്മേരി പി.ഒ., കോഴിക്കോട്

(6) പി.കെ.രാജേന്ദ്രവർമ്മ 'ഗരിമ', പാലസ് കോമ്പൗണ്ട്, തിരുവണ്ണൂർ: (0495–2320062)പി.ഒ. തിരുവണ്ണൂർനട,കോഴിക്കോട്–673029, (09895006234)

(7) ആർ.വി. രാംകുമാർ തമ്പുരാൻ 'മുകുന്ദ്', മാങ്കാവ് കോവിലകം, മാങ്കാവ്, കോഴിക്കോട്–673007, (9249231987)

(8) രാജാപ്രദീപ് കുമാർ വർമ്മ പി.കെ., പത്തായപ്പുര, പി.ഒ. തിരുവണ്ണൂർ നട, കോഴിക്കോട് – 673 029, (9387424805)

(9) ശ്രീ. പി.കെ. സതിശർമ്മ, പി.ഒ. തിരുവണ്ണൂർ നട, കോഴിക്കോട്: 673029, (0495–2324558)

(10) പ്രൊഫ. ആർ. സുധാവർമ്മ 'പ്രണവം' പൂഴിച്ചിറ റോഡ്, പി.ഒ. തിരുവണ്ണൂർ, കോഴിക്കോട് – 673029

(11) ശ്രീജയ്രാജ.കെ.സി. ശ്രീഹരി, പാലസ് കോമ്പൗണ്ട്, തിരുവണ്ണൂർ, കോഴിക്കോട് – 673029 (9846636662)

(12) പി.സി. മനോരമ തമ്പുരാട്ടി മാങ്കാവ് കോവിലകം, മാങ്കാവ്, കോഴിക്കോട്–673007, 090–20038150,

### 07.03.2010 ചാലക്കുടിയിൽ നടന്ന ഭരണസമിതി യോഗത്തിന്റെ സംക്ഷിപ്ത വിവരങ്ങൾ

ക്ഷത്രിയക്ഷേമസഭയുടെ 2009–11 വർഷത്തെ പ്രവർത്തക സമിതിയുടെ നാലാമതു യോഗം 7.03.2010ന് ചാലക്കുടി ടി.എം. ത്രിവിക്രമൻ നമ്പൂതിരി സ്മാരക ഹാളിൽ നടന്നു. കുമാരി തേജസ്വി, സൗമ്യ എന്നിവർ പ്രാർത്ഥനാ ഗാനം ആലപിച്ചു.

സ്വാഗതം ആശംസിച്ച അദ്ധ്യക്ഷൻ മാനവർമ്മരാജ തിരുവല്ലാ സഭയുടെ സെക്രട്ടറി ശ്രീ. അരവിന്ദവർമ്മ, ജോയിന്റ് സെക്രട്ടറി ശ്രീ. അജിത് വർമ്മ, വല്ലഭ സഭയുടെ സെക്രട്ടറി ശ്രീ.സി.കെ. രവീന്ദ്രൻ, പുതുതായി രൂപീകരിച്ച യൂണിറ്റുകളുടെ പ്രതിനിധികൾ എന്നിവർക്ക് പ്രത്യേകം സ്വാഗതം പറഞ്ഞു. തുടർന്ന് കഴിഞ്ഞ യോഗത്തിനുശേഷം ദിവംഗതരായ ബന്ധുജനങ്ങൾക്ക് സ്മരണാഞ്ജലികൾ അർപ്പിച്ചു.

സെക്രട്ടറി അവതരിപ്പിച്ച 27.12.2009 ലെ യോഗത്തിന്റെ മിനിറ്റ്സും പ്രവർത്തന റിപ്പോർട്ടും ട്രഷറർ അവതരിപ്പിച്ച വരവു ചെലവു കണക്കുകളും യോഗം അംഗീകരിച്ചു. തുടർന്ന് യൂണിറ്റുകളുടെ റിപ്പോർട്ടിംഗ് നടന്നു.

**നീലേശ്വരം**

സഭയുടെ പേരിൽ നടത്തുന്ന

ചിട്ടി തുടരാൻ തീരുമാനിച്ചു. കുടുംബാംഗങ്ങളിൽ നിന്ന് 15 ലക്ഷം രൂപ സമാഹരിച്ചുകൊണ്ട് മഹാവിഷ്ണു ക്ഷേത്രം പുനർ നിർമ്മിച്ചു. കുടുംബയോഗങ്ങളിൽ പുതിയ തലമുറയുടെ അറിവിനു വേണ്ടി പ്രഭാഷണങ്ങൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. നീലേശ്വരം രാജാസ് ഹൈസ്ക്കൂൾ സ്ഥാപകൻ ശ്രീ.ടി.സി. രാമവർമ്മ വലിയ രാജായുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്ന ശ്രമത്തിൽ സഹകരിക്കുവൻ നിശ്ചയിച്ചു. നീലേശ്വരം യൂണിറ്റ് സ്ഥാപകരിൽ പ്രമുഖനായ അന്തരിച്ച ശ്രീ.എം. സി. കൃഷ്ണവർമ്മരാജായുടെ പേരിൽ ഒരു വിദ്യാഭ്യാസ എൻഡോവ്മെന്റ് രൂപീകരിക്കാൻ തീരുമാനിച്ചു. വാർഷിക പൊതുയോഗം 2010 ഏപ്രിൽ മാസത്തിൽ നടത്തും.

### തൃശൂർ

റിപ്പോർട്ട് കാലയളവിൽ ഭരണസമിതിയുടെ രണ്ടു യോഗങ്ങൾ നടന്നു. പ്രാദേശികമായ ക്ലസ്റ്റർ യോഗങ്ങൾ നടത്തുന്നതിനു നിശ്ചയിച്ചു. വിദ്യാഭ്യാസനിധി, ക്ഷാത്രസന്ദേശം എന്നിവയുടെ പ്രചരണാർത്ഥം സെക്രട്ടറിയും ജോയിന്റ് സെക്രട്ടറിയും ഒല്ലൂക്കര, മണ്ണുത്തി, പെരിങ്ങാവ് ഭാഗങ്ങളിൽ ഗൃഹസന്ദർശനം നടത്തി. പ്രവർത്തന പുരോഗതിയും സംഘടനാ കാര്യങ്ങളും സംസ്ഥാന സെക്രട്ടറിയുമായി അപ്പോഴപ്പോഴായി ചർച്ച ചെയ്യുന്നുണ്ട്. സഭാംഗമായ ദേവൻ രാമവർമ്മ titanworld.com എന്ന വെബ്സൈറ്റിൽ നടക്കുന്ന ദേശീയതല മത്സരത്തിൽ മുന്നേറുന്നു. പരിസ്ഥിതി സംരക്ഷണത്തിന് അദ്ദേഹം നൽകുന്ന സംഭാവനകൾക്കാണ് അംഗീകാരം.

### ചാലക്കുടി

ഭരണസമിതിയുടെ രണ്ടു യോഗങ്ങൾ നടന്നു. ഈ വർഷം മുതൽ എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ മികച്ച വിജയം നേടുന്ന എല്ലാ കുട്ടികൾക്കും പാരിതോഷികം നൽകാൻ തീരുമാനിച്ചു. സഭാംഗങ്ങൾക്കുവേണ്ടി കുറി നടത്തുന്നുണ്ട്. സഭയുടെ ധനശേഖരാണാർത്ഥം കൂടിയാണിത്. ഏപ്രിൽ 18ന് സഭയുടെ വാർഷിക സമ്മേളനം നടത്തുന്നതാണ്. ക്ഷാത്രസന്ദേശം വരിക്കാരുടെ എണ്ണം കൂട്ടുവാൻ ശ്രമിച്ചു വരുന്നു.

### ഇടപ്പിള്ളി:

ഭരണസമിതി രണ്ടു തവണ യോഗം ചേർന്നു. ക്ഷാത്ര സന്ദേശത്തിന് 6 പുതിയ വരിക്കാരെ ചേർത്തിട്ടുണ്ട്. പുതിയ അംഗത്വ ഫോറം അച്ചടിച്ച ശേഷം ഇളങ്കുന്നപ്പുഴയിലെ ബന്ധുജനങ്ങളെ ചേർക്കാനും അംഗത്വശേഖരണത്തോടൊപ്പം ക്ഷാത്രസന്ദേശ വരിസംഖ്യ വാങ്ങുവാനും നിശ്ചയിച്ചു. പാർത്ഥസാരഥി ക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ശ്രീശൻവർമ്മയെ കൊണ്ടുവന്ന് കാര്യവിചാരം നടത്തി. തിരുവാതിര ആഘോഷിച്ചു. കൃഷ്ണവർമ്മക്ക് വൈദ്യസഹായത്തിന് അയ്യായിരം രൂപ നൽകി.

### ചേർത്തല

ഭരണസമിതിയുടെ രണ്ടു യോഗങ്ങളും രണ്ടു പൊതുയോഗവും നടത്തി. ഈ വർഷം വിവിധ അവാർഡുകൾക്ക് അർഹരായ കെ.എൽ. മോഹനവർമ്മ, ഹരികൃഷ്ണവർമ്മ, ജഗന്നാഥവർമ്മ എന്നിവരേയും ശതാഭിഷിക്തനായ പ്രൊഫ. അമ്പലപ്പുഴ രാമവർമ്മയേയും അനുമോദിക്കുന്നതിനും പാരിതോഷികങ്ങൾ നൽകുന്നതിനുമായാണ് 31.12.09ന് യോഗം ചേർന്നത്. കൂടാതെ വളർന്നു വരുന്ന യുവ കലാകാരന്മാരായ സുമിത് വർമ്മ, സുദേവ് വർമ്മ എന്നിവരേയും അനുമോദിച്ചു. അന്നു രാത്രി തിരുവാതിരയാഘോഷവും സംഘടിപ്പിച്ചിരുന്നു. 14.2.2010 ന് ചേർന്ന പൊതുയോഗത്തിൽ സഭാപ്രവർത്തനം കൂടുതൽ വിപുലപ്പെടുത്താൻ നിശ്ചയിച്ചു. ഇതിനായി കലാസാംസ്കാരി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ധനേഷ് വർമ്മയുടെ മേൽനോട്ടത്തിലും ഡയറക്ടറി തയ്യാറാക്കുന്നതിന് വേണുഗോപാലവർമ്മയുടെ നേതൃത്വത്തിലും രണ്ട് ഉപ സമിതികൾ രൂപീകരിച്ചു. ക്ഷാത്രസന്ദേശത്തിന് 6 പുതിയ വരിക്കാരെ ചേർത്തു.

### വൈക്കം

21.2.2010 ൽ React ന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് വിതരണം ചെയ്ത ധനസഹായം വൈക്കം യൂണിറ്റിലെ വനജാ രവിവർമ്മക്കു വേണ്ടി യൂണിറ്റു പ്രതിനിധികൾ സ്വീകരിച്ച് അവർക്കെത്തിച്ചു. യൂണിറ്റുകളിലെ ഭരണസമിതിയംഗങ്ങൾക്കായി ഒരു ഭരണ പരിചയ പരിശീലന പരിപാടി സംഘടിപ്പിക്കേണ്ടതാണെന്ന് വൈക്കം യൂണിറ്റിനു വേണ്ടി സംസാരിച്ച പ്രേമചന്ദ്രവർമ്മ അഭിപ്രായപ്പെട്ടു.

### തിരുവനന്തപുരം

ഭരണസമിതിയുടെ രണ്ടു യോഗങ്ങൾ നടന്നു. ഡിസംബർ 30ന് തിരുവാതിര ആഘോഷം ഗംഭീരമായി നടത്തി. ചിട്ടകളോടു കൂടിയ ആഘോഷത്തിൽ അഭൂതപൂർവ്വമായ സഹകരണമായിരുന്നു വനിതകളുടെ ഭാഗത്തുനിന്നും ഉണ്ടായത്. ജനുവരിയിലെ പ്രതിമാസ പരിപാടിയിൽ ഗാന്ധിസ്മാരക നിധി സെക്രട്ടറി പ്രൊഫ. വി. രാംദാസ് 'മഹാത്മാഗാന്ധിയുടെ ജീവിതവും ആദർശവും' എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തി. സഭാംഗങ്ങൾ അവതരിപ്പിച്ച ദേശഭക്തി ഗാനങ്ങളും ഉണ്ടായിരുന്നു. REACT ന്റെ



*തിരുവനന്തപുരം ക്ഷത്രിയസഭയുടെ തിരുവാതിരയാഘോഷം – എട്ടങ്ങാടി നിവേദിക്കുന്നു.*

ഉദ്ഘാടനം ഫെബ്രുവരി 21ന് കോട്ടയ്ക്കകം കൃഷ്ണവിലാസം കൊട്ടാരത്തിലെ ലെവിഹാളിൽ ശ്രീ. പത്മനാഭദാസ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് ഭദ്രദീപം കൊളുത്തി നിർവ്വഹിച്ചു. തിരുവനന്തപുരം സഭ ഈ ചടങ്ങിൽ സജീവമായി പങ്കെടുത്തു. കേരള സന്ദർശനത്തിനെത്തിയ അഖില ഭാരതീയ ക്ഷത്രിയ മഹാസഭയുടെ ജനറൽ സെക്രട്ടറി ശ്രീ. ആർ.എൻ. സിംഗിനും സഹധർമ്മിണിക്കും തിരു. സഭ ഊഷ്മളമായ വരവേല്പ് നൽകി. ഹിന്ദു ഐക്യവേദിയുടെയും ഹിന്ദു പാർലമെന്റിന്റെയും തിരുവനന്തപുരത്തു നടന്ന യോഗങ്ങളിൽ യൂണിറ്റിന്റെ പ്രതിനിധികൾ പങ്കെടുത്തു.

### മറുപടി

യൂണിറ്റുകളുടെ റിപ്പോർട്ടിംഗിൽ അഭിപ്രായപ്പെട്ട കാര്യങ്ങൾ ക്രോഡീകരിച്ചുകൊണ്ട് സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.പി.ജി. ശശികുമാർ വർമ്മ മറുപടി പ്രസംഗം നടത്തുകയും സഭാ പ്രവർത്തനങ്ങളെ പൊതുവിൽ വിലയിരുത്തുകയും ചെയ്തു. റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെട്ട അംഗീകാരം നേടിയ വ്യക്തികളെയും കുട്ടികളേയും അഭിനന്ദിക്കുന്നു. തൃശ്ശൂർ യൂണിറ്റ് നടത്തുന്നതുപോലെ ക്ലസ്റ്റർ മീറ്റിംഗുകൾ നടത്തുന്നതു നല്ലതാണ്. സഭാപ്രവർത്തനം സജീവമാക്കുന്നതിനും വ്യാപിക്കുന്നതിനും ഇത് ആവശ്യമാണ്. കോഴിക്കോട് യൂണിറ്റിലെ ഭാരവാഹികൾക്ക് എല്ലാവിധ പിന്തുണയും നൽകും. കോഴിക്കോട് കേന്ദ്രമാക്കി മലബാറിൽ പ്രവർത്തനം സജീവമാക്കാൻ ശ്രമിക്കേണ്ടതാണ്. കൂടുതൽ യൂണിറ്റുകൾ രൂപീകരിക്കാൻ ശ്രമം തുടങ്ങിയിട്ടുണ്ട്. പുതുതായി അഞ്ചു യൂണിറ്റുകളെങ്കിലും രൂപീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

REACTന്റെ ഉദ്ഘാടന സമ്മേളനത്തെക്കുറിച്ചും അതുവരെയുള്ള പ്രവർത്തനത്തെക്കുറിച്ചും ശശികുമാർ വർമ്മ വിശദീകരിച്ചു. ട്രസ്റ്റ് സംബന്ധമായ ലഘുലേഖയും ഭാവി പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കാൻ ട്രസ്റ്റ് സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുമുണ്ട്.

### പുതിയ യൂണിറ്റ് രൂപീകരണ പ്രവർത്തനങ്ങൾ

പുറമേരിയിൽ യൂണിറ്റു രൂപീകരണത്തിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. കരിവെള്ളൂരിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള വാർഷിക സമ്മേളനത്തോടനുബന്ധിച്ച് തെക്കൻ മലബാർ മേഖലയിൽ വ്യാപകമായ പ്രചാരണം നടത്താൻ കഴിഞ്ഞാൽ കോട്ടക്കൽ നിന്നും തുടങ്ങി നിലമ്പൂർ വരെയുള്ള കിഴക്കൻ പ്രദേശങ്ങളിൽ സഭാ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ കഴിയും. നിലമ്പൂരിൽ ഏപ്രിലിൽ നടക്കുന്ന കുടുംബയോഗത്തിൽ സഭാപ്രതിനിധികൾ പങ്കെടുക്കാൻ ശ്രമം നടത്തും. തൃശ്ശൂർ യൂണിറ്റിന്റെ സഹകരണത്തോടെ പാലക്കാട് യൂണിറ്റിന്റെ പുനരുജ്ജീവനം സാദ്ധ്യമാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കൊടുങ്ങല്ലൂർ യൂണിറ്റിനായുള്ള ശ്രമവും നടന്നുവരുന്നു. പൂർണ്ണമായ യൂണിറ്റിന് സാദ്ധ്യതയില്ലാത്ത സ്ഥലങ്ങളിൽ ഒരു കൺവീനറെ ചുമതലപ്പെടുത്താവുന്നതാണ്.

### തിരുവല്ല സഭ

തിരുവല്ലസഭയുടെ സെക്രട്ടറി ശ്രീ. അരവിന്ദവർമ്മയെ തിരുവല്ലാ സഭയുടെ നിലപാടുകൾ വിശദീകരിക്കുന്നതിന് പ്രസിഡന്റ് ക്ഷണിച്ചു. അദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെട്ടു "ഈ യോഗത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്." തിരുവല്ലാ സഭ നിർദ്ദേശിച്ചിട്ടുള്ള നിയമാവലി ഭേദഗതികളെക്കുറിച്ച് ചർച്ച ചെയ്തു വേണ്ടതു ചെയ്യണം. നിയമാവലി ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾക്ക് സമയമെടുക്കുമെന്ന് അറിയാം. ക്ഷത്രിയക്ഷേമ സഭയുമായി അഫിലിയേറ്റു ചെയ്യേണ്ടത് സമുദായ ഐക്യത്തിന് ആവശ്യമാണ്. ഈ ലക്ഷ്യത്തിനു വേണ്ടി ആവശ്യമായതു ചെയ്യാൻ തയ്യാറാണ്. സഹകരണം പ്രതീക്ഷിക്കുന്നു. ക്ഷാത്രധ്വനിയിൽ വന്ന മുഖപ്രസംഗം ഗൗരവമായി കാണേണ്ടതില്ല. സമുദായ താല്പര്യമാണ് പ്രധാനം. ഏപ്രിലിൽ നടക്കുന്ന വാർഷിക സമ്മേളനത്തിൽ ഇക്കാര്യത്തിലൊരു തീരുമാനമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്."

തിരുവല്ലയിൽ നിന്നും ജോയിന്റ് സെക്രട്ടറി അജിത് വർമ്മയും യോഗത്തിൽ പങ്കെടുത്തു.

**വല്ലഭസഭ**

വള്ളുവനാട്ടിൽ നിന്നും എത്തിയ വല്ലഭസഭയുടെ സെക്രട്ടറി ശ്രീ.സി.കെ. രവീന്ദ്രൻ വല്ലഭസഭയ്ക്ക് ക്ഷത്രിയക്ഷേമസഭയുമായി സഹകരിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകേണ്ടതില്ല എന്ന് അഭിപ്രായപ്പെട്ടു. ക്ഷത്രിയ ക്ഷേമസഭയുമായി ഔദ്യോഗികമായി സഹകരിക്കുന്നതിനെക്കുറിച്ച് ഔപചാരിക തീരുമാനത്തിന്റെ ആവശ്യമുണ്ട്.

**ക്ഷാത്രജാലകം**

കഴിഞ്ഞ യോഗത്തിലെ തീരുമാനപ്രകാരം ക്ഷാത്രജാലകത്തിന്റെ എഡിറ്റോറിയൽ ബോർഡ് പുനഃസംഘടിപ്പിച്ചതായി സെക്രട്ടറി യോഗത്തെ അറിയിച്ചു. മുരാരി, ടി.എൻ. രമേശ്വർമ്മ, മനോജ് വർമ്മ എന്നിവരാണ് എഡിറ്റോറിയൽ ബോർഡംഗങ്ങൾ. രവിവർമ്മ തിരുമുല്പാട് കോ–ഓർഡിനേറ്ററായി തുടരും.

ക്ഷാത്രജാലകം നവീകരണം സംബന്ധിച്ച റിപ്പോർട്ടുകൾ മുരാരി, ടി.എൻ. രമേശ് വർമ്മ എന്നിവർ അവതരിപ്പിച്ചു.

പ്രസ്തുത റിപ്പോർട്ടുകൾ വിവര സാങ്കേതിക മേഖലയിൽ പ്രവർത്തിക്കുന്നവർ ഉൾപ്പെട്ട ഒരു ഉപസമിതി പരിശോധിച്ച് അടുത്ത പ്രവർത്തക സമിതിയോഗത്തിൽ അന്തിമ നിർദ്ദേശം സമർപ്പിക്കും.

**ക്ഷാത്രസന്ദേശം**

ക്ഷാത്രസന്ദേശം പത്രാധിപസമിതി പുനഃസംഘടനാ നിർദ്ദേശം മുഖ്യപത്രാധിപർ ശ്രീ. രവിവർമ്മരാജ യോഗത്തിൽ അവതരിപ്പിച്ചു. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് കെ.എൽ. ശ്രീകൃഷ്ണദാസ് (തിരുവനന്തപുരം) ശ്രീ. സുരേന്ദ്രവർമ്മ (ചേർത്തല) അഡ്വ. കൃഷ്ണവർമ്മ (കോഴിക്കോട്) തുടങ്ങിയവർ സംസാരിച്ചു. ക്ഷാത്രസന്ദേശം രജിസ്റ്റർ ചെയ്യാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തത് ഖേദകരമാണെന്ന് കെ.എൽ. ശ്രീകൃഷ്ണദാസ് പറഞ്ഞു. ഇക്കാര്യത്തിൽ സെക്രട്ടറി കൂടി താല്പര്യമെടുക്കണം. രജിസ്ട്രേഷൻ കഴിയുന്നതുവരെ ഇക്കാര്യത്തിൽ വേണ്ട മാർഗ്ഗനിർദ്ദേശം നൽകാൻ തയ്യാറാകണമെന്ന് ചേർത്തല സെക്രട്ടറി ഉദയവർമ്മയുടെ നിർദ്ദേശം യോഗം അംഗീകരിച്ചു.

**പുതുക്കിയ പരസ്യനിരക്കുകൾ**

വിവിധ പരസ്യങ്ങൾക്കുള്ള താരിഫ് നിർദ്ദേശം മുഖ്യപത്രാധിപർ അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. ഇതനുസരിച്ച് Back Page Colour Rs. 2000/-, Back Inner Rs. 1500/-, Front Inner Rs. 1500/- , Full Page Rs.- 1000/, Half Page Rs. 500/- എന്നിങ്ങനെയായിരിക്കും പരസ്യ നിരക്കുകൾ.

**തീരുമാനം**

ക്ഷാത്രസന്ദേശം പത്രാധിപസമിതിയുടെ പുനഃസംഘടനാ നിർദ്ദേശം കൂടുതൽ ചർച്ചക്കായി മാറ്റിവെച്ചു. യോഗത്തിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടുള്ള നിർദ്ദേശം അടുത്ത പ്രവർത്തക സമിതിയിൽ വെയ്ക്കേണ്ടതാണ്.

ക്ഷാത്രസന്ദേശം രജിസ്റ്റർ ചെയ്യാനുള്ള നടപടിക്രമങ്ങൾ ഉടൻ പൂർത്തിയാക്കാൻ യോഗം മുഖ്യപത്രാധിപരോട് നിർദ്ദേശിച്ചു. ഈ കാര്യത്തിൽ സെക്രട്ടറി അദ്ദേഹത്തെ സഹായിക്കും. ശ്രീ. കെ.എൽ. ശ്രീകൃഷ്ണദാസിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതാണ്.

**സ്കോളർഷിപ്പുകൾ**

മഹാറാണി സേതു പാർവ്വതിബായി സ്മാരക സ്കോളർഷിപ്പിനുള്ള വിജ്ഞാപനം മനോരമ, മാതൃഭൂമി പത്രങ്ങളിൽ നൽകിയിട്ടുണ്ട്. ഏപ്രിൽ 30നകം അപേക്ഷകൾ ശേഖരിച്ചയക്കേണ്ടതാണ്. വിജ്ഞാപനത്തിന്റെ പ്രതികൾ യോഗത്തിൽ വിതരണം ചെയ്തു.

മറ്റു പ്രധാന തീരുമാനങ്ങൾ: സഭയുടെ അടുത്ത വാർഷിക സമ്മേളനം ജൂൺ മാസത്തിൽ നടത്തുന്നതാണ്.

കരിവെള്ളൂരിലെ വാർഷിക സമ്മേളനം ഉത്തരമേഖലാ സമ്മേളനം കൂടിയായി നടത്തും. ഇനി മുതൽ ഓരോ വാർഷിക സമ്മേളനവും ഓരോ മേഖലാ സമ്മേളനം കൂടിയായി നടത്തുന്നതാണ്.

ഓരോ മേഖലയിലും ഈ രണ്ടു വർഷത്തേക്ക് ഒരു Lead Unit നിശ്ചയിക്കും. ഈ ലീഡ് യൂണിറ്റുകൾ അതാതു മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. ഇതനുസരിച്ച് വരുന്ന ഏപ്രിൽ 1 മുതൽ രണ്ടു വർഷത്തേക്ക് ഉത്തരമേഖലയിൽ കോഴിക്കോടിനെയും, മദ്ധ്യമേഖലയിൽ തൃശ്ശൂരിനെയും ദക്ഷിണമേഖലയിൽ പന്തളത്തെയും ലീഡ് യൂണിറ്റുകളായി നിശ്ചയിച്ചു.

**എം.സി. കേരളവർമ്മയുടെ ജന്മശതാബ്ദി**

ക്ഷത്രിയക്ഷേമസഭയുടെ സ്ഥാപകനേതാവ് എം.സി. കേരളവർമ രാജയുടെ നൂറാം ജന്മവാർഷികം വരുന്ന കന്നിമാസത്തിലെ അവിട്ടം നക്ഷത്രത്തിലാണെന്നും പ്രസ്തുത അവസരത്തിൽ അദ്ദേഹത്തെ ഉചിതമായി അനുസ്മരിക്കണമെന്നുള്ള ശ്രീ. രവിവർമ്മരാജയുടെ നിർദ്ദേശം യോഗം അംഗീകരിച്ചു.

പ്രവർത്തകസമിതിയുടെ അടുത്ത യോഗം മേയ് ആദ്യവാരം തിരുവനന്തപുരത്തു വെച്ചു നടത്താൻ നിശ്ചയിച്ചു.

തിരുവാതിര, സഭയുടെ ഔദ്യോഗിക പാരമ്പര്യാഘോഷമായി പ്രഖ്യാപിച്ചു.

## സാംസ്കാരികം

### കെ.എൽ.ശ്രീകൃഷ്ണദാസ് 'കോൺടാക്റ്റ്' വൈസ് പ്രസിഡന്റ്

കേരളത്തിലെ ടെലിവിഷൻ കലാകാരന്മാരുടെയും സാങ്കേതിക വിദഗ്ദ്ധരുടെയും സംഘടനയായ Contact (Confederation of Television Artistes, Commercial Operators and Technicians) ന്റെ വൈസ് പ്രസിഡന്റായി കെ.എൽ. ശ്രീകൃഷ്ണദാസിനെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തു.

### ആദരാർപ്പണം

തിരുവനന്തപുരത്തെ പ്രമുഖ സാംസ്കാരിക സംഘടനയായ 'ചർച്ചാവേദി'യുടെ 39-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് കെ.എൽ. ശ്രീകൃഷ്ണദാസിനെ ആദരിച്ചു. ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച തെരഞ്ഞെടുത്ത ഏതാനും പ്രമുഖ വ്യക്തികളെയാണ് തിരുവനന്തപുരത്ത് Y.M.C.A. ഹാളിൽ 2009 ഡിസംബർ 30ന് നടന്ന ചടങ്ങിൽ ആദരിച്ചത്. ആദരിക്കപ്പെട്ടവരിൽ ചലച്ചിത്ര നടൻ മധു, സൂര്യാകൃഷ്ണമൂർത്തി, പ്രശസ്ത സാഹിത്യനിരൂപകൻ കെ.പി. ശങ്കരൻ എന്നിവരുൾപ്പെടുന്നു. ആദരിക്കപ്പെട്ടവരെ ശ്രീമതി സുഗതകുമാരിയും മന്ത്രി ശ്രീ. പാലൊളി മുഹമ്മദ്കുട്ടിയും പൊന്നാട അണിയിച്ചു. മന്ത്രി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ സന്നിഹിതനായിരുന്നു.

### ചലച്ചിത്ര നിർമ്മാണ രംഗത്ത് ശശീന്ദ്രവർമ്മ ശ്രദ്ധേയനാകുന്നു.

'ഒരുവൻ', 'ഷേക്സ്പിയർ എം.എ. മലയാളം, 'എയ്ഞ്ചൽ ജോൺ' എന്നീ ചിത്രങ്ങൾ നിർമ്മിച്ച ശശീന്ദ്രവർമ്മ പുതുമയുള്ള ഒരു പ്രമേയവുമായി നിർമ്മാണരംഗത്തേക്ക് വീണ്ടുമെത്തുന്നു. കോഴിക്കോട്ടെ പുകയില-മദ്യവിമുക്ത ഗ്രാമങ്ങളെ പ്രമേയമാക്കി നിർമ്മിക്കുന്ന നർമ്മരസപ്രധാനമായ ചിത്രത്തിൽ ജയസൂര്യ, ജഗതിശ്രീകുമാർ, സലിംകുമാർ, ബിജുക്കുട്ടൻ തുടങ്ങിയവർ അഭിനയിക്കുന്നു. ഷാൻ കീച്ചേരിയാണ് സംവിധാനം നിർവഹിക്കുന്നത്. കഥ, തിരക്കഥ, സംഭാഷണം എന്നിവ ശശീന്ദ്രവർമ്മയും ഷാനും ചേർന്നു നിർവ്വഹിക്കുന്നു. ഒറ്റപ്പാലത്ത് ചിത്രീകരണം നടക്കും. സന്തോഷ് വർമ്മയാണ് സംഗീതമൊരുക്കുന്നത്.

### റിയാക്ട് ഉദ്ഘാടനം ചെയ്യപ്പെട്ടു



ക്ഷത്രിയക്ഷേമസഭയുടെ ചാരിറ്റബിൾ ട്രസ്റ്റ് 'റിയാക്ട്' (റോയൽ എഡ്യൂക്കേഷനൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ്) ഫെബ്രുവരി 21ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. കോട്ടയ്ക്കകം കൃഷ്ണവിലാസം ലെവിഹാളിൽ നടന്ന ചടങ്ങിൽ ശ്രീപദ്മനാഭദാസ ഉത്രാടംതിരുനാൾ മാർത്താണ്ഡവർമ്മ ഭദ്രദീപം കൊളുത്തി ഉദ്ഘാടനകർമ്മം നിർവഹിച്ചു. ട്രസ്റ്റ് ചെയർമാൻ പി. എ. ഗോദവർമ്മ രാജ ആദ്ധ്യക്ഷം വഹിച്ച യോഗത്തിൽ ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ സെന്ററിലെ അച്യുതമേനോൻ സെന്റർ പ്രൊഫസ്സർ ഡോ.വി. രാമൻകുട്ടി ആശംസകൾ അർപ്പിച്ചു. സെക്രട്ടറി അനിൽകുമാർ പണ്ടാല സ്വാഗതവും പി.ജി. ശശികുമാർ വർമ്മ നന്ദിയും പറഞ്ഞു. ആദ്യത്തെ വൈദ്യസഹായമായി പതിനായിരം രൂപ വീതം രണ്ടുപേർക്ക് നൽകി.

### പത്മനാഭസ്വാമിക്ഷേത്രം മഹാരാജാവിന്റേതെന്ന് സർക്കാർ

തിരു: പത്മനാഭസ്വാമിക്ഷേത്രവും പണ്ടാരവക വസ്തുക്കൾ ഉൾപ്പെടെയുള്ള സ്ഥാവര ജംഗമങ്ങളും തിരുവിതാംകൂർ മഹാരാജാവിന്റേതാണെന്നു സർക്കാർ. ഇതു സംബന്ധിച്ച് പ്രിൻസിപ്പൽ സബ് കോടതിയിൽ സർക്കാർ ഫയൽ ചെയ്ത പത്രികയിൽ പത്മനാഭസ്വാമിക്ഷേത്രം ശ്രീ പത്മനാഭദാസനും തിരുവിതാംകൂർ കൊട്ടാരത്തിലെ തലവനുമായ തിരുവിതാംകൂർ മഹാരാജാവിന്റേതാണെന്നു പൊതുജനങ്ങൾ അംഗീകരിച്ച വസ്തുതയാണെന്ന് പറയുന്നു.

സംസ്ഥാന ഏകീകരണത്തിന്റെ ഭാഗമായി 1949ൽ തിരുവിതാംകൂർ കൊച്ചി മഹാരാജാക്കന്മാർ തമ്മിൽ ഒപ്പിട്ട കവനന്റിലും ഇതിനെക്കുറിച്ചു സൂചനയുണ്ട്. തിരുവിതാംകൂർ കൊച്ചി ഹിന്ദു റിലീജിയസ് ആക്ടിലെ 18 മുതൽ 23 വരെയുള്ള വകുപ്പുകൾ ക്ഷേത്രത്തിന്റെ അവകാശ വും ഭരണവും തിരുവിതാംകൂർ മഹാരാജാവാണു നിർവഹിക്കേണ്ടതെന്നു പറയുന്നുവെന്നും സർക്കാർ പത്രികയിൽ പറഞ്ഞു.

രാജാക്കന്മാർ തമ്മിൽ ഒപ്പിട്ട കവനന്റിനു ഭരണഘടനയുടെ 363-ാം അനുച്ഛേദം അംഗീകാരം നൽകുന്നതായും അതിനാൽ ക്ഷേത്രം ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ലെന്നും പത്രികയിൽ

വ്യക്തമാക്കി. സംസ്ഥാനത്തെ പല പ്രമുഖ ക്ഷേത്രങ്ങളും ഇന്നു കുടുംബ ട്രസ്റ്റുകളാണു ഭരിക്കുന്നതെന്നും പത്രികയിൽ പറഞ്ഞു.

### പുസ്തകപ്രകാശനം

### "Glimpses of Kerala Culture'.

പ്രിൻസസ് അശ്വതി തിരുനാൾ ഗൗരി ലക്ഷ്മീബായി എഴുതിയ "Glimpses of Kerala Culture' എന്ന പുസ്തകം മാർച്ച് 22ന് പ്രകാശനം ചെയ്തു. തിരുവനന്തപുരത്ത് കോട്ടയ്ക്കകം കൃഷ്ണവിലാസം കൊട്ടാരത്തിലെ ലെവി ഹാളിൽ ശ്രീപദ്മനാഭദാസ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ 'മാതൃഭൂമി' മാനേജിംഗ് ഡയറക്ടർ എം.പി. വീരേന്ദ്രകുമാർ ഡോ. സിറിയക് തോമസിന് ആദ്യപ്രതി കൈമാറിക്കൊണ്ട് പ്രകാശനം നിർവഹിച്ചു. പ്രൊഫ. ഹൃദയകുമാരി പുസ്തക പരിചയം നടത്തി. ടി.പി. ശ്രീനിവാസൻ സ്വാഗത വും അശ്വതിതിരുനാൾ തമ്പുരാട്ടി നന്ദിയും പറഞ്ഞു.

### 'എന്റെ ഗ്രാമങ്ങൾ'



ഡോ. എഴുമറ്റൂർ രാജരാജവർമ്മയുടെ നാൽപ്പതാമതു പുസ്തകം 'എന്റെ ഗ്രാമങ്ങൾ' മാർച്ച് 14ന് പ്രകാശനം ചെയ്തു. എഴുമറ്റൂർ സെൻട്രൽ ആർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്ന ചടങ്ങിൽ ഭദ്രൻ എസ്. ഞാറയ്ക്കാട് ആണ് പ്രകാശനകർമ്മം നിർവ്വഹിച്ചത്. ശ്രീമതി സോമ തോമസ് ആദ്യപ്രതി ഏറ്റുവാങ്ങി. അഡ്വ. കെ. ജയവർമ്മ സമ്മേളനം ഉദ്ഘാടനം ചെയ്തു. കെ. സുകുമാരൻ നായർ, എം.സി. കുഞ്ഞുകുഞ്ഞ്, എൽ. സുഭദ്രാമ്മ തുടങ്ങിയവർ സംസാരിച്ചു. റ്റി.കെ. രവിവർമ്മ തമ്പുരാൻ സ്വാഗതവും ഡോ. എഴുമറ്റൂർ രാജരാജവർമ്മ നന്ദിയും പറഞ്ഞു.

### 'Tomorrow Never Comes'

പ്രമുഖ മലയാളം നോവലിസ്റ്റും 'വീക്ഷണം' ചീഫ് എഡിറ്ററുമായ കെ.എൽ. മോഹനവർമ്മയുടെ ഇംഗ്ലീഷ് നോവൽ 'Tomorrow Never Comes' മാർച്ച് 20ന് പ്രകാശനം ചെയ്തു. കളമശ്ശേരി SCMS ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ചടങ്ങിൽ ബഹു. കേന്ദ്രമന്ത്രി കെ.വി. തോമസ്സാണ് പുസ്തകം പ്രകാശനം ചെയ്തത്. പ്രൊഫ. എം.കെ. സാനു ആദ്യപ്രതി ഏറ്റുവാങ്ങി. ശ്രീ. വേണുഗോപാൽ സി. ഗോവിന്ദ് ആശംസ നേർന്നു. ന്യൂഡൽഹിയിലെ കൊണാർക് പബ്ലിഷേഴ്സാണ് പ്രസാധകർ. ഒരു മലയാളി നോവലിസ്റ്റ് ആദ്യമായി നേരിട്ടെഴുതുന്ന ഇംഗ്ലീഷ് നോവലാണ് "Tomorrow Never Comes' മോഹനവർമ്മയുടെ 'ക്രിക്കറ്റ്' എന്ന പ്രശസ്ത നോവൽ പ്രൊഫ. ടി.കെ. ഭാസ്കരവർമ്മ ഹിന്ദിയിൽ പരിഭാഷപ്പെടുത്തിയത് 'ഖേൽഖേൽമെം' ന്യൂഡൽഹിയിലെ ജ്ഞാനപീഠ പ്രകാശൻ പുറത്തിറക്കിയിട്ടുണ്ട്. 'ഓഹരി' എന്ന നോവൽ 'മൃഗതൃഷ്ണ' എന്ന പേരിലും ഇതേ പ്രസാധകർ പുറത്തിറക്കിയിട്ടുണ്ട്.

## കുടുംബവിശേഷങ്ങൾ

കോഴിക്കോട് തിരുവണ്ണൂർ പുതിയ കോവിലകം വെൽഫെയർ സൊസൈറ്റിയുടെ പുതിയതായി നിർമ്മിച്ച കെട്ടിടത്തിൽ ശ്രീമതി എൻ.കെ. പത്മിനി തമ്പുരാട്ടിയുടെ ഫോട്ടോ ശ്രീ. പി.കെ. എം. രാജ (പത്മാലയം, തിരുവണ്ണൂർ) 28.2.2010 ന് അനാച്ഛാദനം ചെയ്തു.

### ഷഷ്ടിപൂർത്തി

ക്ഷത്രിയക്ഷേമസഭ കോഴിക്കോട് യൂണിറ്റ് മുൻ സെക്രട്ടറി പി.കെ. രാജേന്ദ്രവർമ്മയുടെ സഹധർമ്മിണിയും തിരുവണ്ണൂർ പുതിയ കോവിലാകാംഗവുമായ പി.കെ. ജയശ്രീവർമ്മയുടെ ഷഷ്ടിപൂർത്തി 28.2.2010 ന് തിരുവണ്ണൂർ വെൽഫെയർ സൊസൈറ്റി ഹാളിൽ വച്ച് സമുചിതമായി ആഘോഷിച്ചു. കുടുംബാംഗങ്ങൾക്കും ബന്ധുജനങ്ങൾക്കുമൊപ്പം ഒട്ടേറെ സുഹൃത്തുക്കളും ആഘോഷത്തിൽ പങ്കുചേരുകയും ജയശ്രീവർമ്മയ്ക്ക് ആയുരോഗ്യസൗഖ്യം നേരുകയും ചെയ്തു.

### വിവാഹം

#### സന്ധ്യാവർമ്മ–അശോകൻ

ചിറക്കൽ പടിഞ്ഞാറേ കോവിലകത്ത് മനോഹരവർമ്മയുടെയും, മുള്ളരിങ്ങാട് കോവിലകത്ത് (സൗപർണിക) രാധാമണിവർമ്മയുടെയും മകൾ സന്ധ്യാവർമ്മയും ഡി. ദാമോദരൻ നായഡുവിന്റെയും, ഭാനുമതി നായഡുവിന്റെയും (ഗുഡിയാട്ടം, വെല്ലൂർ) മകൻ അശോകനും തമ്മിലുള്ള വിവാഹം ഫെബ്രുവരി 18ന് ചെങ്ങന്നൂർ മാരുതി ഓഡിറ്റോറിയത്തിൽ വെച്ച് സമംഗളം നടന്നു.

**ശ്രീകല–പ്രദീപൻ**

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് പടയമ്പത്ത് മഠത്തിൽ ഉദയവർമ്മയുടെയും ശ്രീമതി കനകത്തടത്തിൽ ജയശ്രീയുടെയും മകൾ കുമാരി ശ്രീകലയും, പട്ടാന്നൂർ കോവൂർ മഠത്തിൽ ഗോവിന്ദൻകുട്ടിയുടെയും, നളിനിയുടെയും മകൻ പ്രദീപനും തമ്മിലുള്ള വിവാഹം 21.12.2009ന് ചാലോട് അനുഗ്രഹ ഓഡിറ്റോറിയത്തിൽവെച്ച് സമംഗളം നടന്നു.

**ജേഷ്മ–സജിത്ത്**

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് മുൻപ്രസിഡന്റ് ശ്രീ. എൻ.കെ. നാരായണൻ ഉണിത്തിരിയുടെ ചെറുമകളും കരിവെള്ളൂർ കട്ടച്ചേരി ആർ. കരുണാകരൻ, കെ.ടി.എൻ. ജയലക്ഷ്മി ദമ്പതികളുടെ മകളുമായ കുമാരി ജേഷ്മ യും എരമം നോർത്തിൽ എം.ഇ. ചന്തുക്കുട്ടി നമ്പ്യാരുടെയും എം. ഇന്ദിരയുടെയും മകൻ സജിത്തും തമ്മിലുള്ള വിവാഹം 2009 ഡിസംബർ 13ന് പയ്യന്നൂർ ലക്ഷ്മി സുന്ദർ കല്യാണമണ്ഡപത്തിൽവെച്ച് സമംഗളം നടന്നു.

**പ്രവീൺ–വിദ്യ**

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് മുൻസെക്രട്ടറി കെ. ചന്ദ്രകാന്തന്റെയും തെക്കേമഠത്തിൽ തങ്കമണിയുടെയും മകൻ പ്രവീണും, കാങ്കോൽ ആലക്കാട്ട് കെ.വി. ഭാസ്കരന്റെയും കെ.പി. പുഷ്പവല്ലിയുടെയും മകൾ കുമാരി വിദ്യയും തമ്മിലുള്ള വിവാഹം 13.12.2009ന് കരിവെള്ളൂർ ഓണക്കുന്ന് ധന്യ ഓഡിറ്റോറിയത്തിൽവെച്ച് സമംഗളം നടന്നു.

## ഉദ്യോഗകയറ്റം

**ശ്രീനാഥ്**

ചിറക്കൽ കോവിലകത്ത് (സീതാസദനം) പരേതനായ ശരശ്ചന്ദ്രവർമ്മയുടെയും കോഴിക്കോട് തിരുവണ്ണൂർ കോവിലകത്ത് ശ്രീദേവിവർമ്മയുടെയും (ബേബി) മകൻ ശ്രീനാഥ് വർമ്മയ്ക്ക് കണ്ണൂർ HDFC ബാങ്കിൽ ഡെപ്യൂട്ടി മാനേജരായി ഉദ്യോഗകയറ്റം ലഭിച്ചു.

**സുരേഷ്**

ചിറയ്ക്കൽ പുതിയ കൊട്ടാരത്തിൽ സി.കെ. സുരേഷ് വർമ്മയ്ക്ക് ചിറക്കൽകോവിലകം ദേവസ്വം സെൻട്രൽ ഓഫീസിൽ യു.ഡി.സി. തസ്തികയിൽ ഉദ്യോഗകയറ്റം ലഭിച്ചു.

## ഗൃഹപ്രവേശം

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് വൈസ് പ്രസിഡന്റ് ശ്രീ.സി. മാധവൻ (Retd. AGM, BSNL) അടുത്തിലയിൽ പുതുതായി നിർമ്മിച്ച ഭവനത്തിന്റെ ഗൃഹപ്രവേശനകർമ്മം 7.2.2010ന് സമംഗളം നടന്നു.

## ശതാഭിഷേകം

കരിവെള്ളൂർ യൂണിറ്റ് രക്ഷാധികാരിയും റിട്ടയേർഡ് അദ്ധ്യാപകനുമായ എൻ. കുഞ്ഞോമൻ ഉണിത്തിരിയുടെ 'ശതാഭിഷേകം' 12.3.2010 വെള്ളിയാഴ്ച കുടുംബാംഗങ്ങളുടെയും ബന്ധുമിത്രാദികളുടെയും സുഹൃത്തുക്കളുടെയും സാന്നിദ്ധ്യത്തിൽ സമംഗളം നടന്നു. കരിവെള്ളൂർ യൂണിറ്റ് സംഘടിപ്പിച്ച അനുമോദനച്ചടങ്ങിൽ വി.എം. നാരായണൻ ഉണിത്തിരി അദ്ധ്യക്ഷത വഹിച്ചു. പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരി, എൻ.കെ. നാരു ഉണിത്തിരി എന്നിവർ കുഞ്ഞോമൻ ഉണിത്തിരിയെ പൊന്നാടയണിയിച്ച് ആദരിച്ചു. എൻ.എം. കൃഷ്ണൻ ഉണിത്തിരി, ടി.എം. ശ്രീകുമാർ, കെ. ചന്ദ്രകാന്തൻ, വി.ടി. മധുസൂദനൻ നായർ എന്നിവർ ഉപഹാരം നൽകി ആശംസകളർപ്പിച്ചു. എൻ.എം. കൃഷ്ണൻ ഉണിത്തിരി സ്വന്തമായി എഴുതിയ 'ശതാഭിഷേകസ്തോത്രം' ആലപിച്ചു. സെക്രട്ടറി ടി.എം. ശ്രീകുമാർ സ്വാഗതവും വി.എം. ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

**തിരുവാതിരക്കളി – കരിവെള്ളൂർ – കമ്മിറ്റി രൂപീകരണം**

അടുത്ത വർഷം മുതൽ തിരുവാതിര വിപുലമായി ആഘോഷിക്കുന്നതിനായി കരിവെള്ളൂർ യൂണിറ്റ് വനിതാവിഭാഗം കൺവീനർ ടി.എം. രാധാമണി ആർ വർമ്മ, സെക്രട്ടറി ഉഷാശ്രീധരവർമ്മ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കമ്മിറ്റിയിൽ വസന്തപുരുഷോത്തമൻ, പ്രസീത കൃഷ്ണകുമാർ എന്നിവർ തിരുവാതിരക്കളിയിൽ പരിശീലനം നൽകും. എൻ.കെ. ശ്രീലത, ആശ ഉണ്ണിക്കൃഷ്ണൻ, ദീപ ഉണ്ണി, അംബിക (മിനി) തമ്പുരാട്ടി, ദേവി പ്രഭാവർമ്മ, സി.കെ. വാസന്തി, എൻ. വി.എം. പുഷ്പവല്ലി, വത്സ സുബ്രഹ്മണ്യൻ, സി.ആർ. അംബിക, പ്രസന്ന രാഘവൻ, കീർത്തനവർമ്മ, സംഗീതവർമ്മ എന്നിവർ ടീമിൽ അംഗങ്ങളും എൻ.എം. സരള ടീച്ചർ മോഡറേറ്ററുമായിരിക്കും.

## ചരമം

**എൻ.കെ. കുഞ്ഞോമൻ ഉണിത്തിരി**

ക്ഷത്രിയ കുടുംബാംഗവും റിട്ട. അധ്യാപകനുമായ എൻ.കെ. കുഞ്ഞോമൻ ഉണിത്തിരി നിര്യാതനായി. ഭാര്യ: അംബാലികഅമ്മ. മക്കൾ: പ്രദീപ്കുമാർ (റെയിൽവേ, ചെന്നൈ),ഗണേഷ്ബാബു(എഞ്ചിനീയർ, ചെന്നൈ), ഗോകുൽ ദാസ് (എഞ്ചിനീയർ, അമേരിക്ക), ദേവരാജ് (KSEB) മരുമക്കൾ: വത്സല (കാവുമ്പായി), അനിത (നന്ദാവനം), ധന്യ (അമേരിക്ക), സീമ (എള്ളരിഞ്ഞി) സഹോദരി പങ്കജാക്ഷിയമ്മ (ചെന്നൈ).

**എം.സി. കൃഷ്ണവർമ്മ രാജ**



മടിക്കൈ: സാമൂഹ്യ–സാംസ്കാരിക രംഗത്തെ പ്രമുഖനും നീലേശ്വരം ക്ഷത്രിയക്ഷേമസഭാ പ്രസിഡന്റും രാജാസ് ഹൈ സ്കൂൾ റിട്ട. പ്രധാനാധ്യാപകനുമായിരുന്ന മടിക്കൈ കക്കാട്ട് മഠത്തിൽ കോവിലകത്തെ എം.സി. കൃഷ്ണവർമ്മ രാജ (76) അന്തരിച്ചു.

1956ൽ വടകര കടത്തനാട്ട് പുറമേരിയിൽ അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1957 മുതൽ നീലേശ്വരം രാജാസ് ഹൈസ്കൂൾ അധ്യാപകനായി. പിന്നീട് പ്രധാനാധ്യാപകനും.

മടിക്കൈ ഉദയംമാടം കോട്ടം ക്ഷേത്രം രക്ഷാധികാരി, മടിക്കൈ കാനത്തുംമൂല വനശാസ്താംകാവ് രക്ഷാധികാരി, കള്ളാർ മഹാവിഷ്ണുക്ഷേത്രം രക്ഷാധികാരി, പരപ്പ തളിയിൽ ക്ഷേത്രം രക്ഷാധികാരി എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു.

നീലേശ്വരം റോട്ടറി ക്ലബ്ബിന്റെ മുൻ പ്രസിഡന്റും നീലേശ്വരം ക്ലബ്ബിന്റെ സ്ഥാപകാംഗവുമാണ്. നീലേശ്വരം രാജവംശത്തിലെ അംഗമാണ്. മടിക്കൈ കക്കാട്ട് പടിഞ്ഞാറില്ലത്ത് പരേതരായ കേശവ പട്ടേരിയുടെയും എം.സി. ഉല്പലാക്ഷി തമ്പുരാട്ടിയുടെയും ഏക മകനാണ്.

തിരുവല്ല നെടുമ്പ്രം കൊട്ടാരത്തിലെ പ്രേമസുഷമ തമ്പുരാട്ടിയാണ് ഭാര്യ. മക്കളില്ല.

**അമ്മിണി തമ്പുരാട്ടി**

കൊടുങ്ങല്ലൂർ കോവിലകത്തെ അമ്മ തമ്പുരാനായ അമ്മിണി തമ്പുരാട്ടി (91 വയസ്സ്) 25.7.2009ൽ അന്തരിച്ചു. കൊടുങ്ങല്ലൂർ ചിറക്കൽ കോവിലകത്തെ കുഞ്ഞി ലക്ഷ്മിതമ്പുരാട്ടിയുടേയും പടിഞ്ഞാറേടത്ത് (ഊരകം) ഗുപ്തൻ ഭട്ടതിരിയുടേയും മകളും, പരേതനായ മംഗലം വാസുദേവൻ നമ്പൂതിരിയുടെ ഭാര്യയുമാണിവർ.

**അമ്മുക്കുട്ടിയമ്മ**

ചേർത്തല വട്ടയ്ക്കാട്ടുകോവിലകത്ത് അമ്മുക്കുട്ടിയമ്മ 2010 ജനുവരി 3–ാം തീയതി ഞായറാഴ്ച രാത്രി 8.45ന് വാർദ്ധക്യ സഹജമായ അസുഖം മൂലം നിര്യാതയായി. മക്കൾ: തുളസി, മധു, കമല, സതീശൻ, മരുമക്കൾ: മുകുന്ദൻ, ഉഷ.

**രമണി നമ്പിഷ്ടാതിരി**



ഗുരുവായൂർ (പേരകം) വടക്കേ കോവിലകത്ത് രമണി നമ്പിഷ്ടാതിരി (56 വയസ്സ്) 18–11–2009ൽ അന്തരിച്ചു. ഭർത്താവ് നല്ലെങ്കര വടക്കൂട്ട് മഠത്തിൽ ഉണ്ണികൃഷ്ണവർമ്മ. മക്കൾ: സുധീഷ് വർമ്മ, സുമേഷ് വർമ്മ, മരുമക്കൾ: അനു, പ്രിയ

**ഡോ. രവിവർമ്മ**

ചങ്ങനാശ്ശേരി ലക്ഷ്മിപുരം കൊട്ടാരത്തിൽ ഡോ. രവിവർമ്മ (78) നിര്യാതനായി. ഭാര്യ ജയശ്രീ വർമ്മ. മക്കൾ: മനോജ് വർമ്മ, ബിയോജ് വർമ്മ, സഞ്ജയ് വർമ്മ

**ഇന്ദിര തമ്പുരാട്ടി**

മണക്കുളം പാലസിൽ ഇന്ദിരത്തമ്പുരാട്ടി (79) നിര്യാതയായി. ഭർത്താവ് തൃപ്പൂണിത്തുറ കോവിലകത്ത് കെ.ടി. കെ. വർമ്മ. മക്കൾ: താരാവർമ്മ, മീരാവർമ്മ.

**ഉമേഷ് വർമ്മ**

വൈക്കത്ത് ആറുകണ്ടത്തിൽ കോവിലകത്ത് സുദർശൻവർമ്മയുടെയും മാങ്കാവ് പടിഞ്ഞാറെ കോവിലകത്ത് ലളിതാംബിക തമ്പുരാട്ടിയുടെയും മകൻ പി.സി. ഉമേഷ്‌വർമ്മ (23) മാർച്ച് 12ന് കോഴിക്കോട് നിര്യാതനായി. പരേതൻ ഫെഡറൽ ബാങ്കിൽ ഉദ്യോഗസ്ഥനായിരുന്നു.

**യു.കെ. രാജവർമ്മ**



ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിററ് മുൻ ജോയിന്റ് സെക്രട്ടറിയും സജീവ പ്രവർത്തകനും, പ്രവർത്തകസമിതി അംഗവുമായ യു.കെ. രാജവർമ്മ (സുന്ദരേട്ടൻ, തെക്കേമണക്കാട്) 11.12.2009ന് നിര്യാതനായി. എൻ.കെ.യശോദയാണ് ഭാര്യ. എൻ.കെ. വിനോദ് കുമാർ (അദ്ധ്യാപകൻ), സ്മിത എന്നിവർ മക്കളും എം. ദീപ്തി (അദ്ധ്യാപിക), കെ.ഇ. മാധവൻ എന്നിവർ മരുമക്കളുമാണ്.

**പി.സി.സി.രാജ**



കോഴിക്കോട് സാമൂതിരി കോവിലകം മാങ്കാവ് പടിഞ്ഞാറെ കോവിലകത്ത് പി.സി.സി.രാജ (ചെറിയേട്ടൻ) മാർച്ച് 27ന് തീർത്ഥാടന യാത്രയ്ക്കിടയിൽ ഗയയിൽ അന്തരിച്ചു. 77 വയസ്സായിരുന്നു. സംസ്കാരം അവിടെ നടത്തി. മുക്കം പുളിശ്ശേരി ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെയും മാങ്കാവ് പടിഞ്ഞാറെ കോവിലകത്ത് അനുജത്തി തമ്പുരാട്ടിയുടെയും മകനാണ്. മുള്ളത്ത് ഗംഗാദേവി കോവിലമ്മയാണ് ഭാര്യ. മക്കൾ: ഉഷാവേണുഗോപാൽ (ഹൈദരാബാദ്), രവി(കോട്ടക്കൽ AVS) ഇന്ദു ബാലകൃഷ്ണൻ. സഹോദരങ്ങൾ: പി.കെ.സി. രാജ (മാങ്കാവ്) ശ്രീദേവി രാജ (തിരുവനന്തപുരം) ചെറിയ തമ്പാട്ടി (അങ്ങാടിപ്പുറം), പി.സി.എം.രാജ (മാങ്കാവ്)